സുറിയാനി സത്യവിശ്വാസ സഭയിലെ

# മതോപദേശസാരങ്ങൾ

(വേദസാക്ഷികളോടുകൂടി)

സുറിയാനി സത്യവിശ്വാസ സഭയിലെ

# മതോപദേശസാരങ്ങൾ

(വേദസാക്ഷികളോടുകൂടി)

പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ്
മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത

പ്രസാധനം

**സെന്റ് ഡയനീഷ്യസ് ഫൗണ്ടേഷൻ**

കാതോലിക്കേറ്റ് അരമന
ദേവലോകം, കോട്ടയം

*Malayalam*

**SURIYANI SATHYAVISWASA SABHAYILE MATHOPADESHASARANGAL**
Vattasseril Gheevarghese Mar Dionysius Metropolitan

Published by
Saint Dionysius Foundation, Kottayam

© Reserved

First Impression: 1900

Saint Dionysius Foundation editon: February 2010

Copies: 1000

Typesetting & Printing: Impressions, Kottayam.

Cover: Greeshma

Distribution:
Saint Dionysius Foundation
Catholicate Aramana
Devalokam, Kottayam

**Price Rs. 50/-**

### പുതിയ പതിപ്പിന്റെ

# അവതാരിക

### ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

ഔഷധഗുണമുള്ള ഒരരുവിക്ക് ശ്രോതസ്സായ ഒരു തീർത്ഥക്കുളം പോലെയാണ്, ഒരു നൂറ്റാണ്ടു മുമ്പ് തനതായ നന്മകളോടെ 'മലയാളത്ത്' രചിക്കപ്പെട്ട, 'സുറിയാനി സത്യവിശ്വാസ സഭയിലെ മതോപദേശസാരങ്ങൾ'. പിൽക്കാലത്ത് 'സഭാഭാസുരൻ' എന്ന് അത്ഭുതാദരങ്ങളോടെ സമസ്തകണ്ഠങ്ങളാലും വാഴ്ത്തപ്പെട്ട, 'മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ ഉണ്ടാക്കിയ'തായിരുന്നു അത്. അതിപുരാതനമായ മലങ്കര സഭയുടെ വേദശാസ്ത്രചരിത്രത്തിലെ ഉഴുതുമറിക്കാത്ത കന്നിമണ്ണിൽ ചൊടിയോടെ നട്ടുപിടിപ്പിച്ചതാണ്, സത്യവിശ്വാസത്തിന്റെ ഈ ആധാരക്കുരുന്നുകൾ. ബാഹ്യരൂപം ഹൃസ്വമാണെങ്കിലും അവയുടെ ഗുരുത്വം തേടിപ്പോയാൽ വേദമനനത്തിന്റെ അക്ഷയമേഖലകളിലാണ് എത്തിപ്പെടുക. അക്കാലംവരെ പാരായണം ചെയ്തവയും കേട്ടറിവുകളും തികഞ്ഞ ആത്മാർത്ഥതയുടെ ആർജ്ജവത്തോടെ ഇതിൽ സമാഹരിച്ചിരിക്കുന്നു. കൂടുതൽ കാര്യങ്ങളും വ്യാഖ്യാതാന്തരങ്ങളും കൈയിലെത്തിയിരുന്നെങ്കിൽ കുറെക്കൂടെ വിശാലത വിവിധ ആശയങ്ങൾക്കു കൈവന്നേനേ. എങ്കിലും ഏറെപ്പറയാതെ, പറയുന്നതത്രയും പൂർണ്ണ ആത്മാവോടും ശക്തിയോടും പറയുക എന്ന 'നയ'ത്തിൽ മാറ്റം കാണുന്നില്ല! പാശ്ചാത്യനാടുകളിൽ കുരുത്ത വഴിവിട്ട ചില വ്യാഖ്യാനങ്ങൾ കാറ്റിൽ പാറിവരുന്ന വിത്തുപോലെ മലയാളത്തിലുമെത്തി. അപ്പോൾ, സ്വന്തം തീൻമേശയിലെ വിഭവങ്ങളെക്കാൾ രുചി, അയൽവീടുകളിലെയും തട്ടുകടകളിലെയും രുചികളിൽ കണ്ടവരുണ്ടായി. അതിന് 'നവീകരണം' എന്നാണ് അന്നുമിന്നും പേർകൊണ്ടിരിക്കുന്നത്!

'മലങ്കര മല്പാനിൽ'നിന്നു 'മലങ്കര സഭാഭാസുര'നിലേക്കുള്ള വളർച്ചയുടെ നാമ്പുകൾ ഈ കരുത്തുറ്റ ഹൃസ്വഗ്രന്ഥത്തിൽ പ്രസ്പഷ്ടമാണ്. 'മതോപദേശസാരങ്ങൾ' എന്ന തലക്കെട്ട് ഗ്രന്ഥകർത്താവിന്റെ

വിശാലവീക്ഷണത്തെയും സത്യവിശ്വാസതീക്ഷ്ണതയെയും പ്രതിബിംബിപ്പിക്കുന്നുണ്ട്. മലയാളത്തുള്ള ഓർത്തഡോക്സു സഭയ്ക്കു വേണ്ടി ചമച്ചതാണെങ്കിലും, അതിന് സങ്കുചിതമായ ഒരു പ്രാദേശികത്വത്തിന്റെ ഗ്രഹണം കാണാനില്ല. തങ്ങളുടെ മതത്തിന്റെ വിശ്വാസരീതികളെയും ആചാരങ്ങളെയും കുറിച്ച് അതിലുൾപ്പെട്ടവർ വേണ്ടവണ്ണം മനസ്സിലാക്കിയില്ലെങ്കിലുണ്ടാകാവുന്ന വിപത്തുകളെപ്പറ്റി 'മുഖവുര'യിൽ ഗ്രന്ഥകർത്താവ് എടുത്തു പറയുന്നുണ്ട്. സഭയുടെ വിശ്വാസം, ചരിത്രം എന്നിവയെപ്പറ്റി പൂർണ്ണമായ അവബോധമില്ലാതെയായാൽ ഏറെ അപഭ്യംശങ്ങൾ സംഭവിക്കുക സ്വാഭാവികമാണ്. ഒരു നൂറ്റാണ്ടു മുമ്പ് എഴുതപ്പെട്ട ഈ പ്രാമാണിക ഗ്രന്ഥം മലങ്കര സഭയിൽ വിശ്വാസപഠന രംഗത്ത് ഒരു പുതിയതും അനിവാര്യവുമായ ഒരു സരണി തുറക്കുകയായിരുന്നു. പാശ്ചാത്യ നവീകരണ പ്രസ്ഥാന പ്രഭാവം ഏറ്റുവാങ്ങാൻ, നസ്രാണികളിൽ ചിലരുണ്ടായി എന്ന സങ്കലിത മതപശ്ചാത്തലവും, ഈ ഗ്രന്ഥരചനയ്ക്ക് ഒരു നിമിത്തമായിത്തീർന്നിരുന്നു. സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിന്റെ നൈർമ്മല്യത്തെയും വിശുദ്ധിയെയും ചോദ്യം ചെയ്യാൻ ഇവിടെത്തന്നെ ആളുണ്ടായി എന്നത് ചിന്താശീലരായ മനുഷ്യർക്ക് അന്ന് വേദനാജന്യമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. സത്യവിശ്വാസത്തിൽ വെള്ളം ചേർക്കാൻ പാടില്ല എന്ന നിർബന്ധം ഒരു ചുമതല എന്നല്ലാതെ 'പിടിവാശി'യായി ആരും കണ്ടില്ല. ഒരു പ്രത്യേക അർത്ഥത്തിൽ, യഥാർത്ഥ ധർമ്മത്തിനു ഗ്ലാനിയുണ്ടാകാതെ സൂക്ഷിക്കുന്നതിനും, വിശ്വാസഭ്യംശങ്ങളെ തുടച്ചുനീക്കുന്നതിനുമായി അവതരിച്ചതാണ് ഈ പുസ്തകമെന്നു പറയാം. വിവേചനം കൂടാതെ പാശ്ചാത്യപ്രേരണകളെ അപ്പാടെ പുൽകേണ്ടതല്ല എന്ന സന്ദേശം, നിശ്ശബ്ദമായി ഈ ഗ്രന്ഥം ഉദ്ഘോഷിക്കുന്നുണ്ട്. ഇത്തരം വഴിതെറ്റലിന്, ആശയപരവും ബൗദ്ധികവും വേദശാസ്ത്രപരവുമായി ഒരു ശക്തമായ മറുപടി ഇതിലുണ്ട്.

വട്ടശ്ശേരിൽ മല്പാൻ എഴുതുന്നതിലും പറയുന്നതിലുമെല്ലാം ഒരു 'ഇക്കോണമി' കാണുന്നുണ്ട്. അത് ഡയറിക്കുറിപ്പുകളായാലും വിശ്വാസസംബന്ധമായ ഗ്രന്ഥമായാലും രീതി ഒന്നുതന്നെ. കാച്ചിക്കുറുക്കിയ ഹ്യസ്വവാക്കുകളും വാക്യങ്ങളും അനുവാചകന്റെ മനസ്സിൽ പതിയുകയും നിശ്ശബ്ദമായ ആന്ദോളനം സൃഷ്ടിക്കുകയും ചെയ്യുന്നു.



ത്ധ'മതോപദേശസാരങ്ങ'ളുടെ ആദ്യത്തെ നാലു പതിപ്പുകളെങ്കിലും ഇന്നു ലഭ്യമാണ്. ഒന്നാം പതിപ്പിന്റെ ലഭ്യമായ കോപ്പിയിൽ പ്രസാധനവർഷം കാണുന്നില്ല എങ്കിലും 1900 എന്നാണ് അനുമാനം. ആദ്യത്തെ മൂന്നു പതിപ്പുകൾ ഗ്രന്ഥകാരന്റെ ജീവിതകാലത്ത് പ്രസിദ്ധീകരിച്ചവയാണ്.

'സുറിയാനിസത്യവിശ്വാസ സഭയിലെ മതോപദേശസാരങ്ങൾ' എന്നതാണ് ഗ്രന്ഥകാരൻ നിശ്ചയിച്ച തലക്കെട്ട്.

'വേദസാക്ഷികളോടുകൂടി മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ ഉണ്ടാക്കിയത്' എന്നുകൂടെ പുസ്തകത്തിന്റെ പുറംചട്ടയിൽ മുദ്രണം ചെയ്തിരിക്കുന്നു. ആദ്യത്തെ മൂന്നു പതിപ്പുകളും തിരുവല്ല ബഥനി മുദ്രണാലയത്തിൽനിന്നാണ് പുറത്തിറങ്ങിയിട്ടുള്ളത്.

ഒന്നും രണ്ടും മൂന്നും പതിപ്പുകളിൽ പഴയ മലയാള നമ്പരുകളാണ് കൊടുത്തിട്ടുള്ളത്. പുസ്തകത്തിന്റെ ഉള്ളടക്കം നമ്പരിട്ടു പേജു നമ്പരുകളോടുകൂടെ വെളിപ്പെടുത്തുന്ന 'സംഗതിവിവരം' മേല്പറഞ്ഞ പതിപ്പുകളിൽ കാണുന്നു. 1964-ൽ പ്രസിദ്ധീകരിച്ച നാലാം പതിപ്പിൽ 'സംഗതിവിവരം' കാണുന്നില്ല. 'അദ്ധ്യായം' എന്ന പദത്തിനു പകരം 'സംഗതി' എന്ന പ്രയോഗമാണുള്ളത്. രണ്ടാം പതിപ്പിന് '4 ചക്രം', മൂന്നാം പതിപ്പിന് '5 ചക്രം', നാലാം പതിപ്പിന് '50 ന. പൈ.' എന്നിങ്ങനെ പുസ്തകത്തിന്റെ വില കൊടുത്തിട്ടുണ്ട്. രണ്ടാം പതിപ്പ് 1000 കോപ്പി, മൂന്നാം പതിപ്പ് 500 കോപ്പി എന്നിങ്ങനെ കാണുന്നതിൽനിന്ന്, ഈ ഗ്രന്ഥത്തിന് സഭയിൽ പ്രചുരപ്രചാരം ലഭിച്ചിരുന്നു എന്നത് വ്യക്തമാകുന്നുണ്ട്. സൺഡേസ്കൂൾ ക്ലാസ്സുകളിൽ വിശ്വാസപഠനത്തിന് ഈ പുസ്തകം തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 34 'സംഗതി'കളിലൂടെ സത്യസഭയുടെ സത്യവിശ്വാസത്തിന്റെ ഉറപ്പുള്ള അടിസ്ഥാനങ്ങൾ വേദസാക്ഷ്യങ്ങളോടുകൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

## പ്രോട്ടസ്റ്റന്റ് പ്രഭാവത്തിനു മറുപടി

സെമിനാരി അദ്ധ്യയനത്തിനുപയോഗിച്ച കുറിപ്പുകൾ എന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞുവയ്ക്കാമെങ്കിലും, നവീകരണ കുതുകികളുടെ കടിഞ്ഞാണില്ലാത്ത പോക്കിന് വിരാമമിട്ടുകൊണ്ട്, പിതാക്കന്മാർക്ക്

ഒരിക്കലായി ഭരമേല്പിക്കപ്പെട്ട സത്യവിശ്വാസത്തിൽ വിശ്വാസികളെ ഉറപ്പിക്കുക എന്ന അപ്രഖ്യാപിത ലക്ഷ്യവും ഇതിന്റെ പിന്നിൽ കാണാം. അറിവില്ലായ്മകൊണ്ടും ദർശനരാഹിത്യംകൊണ്ടും ജനം തെറ്റിപ്പോകുമെന്ന തിരിച്ചറിവ് സെമിനാരി അദ്ധ്യാപകനായ ഗ്രന്ഥകർത്താവിന് വേണ്ടുവോളമുണ്ടായിരുന്നു. അതുമൂലമാകാം മുൻഗാമികളാരും കൈവയ്ക്കാത്ത ഒരു മേഖലയിൽ അദ്ദേഹം ഏറെ കരുതലോടെ പ്രവേശിച്ചത്. വിശ്വാസസംബന്ധമായ ആധികാരിക ഗ്രന്ഥങ്ങൾ മലങ്കരയിൽ, മലയാളഭാഷയിൽ, തീർത്തും വിരളമായിരുന്നു അക്കാലത്ത്. പേർഷ്യൻ സഭാബന്ധത്തിൽനിന്നും 14-ാം നൂറ്റാണ്ടുവരെ ഇക്കാര്യത്തിൽ കാര്യമായ പ്രചോദനങ്ങൾ ഉണ്ടായതുമില്ല. അന്ന് കൗദാശിക-എപ്പിസ്കോപ്പൽ സഹായങ്ങൾ മലങ്കരയ്ക്കു നൽകിയിരുന്നത് മാർത്തോമ്മാ പാരമ്പര്യത്തിൽ വരുന്ന പേർഷ്യൻ മെത്രാന്മാരായിരുന്നു. ദേശീയരായ മെത്രാന്മാരും മറ്റും ഉണ്ടായിരുന്നെങ്കിൽ, ഒരുപക്ഷേ, പ്രാദേശിക ഭാഷകളിൽ ആധികാരിക വേദവ്യാഖ്യാന ഗ്രന്ഥങ്ങളുണ്ടാകുമായിരുന്നു. കേവലം മഹറോൻ ചൊല്ലിയതുകൊണ്ടു മാത്രം 'നവീകരണ' ഇത്തിൾക്കണ്ണികളെ പറിച്ചെറിയാൻ പോരെന്നും, ബൗദ്ധികമായും വേദശാസ്ത്രപരമായുംകൂടെ അവയെ നേരിടേണ്ടതാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. അത്തരമൊരു രംഗം യഥാർത്ഥത്തിൽ ഉണ്ടാവുകയും ചെയ്തു. പ്രസിദ്ധ തർക്ക വിശാരദനായിരുന്നു മാർത്തോമ്മാ സഭയിലെ കോവൂരച്ചൻ. പരസ്യമായ വേദസംവാദത്തിൽ വട്ടശ്ശേരിൽ മല്പാൻ അദ്ദേഹത്തെ പരാജയപ്പെടുത്തി. ഗ്രന്ഥരചനയുടെ ഈദൃശ നിമിത്തങ്ങൾ തെളിച്ചു പറഞ്ഞിട്ടില്ലെങ്കിലും, ഏതൽക്കാല സാഹചര്യങ്ങളിൽനിന്ന് ഇത് ഏറെക്കുറെ സുവിദിതമാണ്.

### തനതായ രചനാശൈലി

'ഹ്രസ്വം മനോഹരം' എന്ന മട്ടിലാണ് അടിസ്ഥാന വിശ്വാസ സാരങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. അനാവശ്യമായ വളച്ചുകെട്ടോ, ഉദാഹരിക്കലോ കാണ്മാനില്ല. പറഞ്ഞിരിക്കുന്നതെല്ലാം പകൽ വെളിച്ചംപോലെ വ്യക്തമാണ്. പറയാനുള്ളത് നേർക്കുനേരെ പറഞ്ഞിട്ടുണ്ട്; തികഞ്ഞ ആധികാരികതയോടുകൂടെത്തന്നെ. സ്വന്തം വ്യുല്പത്തി പ്രദർശിപ്പിക്കുന്നതിനോ, വാദപ്രതിവാദത്തിനോ ഗ്രന്ഥത്തിന്റെ പ്രൗഢി കാട്ടുന്നതിനോ അശേഷം ശ്രമമില്ല. മോശവഴി



ലഭിച്ച പത്തു കല്പനകൾപോലെയും, യേശുക്രിസ്തുവിന്റെ പർവ്വത പ്രസംഗത്തിലെ 'ഭാഗ്യ' വർണ്ണനകൾപോലെയും ഹ്രസ്വവും ദൃഢവുമാണ് ഓരോ വാക്കും വാക്യവും. ആംഗല നോവലിസ്റ്റായ ജെയിൻ ഓസ്റ്റിന്റെ രചനാശൈലിയുമായി ഇതിനു സാമ്യം കാണുന്നുണ്ട്. പറയാനുള്ളത് പ്രദർശനതന്ത്രങ്ങളൊന്നും അവലംബിക്കാതെ, തികഞ്ഞ ആത്മാർത്ഥതയോടുകൂടെ അവതരിപ്പിച്ചിരിക്കുന്നു. തർക്കവിതർക്കങ്ങൾക്കു മുതിരാത്ത ഋജുബുദ്ധിയാണ് ഇതിനെ നയിക്കുന്നത് എന്നു തോന്നുന്നു.

വായിച്ചു വരുമ്പോൾ ഓരോ വാക്യവും സ്ഫുടം ചെയ്ത രത്നങ്ങൾപോലെ തിളങ്ങുന്നതു കാണാം. അവയിൽ അടർത്തിമാറ്റാവുന്ന ഒരു വാക്കുകൂടെയില്ല. ഓരോ അദ്ധ്യായവും വികസിപ്പിച്ച് ബൃഹത്തായ ഒരു വേദശാസ്ത്രഗ്രന്ഥമാക്കാവുന്നതാണ് ഈ ലഘുഗ്രന്ഥം. തികച്ചും ലളിതവും ക്രമീകൃതവുമായ രീതിയിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

### തികച്ചും വേദാധിഷ്ഠിതം

'വേദപുസ്തകം മാത്രം ആധാരം' എന്നുരുവിട്ടുകൊണ്ട് വിശുദ്ധ പാരമ്പര്യങ്ങളെയും സഭാപിതാക്കന്മാരുടെ രചനകളെയും പ്രഖ്യാപനങ്ങളെയും നിരാകരിക്കുന്ന ഒരു രീതി നിലവിൽ വന്നത് പ്രോട്ടസ്റ്റന്റ് പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെയാണ്. കാതലായ പല വിശ്വാസപ്രമാണങ്ങൾക്കും നേർക്കായിരുന്നു ഈ വെല്ലുവിളി. ഇത്തരം അപസിദ്ധാന്തങ്ങൾക്ക് വസ്തുനിഷ്ഠമായും വ്യക്തമായും വേദപിൻബലത്തോടെ 'മതോപദേശസാരങ്ങൾ' മറുപടി നൽകിയിരിക്കുന്നു. പരീക്ഷിക്കാൻ വന്ന പിശാച് വേദഭാഗം ഉദ്ധരിക്കുമ്പോൾ അതേ രീതി അവലംബിച്ചുകൊണ്ട് കർത്താവ് അവനെ തോല്പിച്ച് മിണ്ടടക്കിയത് ഇവിടെ പ്രസക്തമാണ്. വേദവാക്യങ്ങൾ അതതിന്റെ പശ്ചാത്തലത്തിൽ സഭയ്ക്കു ലഭ്യമായ വെളിച്ചത്തിലൂടെ വ്യാഖ്യാനിക്കേണ്ടതാണ്. അവനവന്റെ മനോധർമ്മംപോലെ വേദവ്യാഖ്യാനം നടത്തുന്നതിന്റെ അനന്തരഫലമാണ് കൂണുകൾപോലെ മുളച്ചുപൊന്തുന്ന 'സഭകൾ'. ഇവിടെ ഓരോ വിശ്വാസപാഠത്തിനും ആധാരമായി വേദവാക്യങ്ങൾ കൃത്യമായി ഉദ്ധരിച്ചിരിക്കുന്നു. പൗരസ്ത്യവേദചിന്തയുടെ കറതീർന്ന

നിഷ്കപടതയും നേർബുദ്ധിയും, സത്യവിശ്വാസതത്വരയുമെല്ലാം ഇതിൽ തെളിഞ്ഞു നിൽക്കുന്നു.

ഓർത്തഡോക്സ് സഭയുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും 'അന്ധവിശ്വാസങ്ങളും വേദേതരങ്ങളുമാണെന്ന്' കേരളത്തിലെ നവീകരണകുതുകികൾ അതിന്റെ പ്രാരംഭകാലത്ത് പ്രചരിപ്പിച്ചിരുന്നു. (അവരിൽ പലർക്കും ഇന്ന് വീണ്ടുവിചാരമുദിക്കുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്). അനുഷ്ഠാനവിശേഷങ്ങൾ അനാചാരങ്ങളല്ല, വേദസത്യങ്ങളിലൂന്നിയതും, ദേശീയമായ സാംസ്കാരിക സമ്പത്തിനാൽ പൂരിതവുമാണെന്ന തിരിച്ചറിവ്, ഈ ഗ്രന്ഥം പ്രഘോഷിക്കുന്ന സത്യമാണ്. പഴയസെമിനാരിയിൽ പഠിപ്പിക്കുന്നതിന് അനുവാദം ലഭിച്ച പാശ്ചാത്യമിഷനറി വൈദികർ, വഞ്ചനാപരമായി പ്രോട്ടസ്റ്റന്റ് വിശ്വാസതെറ്റലുകൾ പഠിപ്പിക്കാൻ ശ്രമമാരംഭിച്ചപ്പോഴാണ് അവരെ അവിടെനിന്നും പുറത്താക്കേണ്ടി വന്നത്. അപ്പോഴേക്കും ചതിയറിയാത്ത ചില മനസ്സുകളിലെങ്കിലും വിഷം കലർത്തിക്കഴിഞ്ഞിരുന്നു എന്ന് പിൽക്കാല സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഇത്തരമൊരു വൈതരണിയിൽ സത്യമെന്താണെന്നു ആധികാരികമായി പറഞ്ഞുകൊടുക്കാനുള്ള സഭയുടെ ഉത്തരവാദിത്തം ഒരു നല്ലളവുവരെ ഈ ഗ്രന്ഥത്തിലൂടെ നിറവേറിയിരിക്കുന്നു. എന്നാൽ 'നവീകരണ' വിഭാഗങ്ങളിലൊന്ന് വട്ടശ്ശേരിൽ തിരുമേനിയെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് തെന്നിന്ത്യയിലുദിച്ച ഏറ്റവും ഉന്നതനായ വേദശാസ്ത്രജ്ഞൻ എന്നു വാഴ്ത്തിയത് ഇവിടെ സ്മരണീയമാണ്.

**'ആമുഖവും' ഉള്ളടക്കവും**

മുഖം മനസ്സിന്റെ കണ്ണാടിയാണെന്നാണ് വയ്പ്. ഗ്രന്ഥകാരൻതന്നെ തയ്യാറാക്കി മിനുക്കിയ, 'ആമുഖം', ഈ ഗ്രന്ഥമെന്താണെന്നും, അതിന്റെ 'ഉദ്ദേശ്യമെ'ന്താണെന്നും വ്യക്തമാക്കാൻ പോരുന്നതാണ്. വിശ്വാസപഠനം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ മൗലികമായ കാഴ്ചപ്പാടും, 'കോരിനിറച്ചിരിക്കുന്ന' തീർത്ഥജലം എവിടെനിന്നെല്ലാമാണെന്നും അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിൽ ഇത് നടാടെയുള്ള ഒരു കാൽവെയ്പായിരുന്നു. ഇതിനു സമാനമായോ, ഇതിന്മേലുള്ള വളർച്ചയായോ, ഇത്തരമൊരു രചന മലയാളത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു!



'നിന്നെത്തന്നെ തിരിച്ചറിയുക' (know Thyself) എന്ന പുരാതന പ്രചുരമായ ഉൾവിളിയെപ്പറ്റി പറഞ്ഞുകൊണ്ടാണ് ആമുഖം വിടരുന്നത്. അവനവന്റെ വിശ്വാസങ്ങളും ധാരണകളും എന്തെല്ലാമാണെന്നും അവയുടെ ആധാരശിലകൾ ഏവയെന്നും തിരിച്ചറിയാതിരുന്നാൽ, ദുർവ്യാഖ്യാനങ്ങളും വഴിതെറ്റലുകളുമുണ്ടാകും എന്ന് അദ്ദേഹം ഒരു ഗവേഷകന്റെ ആത്മിക 'ഗർവ്വോ'ടുകൂടി പ്രസ്താവിച്ചിരിക്കുന്നു. ഒരു യഥാർത്ഥ ഗവേഷകന്റെ ആത്മാർത്ഥതയോടെ, ഗ്രന്ഥരചനയിൽ ആധാരമാക്കിയിട്ടുള്ള ചിന്താധാരകളെയും പ്രാമാണികഗ്രന്ഥങ്ങളെയും അക്കമിട്ടു പറഞ്ഞിരിക്കുന്നു.

'ആമുഖവും' ഉള്ളടക്കംപോലെതന്നെ ഹ്യസ്വമാണ്. ധാരാളിത്തത്തിന്റെ കണികപോലും എങ്ങും കാണ്മാനില്ല.

പ്രാരംഭത്തിലെ മൂന്ന് സംഗതികൾ (അദ്ധ്യായം), പരിശുദ്ധ ത്രിത്വത്തെ പുരസ്കരിച്ചുള്ള അവിഭക്തസഭയുടെ അടിസ്ഥാനോപദേശങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. തുടർന്നുള്ള എട്ട് സംഗതികൾ, വി. കൂദാശകളെപ്പറ്റി സുറിയാനി പാരമ്പര്യത്തിലെ പിതാക്കന്മാരും, ഹൂദായ കാനോനും പഠിപ്പിക്കുന്ന പ്രമാണങ്ങളുടെ സമാഹാരമാണ്. പ്രാർത്ഥന, ധ്യാനം, നോമ്പ് ഇത്യാദി വിഷയങ്ങളും ശ്രദ്ധ നേടിയിരിക്കുന്നു. പിതാക്കന്മാരുടെ പെരുനാളുകൾ, വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥത, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, തിരുശേഷിപ്പുകളുടെ വണക്കം ഇങ്ങനെ നവീകരണസിദ്ധാന്തികൾ എതിർപ്പു പ്രകടിപ്പിച്ചുവന്നിരുന്നതിന് വേദപിന്തുണയോടെ ശക്തമായ മറുപടി നൽകിയിരിക്കുന്നു.

26 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങളിൽ പാശ്ചാത്യ-പൗരസ്ത്യ വേദപാരമ്പര്യങ്ങൾ തമ്മിലും, ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ് ചിന്തകൾ തമ്മിലുമുള്ള അന്തരങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. 33-ാം സംഗതിയിൽ വേദപുസ്തകഗ്രന്ഥങ്ങളുടെ പട്ടിക (സുറിയാനി സഭയിൽ അംഗീകൃതമായത്) നൽകിയിരിക്കുന്നു. അപ്പോക്രീഫാ പുസ്തകങ്ങൾ ഉൾപ്പെടെ പൗരസ്ത്യസഭ അംഗീകരിച്ചിരിക്കുന്ന പുസ്തകങ്ങളുടെ നാൾവഴിയാണിത്. പുസ്തകങ്ങളുടെ പൊതുവായ അംഗീകരണം സംബന്ധിച്ച ചരിത്രത്തിലേക്ക് ഗ്രന്ഥകർത്താവ് പ്രവേശിച്ചിട്ടില്ല. അത്തരം ചർച്ചകൾ ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യത്തിൽപ്പെടുന്നതല്ലല്ലോ.

'വി. ത്രിത്വം' തുടങ്ങിയുള്ള അടിസ്ഥാനപ്രമാണങ്ങൾ അത്യാവശ്യം വേണ്ട വാക്കുകളിൽ മാത്രമേ അവതരിപ്പിച്ചിട്ടുള്ളൂ. അവ പൊതുവെ അവിതർക്കങ്ങളായ മേഖലകളാണ്. ഇത്തരം ഉപദേശങ്ങൾ സംബന്ധിച്ച് ഉണ്ടായിട്ടുള്ള അഭിപ്രായഭേദങ്ങളെപ്പറ്റിയും പരാമർശനങ്ങളില്ല. എങ്കിലും വി. മാമ്മോദീസ, വിശുദ്ധന്മാരുടെ സംസർഗ്ഗം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ഇത്യാദി വിഷയങ്ങൾക്ക് താരതമ്യേന ദീർഘമായ വർണ്ണനകളുണ്ട്. വി. ത്രിത്വമെന്ന മഹാരഹസ്യത്തെ ചുരുങ്ങിയ വാക്യങ്ങളിൽ അവതരിപ്പിക്കുമ്പോൾ, നവീകരണക്കാരുടെ ആക്രമണത്തിനു വിധേയമായ വിഷയങ്ങൾ അല്പം വിശദമായിത്തന്നെ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

'ജന്മപാപം', 'കർമ്മപാപം' എന്നിങ്ങനെയുള്ള സംജ്ഞകൾ ഉപയോഗിച്ചു കാണുന്നുണ്ട്. 'ആദ്യപാപം' എന്ന അർത്ഥത്തിലാണ് ഗ്രന്ഥകർത്താവ് ചിന്തിക്കുന്നത് എന്നു ഗ്രഹിക്കാൻ പ്രയാസമില്ല. ഈ വിഷയം സംബന്ധിച്ച് റോമാസഭയുടെ തലത്തിൽ വി. അഗസ്തീനോസിന്റെ ചിന്തകൾ ഉയർത്തിവിട്ട ചിന്താക്കുഴപ്പങ്ങളും അബദ്ധധാരണകളുമൊന്നും മലങ്കരയിൽ എത്തിയിരുന്നില്ല. (റോമാസഭയുമായി മലങ്കരയ്ക്ക് യാതൊരു ബന്ധവും അടുപ്പവുമുണ്ടായിരുന്നില്ല എന്നത് ഇവിടെയും സുവ്യക്തം). ജനിക്കുന്നത് പാപമാണെന്ന് പൗരസ്ത്യസഭ ഒരിക്കലും പറഞ്ഞിട്ടില്ല. തികഞ്ഞ സ്വാതന്ത്ര്യത്തോടെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്ന് പൗരസ്ത്യവേദശാസ്ത്രം ഊന്നിപ്പറയുന്നു.

ഇതോടൊപ്പം 'വിശ്വാസത്താൽ നീതീകരണം' എന്ന് മാർട്ടിൻ ലൂഥർ അവതരിപ്പിച്ച സിദ്ധാന്തത്തെ, വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ വിശദമായി അപഗ്രഥിച്ച്, വി. സഭയുടെ യഥാർത്ഥ വിശ്വാസമെന്തെന്നു വ്യക്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്. 'നീതീകരണം (Justification) കൃപയാലും, വിശ്വാസത്താലും പ്രവർത്തിയാലും' എന്നതാണ് അതിന്റെ സാരം. ആശയപരവും ബുദ്ധിപരവുമായ ഒരു പ്രതികരണമോ, കരണമോ മാത്രമല്ല ക്രിസ്തീയ വിശ്വാസവും ജീവിതവും എന്ന് തിരിച്ചറിയാത്തതുകൊണ്ടുള്ള അപഭ്രംശങ്ങൾ ആധുനിക സഭകളെ വളരെയേറെ ബാധിച്ചിട്ടുണ്ട്. വിശ്വാസമേറ്റുപറച്ചിൽ, സഭാസംഘടന, ഭരണം, പ്രഘോഷണം എന്നിവ മാത്രമല്ല വിശ്വാസജീവിതം.



'മനുഷ്യസ്വാതന്ത്ര്യം ദൈവദത്തമായത്' എന്നത് പൗരസ്ത്യചിന്തയുടെ കാതലാണ്. ഇതും വി. അഗസ്തീനോസിന്റെ ചിന്താഗതിയിൽനിന്നു വിഭിന്നമാണെന്നും തിരിച്ചറിയണം. ദൈവം മനുഷ്യന് ബുദ്ധിയും സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. എങ്കിലും, 'ദൈവശക്തി കൂടാതെ യാതൊരു നന്മയും പ്രവർത്തിക്കുന്നതിനു മനുഷ്യനു തന്നേ ശക്തിയില്ലാത്തവനാകുന്നു' എന്ന പ്രസ്താവന മനുഷ്യസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പൗരസ്ത്യ ദർശനത്തിന്റെ പ്രാണനിലേക്കു വെളിച്ചം വീശുന്നു.

**'പട്ടത്വത്തിനടുത്തു മേലധികാരം'**

പത്താം സംഗതി 'പട്ടത്വ'ത്തെക്കുറിച്ചാണ്. അതിൽ ഒരു വാക്യം ഇങ്ങനെ പോകുന്നു:

"സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോക്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു".

ഈ വാക്യത്തെ പുസ്തക പശ്ചാത്തലത്തിൽനിന്നും അടർത്തിയെടുത്ത് ദുർവ്യാഖ്യാനം ചെയ്യാൻ പലരും ശ്രമിച്ചിട്ടുണ്ട്. അക്കാരണംകൊണ്ടുകൂടെ, ഇതു സംബന്ധിച്ച് ഒരു വിശദീകരണം ഇവിടെ ആവശ്യവും പ്രസക്തവുമായിരുന്നു. അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആത്മികമേലധികാരം വട്ടശ്ശേരിൽ മല്പാൻ വകവച്ചുകൊടുത്തിരുന്നു എന്ന് തോന്നിയേക്കാം:

1665-ൽ മാർ ഗ്രീഗോറിയോസ് മലങ്കരയിലെത്തിയതു മുതലാണ് മലങ്കര-അന്ത്യോക്യാ (സിറിയൻ) ബന്ധം ആരംഭിച്ചത് എന്നതു മറന്നുകൂടാ. പത്രോസ്-III ആണ് ചരിത്രത്തിൽ ആദ്യമായി ഭാരതത്തിലെത്തിയ പാത്രിയർക്കീസ്. ദീർഘനാൾ ദേശീയ എപ്പിസ്കോപ്പൽ നേതൃത്വമില്ലാതിരുന്നതുകൊണ്ട്, വിദേശത്തുനിന്നു വരുന്ന മതനേതാക്കളെ സഹർഷം, ആദരപൂർവ്വം സ്വീകരിക്കുന്ന ഒരു രീതി അക്കാലത്ത് രൂഢമൂലമായിരുന്നു. ഒരു ജനതയുടെ ഈ സ്വഭാവംകൊണ്ട് ഗുണത്തെക്കാൾ ഏറെ ദോഷമുണ്ടായിട്ടുണ്ട് എന്നത് ചരിത്രവസ്തുത മാത്രം. പത്രോസ് പാത്രിയർക്കീസിന്റെ വരവു മുതൽ, സിറിയൻ പാത്രിയർക്കീസുമാരാണ് മലങ്കരസഭയുടെ അദ്ധ്യക്ഷന്മാർ എന്നൊരു ധാരണ ഇവിടെ പ്രചരിപ്പിക്കപ്പെട്ടു.

അതിനു പുറകെ വന്ന അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലെ ആത്മിക-ലൗകിക അധികാരങ്ങളും ധനങ്ങളുമെല്ലാം തനിക്കവകാശപ്പെട്ടതാണെന്നു നടിക്കുകയും അതു നടപ്പാക്കാൻ ആവുംവിധം ശ്രമിക്കുകയും ചെയ്തു. ഈ ശാഠ്യം കാനോനികമായും ചരിത്രപരമായും തീർത്തും അടിസ്ഥാനരഹിതമായിരുന്നു എന്ന് നിഷ്കളങ്കനായ മലങ്കര മാപ്പിള തിരിച്ചറിഞ്ഞോ എന്തോ?

ഈ വഴിപിഴച്ച പോക്കിനെ പ്രതിരോധിച്ച വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കി, മലങ്കരസഭയെ രണ്ടായി വെട്ടിമുറിച്ച സംഭവം അക്ഷന്തവ്യം മാത്രമല്ല, ഇന്ത്യയിൽ അരങ്ങേറിയ പലതരം 'അധിനിവേശങ്ങളിൽ' ഏറ്റം കരാളമായതെന്നും തോന്നും.

മലങ്കരയിൽ അന്നു പ്രചരിച്ചിരുന്ന അടിസ്ഥാനരഹിതമായ ചില ധാരണകളുണ്ടായിരുന്നു. പട്ടം കൊടുക്കുന്നത് പാത്രിയർക്കീസ്, മൂറോൻ കൂദാശ ചെയ്തുകൊടുക്കുന്നതും പാത്രിയർക്കീസ് എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. ഇതിന്റെ പരിണിതഫലമാണ് നവീകരണാശയങ്ങൾ പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് സുറിയാനി പാത്രിയർക്കീസിൽനിന്നും മേല്പട്ടസ്ഥാനമേറ്റു വന്നത്. അകാരണമായും, ചരിത്രത്തിനും കാനോനും വിരുദ്ധമായി സിറിയൻ പാത്രിയർക്കീസന്മാർ അന്നു മുതൽ മലങ്കരയിൽ ഇടപെട്ടുതുടങ്ങി.

വട്ടശ്ശേരിൽ മല്പാൻ അദ്ധ്യാപകനായിരിക്കുന്ന കാലത്തുണ്ടായിരുന്ന ജനങ്ങളുടെ സാമാന്യ അറിവ് ഇങ്ങനെയൊക്കെയായിരുന്നു.

'മതോപദേശസാരങ്ങൾ' രചിക്കപ്പെട്ടത് മലങ്കരയിലെ കാതോലിക്കേറ്റിനു മുമ്പായിരുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. കാനോനികമായി, മലങ്കരയിൽ കാതോലിക്കേറ്റുണ്ടായിക്കഴിഞ്ഞപ്പോൾ സ്ഥിതിയാകെ മാറി. (മേല്പട്ടസ്ഥാനദാനത്തിനും, വി. മൂറോൻ കൂദാശയ്ക്കും മെത്രാപ്പോലീത്തന്മാർ മതി എന്നതും മറക്കാൻ പാടില്ല). എങ്കിലും കാതോലിക്കാസ്ഥാപനത്തിനുശേഷം സിറിയൻ പാത്രിയർക്കീസിനാകട്ടെ, മറ്റേതെങ്കിലും സഭാദ്ധ്യക്ഷനാകട്ടെ ആത്മികമായോ ലൗകികമായോ മലങ്കരസഭയിൽ ഇടപെടാൻ അവകാശമില്ലാത്തതാണ്.



'മതോപദേശസാരങ്ങ'ളുടെ രചനാകാലത്തെ പൊതുവായ ധാരണയാണ് മേല്പറഞ്ഞ വാചകത്തിൽ പ്രതിഫലിച്ചിരിക്കുന്നത്.

രസകരമായ മറ്റൊരു സംഗതികൂടെയുണ്ട്. 1918-ൽ മുടക്കു കേസിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് നൽകിയ മൊഴിയിൽ ഇതേ വാചകത്തെപ്പറ്റി പരാമർശനമുണ്ട്. ഇപ്പോഴും അതേ അഭിപ്രായത്തിൽ നിലനില്ക്കുന്നുവോ എന്ന ചോദ്യത്തിന് 'അതേ' എന്ന് അദ്ദേഹം മറുപടി നൽകി, ഒപ്പം ഒരു വിശദീകരണവും. പാത്രിയർക്കീസിന് നിയമപരമായുള്ള അധികാരം മാത്രമാണ് 'മേലധികാരം' എന്ന പദപ്രയോഗംകൊണ്ട് താൻ അർത്ഥമാക്കിയത് എന്നതായിരുന്നു ആ വിശദീകരണം. 'നിയമപരമായുള്ള അധികാരം' എന്നത് അത്യന്തം ശ്രദ്ധേയമാണ്. സിറിയൻ പാത്രിയർക്കീസിന് മലങ്കരയിൽ 'നിയമപരമായ അധികാരം' വട്ടപ്പൂജ്യമാണെന്നത് പകൽപോലെ വ്യക്തം, പ്രത്യേകിച്ചും മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായ പശ്ചാത്തലത്തിൽ.

മറ്റൊരു വിശദീകരണവും ഇവിടെ പ്രസക്തമാണ്. വി. മൂറോൻ കൂദാശ ചെയ്യുന്നതിന് കാനോനികമായി 'പ്രധാന മേല്പട്ടക്കാരന്' അധികാരമുണ്ടെന്ന് വട്ടശ്ശേരിൽ തിരുമേനി മൊഴി കൊടുത്തു. മലങ്കരയിൽ പ്രധാന മേല്പട്ടക്കാരൻ അന്ന് മലങ്കര മെത്രാപ്പോലീത്തയാകാം; പാത്രിയർക്കീസുമാണെന്ന് അന്ന് ആളുകൾ ധരിച്ചിരുന്നു. ഇന്ന് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമുള്ള മലങ്കരസഭയ്ക്ക് 'പ്രധാന മേല്പട്ടക്കാര'നെ തിരക്കി പുറത്തേക്കു പോകേണ്ടയാവശ്യമില്ല.

'മതോപദേശസാരങ്ങൾ' എഴുതപ്പെട്ട കാലത്തെ സ്ഥിതിയിൽ നിന്നും വട്ടശ്ശേരിൽ മല്പാൻ പിൽക്കാലത്ത് അറിവിലും അനുഭവത്തിലും വളർന്നു എന്നത് ചരിത്രത്തിൽ സുവിദിതമാണ്. പ്രധാനമായും മെത്രാപ്പോലീത്താ നൽകിയ മൊഴികളിൽനിന്നാണ് ഇത് വെളിപ്പെടുന്നത്. വട്ടശ്ശേരിൽ തിരുമേനി ജീവിച്ചിരുന്ന കാലത്ത്, രണ്ടും മൂന്നും കാതോലിക്കമാരുടെ വാഴ്ചയിൽ ഒരു പാത്രിയർക്കീസും ക്ഷണിക്കപ്പെട്ടിരുന്നില്ല എന്നത്, അദ്ദേഹത്തിന്റെ ശക്തമായ ധാരണകളുടെയും വിശ്വാസത്തിന്റെയും പ്രതിഫലനമായി കരുതാം.

പത്രോസ് പാത്രിയർക്കീസ് മുതലുള്ള സിറിയൻ സഭാദ്ധ്യക്ഷന്മാർ മലങ്കര പിടിച്ചടക്കാൻ ശ്രമിച്ചിരുന്നു. ചിലരൊക്കെ അതിന്

കീഴടങ്ങുകയും ചെയ്തു എന്നത് മലങ്കര സഭാചരിത്രത്തിലെ 'ദയനീയപർവ്വമാ'ണ്! വട്ടശ്ശേരിൽ തിരുമേനിയുടെ മനസ്സ് മിക്കവാറും വായിച്ചറിഞ്ഞിരുന്ന പ്രമുഖ വേദശാസ്ത്രജ്ഞനും സഭാചരിത്ര കാരനുമായിരുന്ന റവ. ഡോ. വി. സി. സാമുവേൽ പറയുന്നത്, വേദ ശാസ്ത്രപരമായും, സഭാപരവുമായുള്ള മാർ ദീവന്നാസ്യോസിന്റെ അവസാന വാക്കല്ല 'മതോപദേശസാരങ്ങൾ'; കുറെക്കൂടെ പക്വവും പൂർണ്ണവുമായ പഠിപ്പിക്കലുകൾ മാർ ദീവന്നാസ്യോസിന്റെ 'നിത്യാ ക്ഷരങ്ങളാ'യ കോടതിമൊഴികളിൽ ലഭ്യമാണ് എന്നത്രെ.

**ഗ്രന്ഥത്തിന്റെ പരിമിതികൾ**

വി. സി. സാമുവേലച്ചൻ (Truth Triumphs) 'മതോപദേശ സാരങ്ങ'ളുടെ രചനാ പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ ഗ്രന്ഥ ത്തിന്റെ ഏതാനും പരിമിതികൾ വെളിപ്പെടുത്തുന്നുണ്ട്. മലങ്കര മെത്രാപ്പോലീത്താപീഠമേറിയശേഷം ഗ്രന്ഥകാരന്റെ ചിന്തകളുടെ വളർച്ചയും വികാസവും കാണുന്നുണ്ട്. അടിസ്ഥാനപരമായ വ്യതി യാനങ്ങളല്ല ഇവിടെ വിവക്ഷിക്കുന്നത്. കുറെക്കൂടെ വ്യക്തതയും ദൃഢതയും, പക്വതയും പിന്നീടുള്ള പ്രസ്താവനകളിൽ വെളി പ്പെടുന്നുണ്ട്.

മല്പാനായിരുന്നപ്പോൾ എഴുതിയ ഈ ഗ്രന്ഥത്തിന്റെ കാലത്തു നിന്നും ചിന്തയിലും കരളുറപ്പിലും സ്വാതന്ത്ര്യേച്ഛയിലും ഗണ്യമായ പുരോഗതി ഉണ്ടായി എന്നത് യാഥാർത്ഥ്യം മാത്രം. പിന്നീടുണ്ടായ കൂടുതൽ പഠനം, അനുഭവങ്ങൾ, കാതോലിക്കേറ്റ് തുടങ്ങിയവയാണ് ഈ പരിണാമത്തിന്റെ പ്രധാന ഹേതുക്കൾ.

(1) വി. ത്രിത്വത്തെപ്പറ്റിയുള്ള ഉപദേശങ്ങൾ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽനിന്നും ഈ ഗ്രന്ഥത്തിൽ അപ്പാടെ ആവർത്തിച്ചിരിക്കുന്നു. മറ്റു പൗരാണിക പാരമ്പര്യങ്ങൾ പരാമർശന വിധേയമായിട്ടില്ല.

(2) കർത്താവിന്റെ മനുഷ്യാവതാരം സംബന്ധിച്ച് 'ഇരുസ്വഭാവ വാദം', 'ഏകസ്വഭാവവാദം' ഇങ്ങനെ ഒരു വ്യവച്ഛേദം അവതരിപ്പി ച്ചിരിക്കുന്നു. ഈ തർക്കത്തെപ്പറ്റി വളരെ വിശദമായി പഠനവും ഗവേഷണവും നടത്തിയയാളാണ് ഫാ. വി. സി. സാമുവേൽ. ഈ രണ്ടു വാദഗതികൾ തമ്മിൽ കാര്യമായ അന്തരമില്ല എന്നുതന്നെ



യാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. മേല്പറഞ്ഞ സംജ്ഞാവിശേഷ ങ്ങൾ ഇരുവിഭാഗങ്ങൾക്കും പൂർണ്ണമായി ഇണങ്ങുന്നവയുമല്ല.

(3) 'പരിശുദ്ധാത്മാവിന്റെ പുറപ്പാട്' എന്ന ഉപദേശത്തിലും പാശ്ചാത്യ സുറിയാനി പിതാക്കന്മാരെ മാത്രമാണ് ഗ്രന്ഥകാരൻ അവലംബമാക്കിയിരിക്കുന്നത്. എങ്കിലും ഈ നിലപാടു നിമിത്തം, പാശ്ചാത്യ ക്രിസ്ത്യാനികൾ രക്ഷയ്ക്ക് അന്യരാണെന്ന് അദ്ദേഹം വിധിക്കുന്നില്ല. ഗ്രന്ഥകാരന്റെ വിശാല എക്യൂമെനിക്കൽ വീക്ഷണം വെളിവാകുന്ന പല സന്ദർഭങ്ങളിലൊന്നാണിത്.

(4) പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിനു പുറത്തേക്ക് ഗ്രന്ഥ കാരന്റെ വായന പടർന്നിട്ടില്ല എന്നു ന്യായമായി കരുതാം. അതിനുള്ള സാഹചര്യങ്ങൾ മാത്രമേ അന്ന് മലങ്കരയിൽ ഉണ്ടായിരു ന്നുള്ളൂ. എന്നാൽ ഭാരതീയ പശ്ചാത്തലത്തിലോ, സ്വതന്ത്രമലങ്കര സഭയുടെ നിലപാടുകളിലോ വിഷയങ്ങൾ അവതരിപ്പിക്കാൻ അന്നത്തെ സാഹചര്യങ്ങളിൽ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുമില്ല!

അംഗീകൃത സഭാപിതാക്കന്മാരായ അലക്സാന്ത്രിയായിലെ വി. അത്തനാസ്യോസ്, കപ്പദോക്യൻ പിതാക്കന്മാർ, വി. കൂറിലോസ്, അന്ത്യോക്യയിലെ സേവേറിയോസ് തുടങ്ങിയ സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകൾ പരിശോധിക്കുന്നതിന് ഗ്രന്ഥകർത്താവിന് അവസരം കിട്ടിയിരുന്നില്ല എന്നു ന്യായമായി അനുമാനിക്കാം. ബാറെ ബ്രായയുടെ സഭാചരിത്രം വിമർശനബുദ്ധ്യാ വിലയിരുത്താനും ശ്രമിച്ചിട്ടില്ല. അന്നത്തെ അന്തരീക്ഷത്തിൽനിന്ന് ഇതിലധികം പ്രതീക്ഷിക്കാനാവില്ലായിരിക്കാം.

പിൽക്കാലത്ത് മലങ്കരസഭയുടെ പ്രധാന അമരക്കാരനായി ഉയർന്നപ്പോഴേക്കും അദ്ദേഹത്തിന്റെ ദർശനത്തിലും നിലപാടു കളിലും കാര്യമായ വികാസം ദർശിക്കാൻ കഴിയുന്നു. എക്യൂമെനി ക്കൽ താല്പര്യങ്ങളും, മലങ്കര സഭയുടെ സ്വകീയതയിലുള്ള ഊന്നലുകളും ഇവിടെ പ്രത്യേകം നിഴലിച്ചു കാണുന്നു.

സാഹചര്യപരമായ അനിവാര്യതകൾ കാരണമായ പരിമിതികൾ ചൂണ്ടിക്കാണിക്കാമെങ്കിലും, 'മതോപദേശസാരങ്ങൾ' എന്ന പ്രാമാണികഗ്രന്ഥം സഭാവിശ്വാസ പഠനരംഗത്തുള്ള ഉജ്ജ്വലമായ ഉദയനക്ഷത്രം തന്നെയാണ്. മറ്റു സഭാബന്ധങ്ങളിൽനിന്നൊന്നും ഇത്തരമൊരു രചനാസഹായം മലങ്കരസഭയ്ക്കുണ്ടായിട്ടില്ല.

വട്ടശ്ശേരിൽ മല്പാന്റെ ജീവിതംപോലെ സുതാര്യവും ഋജുവും സ്വച്ഛന്ദവും ദൃഢവുമാണ് ഈ ഗ്രന്ഥം. വിശ്വാസത്തിന്റെ അതിരുകൾ നിർണ്ണയിച്ചു കാത്തുസൂക്ഷിക്കാൻ അദ്ദേഹം ഗ്രന്ഥരചന നടത്തി. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ അതിരുകൾ കാക്കാൻ അദ്ദേഹം മരണം വരെ പോരാടി വിജയശ്രീലാളിതനാവുകയും ചെയ്തു.

മലങ്കരയിലെ മേലധികാരം മലങ്കരസഭയ്ക്കു തന്നെ. മറ്റാർക്കും അത് ഒരിക്കലും അവകാശപ്പെടാവുന്നതല്ല. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ മറ്റാർക്കും കീഴ്സ്ഥാനിയല്ല – കർത്താവിനൊഴികെ.

### 1928 –ൽ അച്ചടിച്ച പതിപ്പിന്റെ

## മുഖവുര

ഒരു മതത്തിൽ ഉൾപ്പെട്ട ഏവനും ആ മതത്തിലെ വിശ്വാസ രീതി മുതലായവ പഠിച്ചിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. മലയാള ത്തുള്ള സുറിയാനി സത്യവിശ്വാസ സഭയിൽ ഉൾപ്പെട്ടവർക്കു തങ്ങളുടെ വിശ്വാസരീതി മുതലായവ വായിച്ചറിയുന്നതിനു തക്ക തായ പുസ്തകങ്ങൾ മലയാളഭാഷയിൽ വളരെ ദുർല്ലഭമാകയാൽ അവർ അന്യമതക്കാരുടെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ വായിച്ചു പഠിക്കയും അങ്ങിനെ ആദ്യമെ അവർക്കു കിട്ടുന്ന അറിവു സത്യമുള്ളതെന്നു ഉറച്ചുകൊണ്ടു അനേകർ ഈ വിശുദ്ധ സഭയുടെ വിശ്വാസത്തിനെതിരായി പുറപ്പെടുകയും ചെയ്തു കാണുന്നത് അനുഭവസിദ്ധവും ആണല്ലൊ. ഈ കുറവിനെ പൂർണ്ണമായി പരി ഹരിപ്പാൻ ഈ ചെറിയ പുസ്തകം മതിയാകാത്തതെങ്കിലും വേദ സത്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ ഉപദേശപ്രകാരമുള്ള വിശ്വാസരീതികളെയും മതാചാരസാര ങ്ങളെയും കുറിച്ച് ഏവർക്കും ഒരു സാധാരണ അറിവു കൊടുത്തു സത്യവിശ്വാസത്തിൽ ഉറപ്പിപ്പാൻ തക്കവണ്ണം അത് ഉപകരിക്കാതിരി ക്കയില്ലെന്നു വിശ്വസിക്കുന്നു. ഇതു ശുദ്ധ മാർ ഗ്രീഗോറിയോസ് ബറെബ്രായ മുതലായ ഗ്രന്ഥകർത്താക്കന്മാരുടെ മ്നാറസ്ക്കുദിശാ, സൽഗാ, കാനോൻ മുതലായ വിശ്വാസയോഗ്യമുള്ള പുസ്തകങ്ങളെ പരിശോധിച്ചു ചമച്ചിട്ടുള്ളതാകുന്നു. പൂർവ്വകാലത്തു വിശുദ്ധ സഭയുടെ വിശ്വാസത്തിനെതിരായി എഴുനേറ്റിട്ടുള്ള വേദവിപരീതി കളുടെ പേരുകളും അവരുടെ ഉപദേശച്ചുരുക്കവും അറിയണമെന്നു പലരും ആവശ്യപ്പെടുകയാൽ ആയതിന്റെ ഒരു ചുരുങ്ങിയ പട്ടികയും ഈ പുസ്തകത്തിന്റെ അവസാനഭാഗത്തു ചേർത്തിരിക്കുന്നു.

### പുതിയപതിപ്പിന്റെ

## പ്രസാധകക്കുറിപ്പ്

പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നൂറു വർഷം മുമ്പ് രചിച്ച 'മതോപദേശസാരങ്ങൾ' എന്ന വിഖ്യാതഗ്രന്ഥത്തിന്റെ പുതിയ പതിപ്പാണ് ഇപ്പോൾ പുറത്തിറക്കുന്നത്. വട്ടശ്ശേരിൽ തിരുമേനി വൈദികസെമിനാരിയിൽ മല്പാനായിരിക്കുമ്പോൾ 1900-ത്തിൽ ഒന്നാം പതിപ്പായി പ്രസിദ്ധപ്പെടുത്തിയതാണ് 'സുറിയാനി സത്യവിശ്വാസസഭയിലെ മതോപദേശസാരങ്ങൾ' എന്ന ഈ ഗ്രന്ഥം. ഇതിന്റെ രണ്ടാം പതിപ്പ് 1928-ൽ പ്രസിദ്ധപ്പെടുത്തി. വട്ടശ്ശേരിൽ തിരുമേനിതന്നെ പിഴവുകൾ തീർത്തു പ്രസിദ്ധീകരിച്ച ഈ രണ്ടാംപതിപ്പിന്റെ പുനഃപ്രകാശനമാണ് ഇപ്പോൾ നടത്തുന്നത്. പ്രസ്തുത രണ്ടാംപതിപ്പിൽ ഒരു വ്യത്യാസവും വരുത്താതെയാണ് ഇപ്പോൾ ഞങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നത്. ഭാഷയിലും ആശയങ്ങളിലും ഒരു സംശോധനവും വരുത്തിയിട്ടില്ല. എന്നാൽ പാരായണ സൗകര്യത്തിനുവേണ്ടി മലയാളം അക്കങ്ങൾ ഇംഗ്ലീഷ് അക്കങ്ങളെന്ന് അറിയപ്പെടുന്ന ഹിന്ദു-അറബിക് അക്കങ്ങളിലേക്കു മാറ്റിയിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രം വരമൊഴിയിലേക്കു കൊണ്ടുവരാൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി നടത്തിയ ഈ ഉദ്യമം സഭാചരിത്രത്തിലെ ശ്രദ്ധേയമായൊരു ഏടാണ്. അദ്ദേഹം ഈ പുസ്തകം രചിക്കുമ്പോൾ പൂർവ്വമാതൃകകൾ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഓർത്തഡോക്സ് സഭയ്ക്ക് അതുവരെ തനതായ വേദശാസ്ത്രമൊന്നും ഇല്ലായിരുന്നെന്നു ആരും അർത്ഥമാക്കേണ്ടതില്ല. പാരമ്പര്യമായി നമ്മൾ അനുവർത്തിച്ചിരുന്ന വിശ്വാസങ്ങളും ആചാരങ്ങളുമായിരുന്നു നമ്മുടെ വേദശാസ്ത്രം. അത് നൂറ്റാണ്ടുകൾകൊണ്ട് രൂപപ്പെട്ടതാണ്. അതിനെ മൗലികമായ കർമ്മവേദശാസ്ത്രമെന്നു വിശേഷിപ്പിക്കാം. നമ്മുടെ സ്വത്വത്തിന്റെ ഭാഗമാണീ വേദശാസ്ത്രം.

വേദപുസ്തക പാരമ്പര്യം, സുറിയാനി ആരാധനാക്രമം, കാനോൻ, സുറിയാനി പാരമ്പര്യം, ക്രൈസ്തവസഭാചരിത്രം എന്നിവയുമായി ബന്ധപ്പെട്ടു വളർന്നുവന്നതാണ് നമ്മുടെ വേദശാസ്ത്രം. അത് ഒന്നിന്റെയും അന്ധമായ അനുകരണമല്ല. അത് ഒന്നിനെയും അന്ധമായി എതിർത്തതുമില്ല. ആദിമ നൂറ്റാണ്ടു മുതൽ പൗരസ്ത്യസുറിയാനി ആരാധനാക്രമം മലങ്കരയിൽ സ്വീകരിക്കപ്പെട്ടത് അങ്ങനെയാണ്. പതിനേഴാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ ക്രമങ്ങൾ സ്വീകരിക്കപ്പെട്ടതും അങ്ങനെതന്നെ. എന്നാൽ എല്ലാക്കാലത്തും നമ്മൾ സ്വത്വത്തെപ്പറ്റി ബോധവാന്മാരായിരുന്നു. അതുകൊണ്ട് നമുക്ക് പാളിച്ചകൾ ഉണ്ടായില്ലെന്നല്ല. പാളിച്ചകൾ ഉണ്ടായി. ചില പാളിച്ചകളിൽനിന്നു നമ്മൾ പാഠം പഠിച്ചു. ചിലതിൽനിന്നു പഠിക്കാത്തതിനാൽ പാളിച്ചകൾ പിന്നെയും ഉണ്ടായി. അതിൽനിന്നൊരു മോചനമായിരുന്നു വട്ടശ്ശേരിൽ തിരുമേനി 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തിൽകൂടി ലക്ഷ്യമാക്കിയത്. മലങ്കര സഭയുടെ വിശ്വാസാചാരങ്ങൾ വേദപുസ്തകാനുസൃതമല്ലെന്നു നവീകരണവാദികൾ കുറ്റപ്പെടുത്തിയപ്പോൾ വേദപുസ്തക തെളിവുകൾ നിരത്തിക്കൊണ്ട് സുറിയാനിസഭയുടെ വിശ്വാസാചാരങ്ങൾ വേദപുസ്തകാനുസൃതമാണെന്നും അതു അന്യൂനമാണെന്നും വട്ടശ്ശേരിൽ തിരുമേനി വ്യക്തമാക്കുകയായിരുന്നു.

മലങ്കരസഭയുടെ വേദശാസ്ത്രം വട്ടശ്ശേരിൽ മല്പാൻ ആദ്യം പഠിപ്പിച്ചതു വൈദിക സെമിനാരിയിലാണ്. നവീകരണവാദം ശക്തിപ്പെട്ടപ്പോൾ അതിനെതിരേ ആശയപരമായ പ്രചാരണം നടത്താനുള്ള ഉത്തരവാദിത്തംകൂടി മല്പാൻ ഏറ്റെടുത്തു. അങ്ങനെയാണ് വൈദികരെ പഠിപ്പിച്ചിരുന്ന കാര്യങ്ങൾ വർഗ്ഗീകരിച്ചുകൊണ്ട് വിശ്വാസികൾക്കുവേണ്ടി 'മതോപദേശസാരങ്ങൾ' എന്ന പേരിൽ ഈ ഗ്രന്ഥം അദ്ദേഹം എഴുതിയത്.

ഈ പുസ്തകത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരത്തെ വട്ടശ്ശേരിൽ തിരുമേനി അംഗീകരിക്കുന്നുണ്ടെന്നാണ് വിഘടിതർ പറയുന്നത്. ഈ പുസ്തകത്തിലെ പത്താം സംഗതിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോഖ്യ സിംഹാസനത്തിന്മേൽ വാഴുന്ന മോറോൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു".



ഈയൊരു വാചകം അടർത്തിയെടുത്തുകൊണ്ട് വിഘടിതർ 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തെ തെറ്റായി വിലയിരുത്തുകയാണ്. 2008-ൽ ഈ ഗ്രന്ഥത്തിന്റെ ഒരു ഇംഗ്ലീഷ് പതിപ്പ് വിഘടിതർ പ്രസിദ്ധപ്പെടുത്തിയത് അതിന്റെ അടിസ്ഥാനത്തിലാണ്.

'മതോപദേശസാര'ങ്ങളിൽ വട്ടശ്ശേരിൽ മല്പാൻ അന്ത്യോഖ്യ പാത്രിയർക്കീസിനെ വെറും നിർവചന രൂപത്തിൽ പ്രമാണവൽക്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അന്നത്തെ ആത്മീയാധികാരം മെത്രാന്മാരെ വാഴിക്കുവാനുള്ള ഒരു അധികാരം മാത്രമാണെന്നാണ് വട്ടശ്ശേരിൽ തിരുമേനി രേഖപ്പെടുത്തിയത്. അത് എക്കാലത്തും എല്ലാ അന്ത്യോഖ്യ പാത്രിയർക്കീസന്മാർക്കും ഉള്ളതാണെന്നു ഈ വാചകത്തിൽ സൂചനയില്ല! അത് ഇഗ്നാത്തിയോസ് പാത്രിയർക്കീസിനു മാത്രമാണ് കല്പിച്ചു നൽകിയിട്ടുള്ളത്.

പാത്രിയർക്കീസ് വാഴിച്ച മലങ്കരയിലെ മെത്രാന്മാർ മലങ്കര മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ തിരുമേനിയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് വട്ടശ്ശേരിൽ മല്പാൻ ഈ പ്രസ്താവന രേഖപ്പെടുത്തിയത്. പരുമല തിരുമേനി ഉൾപ്പെടെ ഉള്ളവരെ പാത്രിയർക്കീസ് വാഴിച്ചെങ്കിലും അന്നു ഭരണം നടത്തിവന്നതു മലങ്കരമെത്രാപ്പോലീത്താതന്നെ ആയിരുന്നു.

പാത്രിയർക്കീസിന്റെ അധികാരം മലങ്കരയിൽ മെത്രാന്മാരെ വാഴിക്കൽ മാത്രമാണെന്നു വട്ടശ്ശേരിൽ തിരുമേനി പ്രമാണവൽക്കരിച്ചെങ്കിലും മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികനായി പാത്രിയർക്കീസിനെ ഇതിൽ പ്രതിഷ്ഠിച്ചിട്ടില്ല. 'മതോപദേശസാര'ങ്ങളിൽ അദ്ദേഹം പറയുന്നതു മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികൻ 'പ്രധാന മേല്പട്ടക്കാരൻ' ആണെന്നാണ്. ഈ പുസ്തകത്തിലെ ഒമ്പതാം സംഗതിയിൽ വട്ടശ്ശേരിൽ തിരുമേനി ഇങ്ങനെ രേഖപ്പെടുത്തുന്നു: "പ്രധാന മേല്പട്ടക്കാരനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്ന മൂറോൻ..."

വട്ടശ്ശേരിൽ മല്പാൻ ഈ പുസ്തകം എഴുതുമ്പോൾ പ്രധാന മേല്പട്ടക്കാരൻ മലങ്കര മെത്രാപ്പോലീത്തായാണ്. അതിനാൽ മൂറോൻ കൂദാശ ചെയ്യുന്നതിനുള്ള അധികാരം മലങ്കരസഭയുടെ പരമാധി

കാരിയായ മലങ്കര മെത്രാപ്പോലീത്തായിൽതന്നെയാണെന്നു ഗ്രന്ഥ കാരൻ വ്യക്തമാക്കുകയാണ്.

'മതോപദേശസാരങ്ങൾ' എഴുതുമ്പോൾ മലങ്കരയിൽ കാതോലിക്കേറ്റ് ഇല്ല. മലങ്കരയിൽ ലൗകികാധികാരം കയ്യാളാൻ പാത്രിയർക്കീസ് ശ്രമിച്ചപ്പോൾ വട്ടശ്ശേരിൽ തിരുമേനിതന്നെയാണ് നമ്മുടെ സ്വത്വത്തിന്റെ ഒരു സ്വാഭാവിക പരിണാമമായി പിന്നീട് കാതോലിക്കേറ്റ് അവതരിപ്പിച്ചത്. അതൊരു നൂതന സ്ഥാപനമായിരുന്നില്ല. നമ്മുടെ സ്വത്വത്തിന്റെ മഹത്ത്വമായിരുന്നു അത്. അതിവിടെ അന്തർലീനമായിരുന്നു.

മലങ്കരസഭ കാതോലിക്കേറ്റ് വ്യവസ്ഥിതിയിലേക്കു പരിണമിച്ചതോടെ സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരവും മൂറോൻ കൂദാശപോലെതന്നെ മലങ്കരയുടെ പ്രധാന മേല്പട്ടക്കാരനിൽ നിക്ഷിപ്തമായി. വിഘടിതർ 'മതോപദേശസാരങ്ങൾ' പ്രസിദ്ധപ്പെടുത്തിയപ്പോൾ ഇക്കാര്യം മനസ്സിലാക്കാതെ പോയി!

എന്തായാലും ഒരു കാര്യം വ്യക്തമായി, മലങ്കര ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രംതന്നെയാണ് അന്ത്യോഖ്യയിലേക്ക് കണ്ണും നട്ടിരിക്കുന്ന വിഘടിതർക്കും പ്രിയംകരമായിട്ടുള്ളത്! അതുകൊണ്ടാണ് 'മതോപദേശസാരങ്ങൾ' വിഘടിതർ അച്ചടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ, ബദൽ കാതോലിക്കായ്ക്കു മൂറോൻ കൂദാശ ചെയ്യാൻ പാത്രിയർക്കീസ് അധികാരം നൽകിയിട്ടില്ലെന്നുള്ള കാര്യംപോലും ഓർക്കാൻ കഴിയാതെ പോയത്!

ഇതെല്ലാം 'മതോപദേശസാരങ്ങൾ' അവതരിപ്പിക്കുന്ന ചരിത്ര സത്യങ്ങളാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ ധിഷണ വെളിപ്പെടുത്തുന്ന ഈ ഗ്രന്ഥത്തെപ്പറ്റി പറഞ്ഞപ്പോൾ സുറിയാനി ഒന്നാം പാഠപുസ്തകം, 1903-ലെ കുർബ്ബാനക്രമം, സഭാചരിത്രക്കുറിപ്പുകൾ എന്നിവയെപ്പറ്റിയും പരാമർശിക്കേണ്ടതുണ്ട്. സുറിയാനി ഭാഷയുടെ ആഴങ്ങളിലേക്കു വൈദിക വിദ്യാർത്ഥികൾക്കു സഞ്ചരിക്കാൻ ഉതകുന്ന തരത്തിൽ വട്ടശ്ശേരിൽ തിരുമേനി രചിച്ച ഗ്രന്ഥമാണ് 'സുറിയാനി ഒന്നാം പാഠപുസ്തകം'. ഇതിൽ സുറിയാനി അക്ഷരമാല പരിചയപ്പെടുത്തുക മാത്രമല്ല, സുറിയാനി പദങ്ങൾ പരിചയിപ്പിച്ച് വ്യാകരണനിയമങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. വൈദിക



വിദ്യാർത്ഥികൾക്കു മാത്രമല്ല അത്മായർക്കും ഇതൊരു സഹായിയായിരുന്നു.

വട്ടശ്ശേരിൽ മല്പാൻ 1903-ൽ കുർബ്ബാനക്രമത്തിന്റെ ഒരു പരിഭാഷ പ്രസിദ്ധപ്പെടുത്തി. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ കാലത്തും പാലക്കുന്നത്തു മെത്രാപ്പോലീത്തായുടെ കാലത്തും ഉള്ള കുർബ്ബാനക്രമങ്ങൾ പ്രചാരത്തിൽ ഇരുന്നപ്പോഴാണ് വട്ടശ്ശേരിൽ മല്പാൻ ഇത് പ്രസിദ്ധപ്പെടുത്തിയത്. അന്ത്യോഖ്യൻ മെത്രാനായ യൂയാക്കിം മാർ കൂറിലോസ് ശീമയിലെ ഒരു കുർബ്ബാനക്രമവും ഇക്കാലത്തു പ്രചരിപ്പിച്ചിരുന്നു. ഇപ്രകാരം വ്യത്യസ്തമായ കുർബ്ബാന ക്രമങ്ങൾ പള്ളികളിൽ ഉപയോഗിച്ചുവന്നിരുന്ന കാലത്താണ് ഒരേകീകൃത നയം നടപ്പാക്കാൻ വട്ടശ്ശേരിൽ മല്പാൻ പുതിയ പരിഭാഷ നടത്തിയത്. കുർബ്ബാനക്രമത്തിന്റെ ഏകീകരണത്തിനും വിശ്വാസികളുടെ സജീവമായ പങ്കാളിത്തത്തിനും വട്ടശ്ശേരിൽ മല്പാന്റെ പരിഭാഷ സഹായിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന അർത്ഥപൂർണ്ണമാക്കാൻ വട്ടശ്ശേരിൽ മല്പാൻ നടത്തിയ ഉദ്യമങ്ങൾക്കു പിന്നീട് ഫലമുണ്ടാവുകയും ചെയ്തു.

വട്ടശ്ശേരിൽ മല്പാന്റെ സഭാചരിത്രവിജ്ഞാനം വിലയിരുത്താൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണ് ചീരൻ വി. വർഗീസ് ഇംഗ്ലീഷിൽ എഴുതിയ 'ദ ഫെയ്ത്ത് ഓഫ് ഔവർ ഫാദേഴ്സ്'. മല്പാന്റെ കീഴിൽ വൈദികവിദ്യാഭ്യാസം നടത്തിയ അദ്ദേഹം ക്ലാസ്സിൽ എഴുതിയ പഠനക്കുറിപ്പുകളാണ് ഈ പുസ്തകം. രണ്ടു ഭാഗങ്ങൾ ഉള്ള ഈ പുസ്തകത്തിൽ ആദിമ സഭയുടെ ചരിത്രവും സെന്റ് തോമസിന്റെ വരവും തുടർന്നുള്ള ചരിത്രവും വിവരിക്കുന്നു. വട്ടശ്ശേരിൽ മല്പാൻ സെമിനാരിയിൽ പഠിപ്പിച്ച പാഠങ്ങളുടെ വിശദമായ ഈ വിവരണത്തിൽ അദ്ദേഹത്തിന്റെ സഭാചരിത്രവിജ്ഞാനം തെളിഞ്ഞുനിൽക്കുന്നു.

'മതോപദേശസാരങ്ങൾ' എന്ന പുസ്തകത്തിലെ ചിന്തകൾക്കു പൂരകമായി സുറിയാനി ഒന്നാം പാഠപുസ്തകത്തെയും 1903-ലെ കുർബ്ബാനക്രമത്തെയും ചീരൻ വർഗീസിന്റെ സഭാചരിത്രകുറിപ്പുകളെയും കാണേണ്ടതാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസവും ആചാരവും വിവരിക്കുന്ന ധാരാളം കൃതികൾ പിന്നീടുണ്ടായിട്ടുണ്ട്. എല്ലാ കൃതി

കളുടെയും അടിത്തറ 'മതോപദേശസാരങ്ങ'ളാണ്. ഈ പുസ്തകത്തിൽ പരാമർശിക്കുന്ന അന്ത്യോഖ്യ പാത്രിയർക്കീസിന്റെ സ്ഥാനം ചരിത്രത്തിൽനിന്നു അപ്രത്യക്ഷമായിക്കഴിഞ്ഞു.

'മതോപദേശസാരങ്ങൾ' ഒരു പുനർവായന അർഹിക്കുന്ന കൃതിയാണ്. അതുകൊണ്ടാണ് വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിൽ പ്രവർത്തിക്കുന്ന സെന്റ് ഡയനീഷ്യസ് ഫൗണ്ടേഷൻ ഇതിന്റെ പുനഃപ്രസിദ്ധീകരണം നടത്തുന്നത്.

ഈ പതിപ്പ് പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകിയതു ഫൗണ്ടേഷന്റെ സെക്രട്ടറി ഫാ. എം. സി. കുര്യാക്കോസാണ്. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ദേവാലയങ്ങൾ കേന്ദ്രീകരിച്ചു ഊർജ്ജസ്വലനായ ഫാ. കുര്യാക്കോസിന്റെ നേതൃത്വത്തിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് സ്മാരക പ്രഭാഷണങ്ങൾ നടത്തി വരുന്നുണ്ട്. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വാസവും ജീവിതവും വെളിപ്പെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫാ. എം. സി. കുര്യാക്കോസിനെ ഇത്തരുണത്തിൽ ശ്ലാഘിക്കുന്നു.

ഈ കൃതിയുടെ പുതിയ പതിപ്പിനു അർത്ഥപൂർണ്ണമായ അവതാരിക എഴുതിയ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്കു പ്രത്യേകം നന്ദി.

സെന്റ് ഡയനീഷ്യസ് ഫൗണ്ടേഷനുവേണ്ടി

കോട്ടയം **പോൾ മണലിൽ**

26-2-2010

# സംഗതി വിവരങ്ങൾ


| | | പുറം |
|---|---|---|
| 1. | ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച് | 29 |
| 2. | പിതാവിനെക്കുറിച്ച് | 30 |
| 3. | പുത്രനെക്കുറിച്ച് | ” |
| 4. | ശുദ്ധമുള്ള റൂഹായെക്കുറിച്ച് | 32 |
| 5. | വിശുദ്ധ കൂദാശകളെക്കുറിച്ച് | ” |
| 6. | വിശുദ്ധ മാമോദീസായെക്കുറിച്ച് | ” |
| 7. | ശുദ്ധമുള്ള കുർബ്ബാനയെക്കുറിച്ച് | 34 |
| 8. | കുമ്പസാരത്തെക്കുറിച്ച് | 36 |
| 9. | വിശുദ്ധ തൈലങ്ങളെക്കുറിച്ച് | 38 |
| 10. | പട്ടത്വത്തെക്കുറിച്ച് | ” |
| 11. | വിവാഹത്തെക്കുറിച്ച് | 39 |
| 12. | രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച് | 40 |
| 13. | ശവസംസ്കാരത്തെക്കുറിച്ച് | 41 |
| 14. | പ്രാർത്ഥനയെക്കുറിച്ച് | ” |
| 15. | നോമ്പിനെക്കുറിച്ച് | 42 |
| 16. | ഞായറാഴ്ചകളെയും മാറാനായപ്പെരുന്നാളുകളേയുംകുറിച്ച് | 43 |
| 17. | പരിശുദ്ധന്മാരുടെ ഓർമ്മദിവസങ്ങളെക്കുറിച്ച് | 44 |
| 18. | ദൈവമാതാവിനെക്കുറിച്ച് | ” |
| 19. | പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച് | 45 |
| 20. | മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ച് | 47 |
| 21. | മരിച്ചവർക്കുവേണ്ടിയുള്ള നോമ്പ്, കുർബ്ബാന, ധർമ്മങ്ങൾ മുതലായവയെക്കുറിച്ച് | 49 |
| 22. | തിരുശേഷിപ്പുകളെക്കുറിച്ച് | 50 |

23. കുരിശുവരയേയും കുരിശുവന്ദനയേയുംകുറിച്ച് 50
24. കന്യാവ്രതത്തെക്കുറിച്ച് 52
25. പട്ടക്കാരുടെ വിവാഹത്തെക്കുറിച്ച് ”
26. മനുഷ്യന്റെ ആത്മാവിനെക്കുറിച്ച് 53
27. പാപത്തെക്കുറിച്ച് ”
28. അനുതാപത്തെക്കുറിച്ച് 54
29. നീതീകരണത്തെക്കുറിച്ച് 55
30. ശിക്ഷയ്ക്കും രക്ഷയ്ക്കും ഏറ്റക്കുറവ് ഉണ്ടെന്നുള്ളതിനെക്കുറിച്ച് 56
31. ഉയർപ്പിനെക്കുറിച്ച് ”
32. സ്വാതന്ത്ര്യസൃഷ്ടി, മുന്നറിവു, മുൻനിയമം എന്നിവയെക്കുറിച്ച് 57
33. വിശുദ്ധ പുസ്തകങ്ങളെക്കുറിച്ച് 59
34. സുന്നഹദോസുകളേയും സഭയുടെ അധികാരത്തെയും കുറിച്ചു മുൻകാലത്തു എഴുനേറ്റിട്ടുള്ള ചില വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശങ്ങളുടെ ചുരുക്കവും 61


### സുറിയാനി സത്യവിശ്വാസ സഭയിലെ

# മതോപദേശസാരങ്ങൾ

## 1 –ാം സംഗതി

### ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച്

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഒരുവൻ ഉണ്ട്. (ആദ്യ പു. 1:1; ഏശാ. 44:24; ആവ. 5:26; 1 യോഹ. 5:20; ദാനി. 2:28) സകലത്തിന്റെയും ആദികാരണനായിരിക്കുന്ന ഈ ഏകദൈവം അല്ലാതെ വേറെ ദൈവം ഇല്ല (ഏശായ. 43:11; 45:6). താൻ അനാദിയായുള്ളവനും നിത്യനും (ഏശായ. 41:42; 43:10) അശരീരിയും (യോഹ. 4:24) ജഡകൺകളാൽ കാണപ്പെടാത്തവനും (1 തിമൊ. 6:16) സർവ്വശക്തനും (മത്തായി. 19:26; ലൂക്കോ. 1:37) സർവ്വജ്ഞാനിയും (സങ്കീ. 147:5) സർവ്വവ്യാപിയും (സങ്കീ. 139:7) നന്മയിൽ പൂർണ്ണനും (പുറപ്പാ. 34:6) നിർണ്ണയിക്കപ്പെടാവതല്ലാത്തവനും (യോബ് 11:7) ഭേദമില്ലാത്തവനും (യാക്കോ. 1:17) സകലത്തേയും ഭരിക്കുന്നവനും ആകുന്നു (ലൂക്കോ. 10:21). ഈ ദൈവത്വത്തിൽ പിതാവെന്നും പുത്രനെന്നും ശുദ്ധമുള്ള റൂഹാ എന്നും മൂന്നാളുകൾ ഉണ്ട് (ആദ്യ പു. 1:26; 11:7; മത്തായി 3:16,17; 28:19). ആയതു ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും അത്രെ (ഏശാ. 6:3). തമ്മിൽ മുമ്പു പിമ്പൊ, വലിപ്പച്ചെറുപ്പമോ ശക്തി വ്യത്യാസമൊ, ഇല്ല. ഈ മൂന്നു ആളുകൾക്കും ഏക സാരാംശവും ഏകരാജിതവും ഏക സ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണയും ഏക ശക്തിയും ഏക ശ്രേഷ്ഠതയും ഏക കർത്തവ്യവും ആകുന്നു.

## 2 –ാം സംഗതി

### പിതാവിനെക്കുറിച്ച്

ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവായ ദൈവം സർവ്വ ശക്തനും (യോഹ. 10:29) ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവും അനാദിയായി തന്നിൽനിന്നു ജനിച്ച വചനമായ പുത്രൻെറ ജനകനും ദൈവത്തിന്റെ സകല ലക്ഷണങ്ങളോടും കൂടി ഇരിക്കുന്നവനും ആകുന്നു (1 കോറി. 8:6).

## 3 –ാം സംഗതി

### പുത്രനെക്കുറിച്ച്

ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമായവൻ അനാദിയായി പിതാവിൽനിന്നു ജനിച്ചവനും (യോഹ. 1:1; യോഹ. 14.) സാരാംശത്തിൽ പിതാവിനും ശുദ്ധമുള്ള റൂഹായിക്കും സമനും സൃഷ്ടിയില്ലാത്തവനും, ആകുന്നു (യോഹ. 10:30). താൻ ദൈവീകസ്ഥിതിയിൽ നിന്നു യാതൊരു ഭേദവും കൂടാതെ തന്റെയും തന്റെ പിതാവിന്റെയും ശുദ്ധമുള്ള റൂഹായുടെയും ഇഷ്ടപ്രകാരം മനുഷ്യരുടെ രക്ഷയ്ക്കായി വെടിപ്പുള്ള കന്യകയിൽനിന്നു ജഡമെടുത്ത് മനുഷ്യനായി തീരുകയും (മലാഖി. 3:6; എബ്രാ. 2:14; യോഹ. 1:14) ജഡത്തിൽ സത്യമായിട്ടു കഷ്ടപ്പെടുകയും (അപ്പോ: 1:3) കുരിശിൽ തറയ്ക്കപ്പെടുകയും (മർക്കൊ. 15:24) മരിക്കുകയും (റോമ: 5:6) കബറടക്കപ്പെടുകയും (1 കോറി. 15:4) പാതാളത്തിലേക്കു ഇറങ്ങിച്ചെന്ന് പാതാളത്തിലുള്ളവരോടു പ്രസംഗിക്കുകയും (1 പത്രോ. 3:19) മൂന്നാം ദിവസം കബറിൽനിന്നു ഉയർത്തെഴുനേല്ക്കുകയും (അപ്പോ. പ്ര. 2:32; ലൂക്കോ: 24:39) ഉയർപ്പിന്റെ ശേഷം നാല്പതാം ദിവസം സ്വർഗ്ഗത്തിലേക്കു കരേറി മഹത്വത്തിൽ തന്റെ പിതാവിൻെറ വലഭാഗത്ത് ഇരിക്കുകയും ചെയ്തു (ലൂക്കോ. 24:51). താൻ മനുഷ്യനായിതീർന്നു എന്നുള്ളത് കന്യകയിൽനിന്നു ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല, എന്നാലോ സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായാൽ



കന്യകയിൽനിന്നു ജഡമെടുത്തു സാക്ഷാൽ മനുഷ്യനായി തീരുകയും (എബ്രാ. 2:16; യോഹ. 1:14; ഏശാ. 7:14) ദൈവ സ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായി തീരുകയോ മനുഷ്യ സ്വഭാവം ഭേദപ്പെട്ട് ദൈവസ്വഭാവമായി തീരുകയോ തമ്മിൽ സമ്മിശ്രപ്പെടുകയോടു കൂടി കലർന്നു വേറൊരു വസ്തുവായി തീരുകയോ ഒന്നിനാൽ ഒന്നു നശിച്ചു പോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്തപ്രകാരം ദൈവത്വത്തിന്റെയും, പാപമൊഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണ ലക്ഷണങ്ങളോടുകൂടെ യോജിക്കപ്പെടുകയും ചെയ്തു. ഈ യോജിപ്പു മഹാ അത്ഭുതമായിട്ടുള്ളതാകുന്നു (കോലസ്യ. 2:9; എബ്രാ. 2:9; തീത്തൊ. 2:13; 1 തീമോത്തി 3:16 എബ്രാ. 1:2). യോജിപ്പിന്റെ ശേഷം രണ്ടു സ്വഭാവങ്ങളായോ രണ്ടു ക്നൂമകളായോ ആളുകൾ വേർതിരിയപ്പെടാവുന്നതല്ലാ. എന്നാലൊ ഏക സ്വഭാവവും, ഏക ആളും ഏക പർസൂപ്പായും* മുഖം ഏക ഇഷ്ടവും ഏക വ്യാപാരവുമത്രെ താൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആകുന്നു (എഫേ. 4:5; 1 കോറി. 1:13). തൻെറ മരണസമയം ആത്മാവു ശരീരത്തിൽനിന്നു വേർപിരിഞ്ഞപ്പോൾ തൻെറ ദൈവത്വം ആത്മാവിൽനിന്നും ശരീരത്തിൽനിന്നും വേർതിരിയാതെ അവ രണ്ടിനോടുംകൂടെ ഉണ്ടായിരുന്നു (യോഹ. 19:34). ഉയിർത്തെഴുനേല്പിൽ തൻെറ ശരീരത്തെ നാശമില്ലാത്തതാക്കിതീർത്തതിനാൽ ഇനിമേൽ മരണമെങ്കിലും യാതൊരു കഷ്ടത എങ്കിലും തൻെറ മേൽ അധികാരപ്പെടുന്നതുമല്ലാ (റോമ. 6:9). താൻ വഴിയും സത്യവും ജീവനുമാകുന്നു. തന്നാൽ അല്ലാതെ യാതൊരു ജഡവും രക്ഷിക്കപ്പെടുന്നതല്ല (യോഹ. 14:6; അപ്പോ. പ്ര. 4:12). ജീവനുള്ളവരേയും മരിച്ചവരേയും ന്യായംവിധിപ്പാനായിട്ടു വലുതായ തന്റെ മഹത്വത്തോടു കൂടെ രണ്ടാമതു താൻ വരികയും ചെയ്യും (അപ്പോ. 17:31.).

---

*ഇവിടെ പർസൂപ്പാ അല്ലെങ്കിൽ മുഖം എന്നു പറഞ്ഞിരിക്കുന്നത് ജഡത്തിനടുത്ത മുഖത്തെക്കുറിച്ചല്ല. ഹൃദയംകൊണ്ടു വിചാരിക്കപ്പെടാവുന്ന ഒരാകൃതിയെക്കുറിച്ചത്രേ.

## 4–ാം സംഗതി

### ശുദ്ധമുള്ള റൂഹായെക്കുറിച്ച്

ത്രിത്വത്തിൽ ഒരുവനായി ആശ്വാസപ്രദനായിരിക്കുന്ന ശുദ്ധമുള്ള റൂഹായായ ദൈവം പിതാവിനും പുത്രനും സമനും, സൃഷ്ടിയല്ലാത്തവനും; ആദ്യന്തമില്ലാത്തവനും, (2 കോറി. 3:18; 13:13) പിതാവിൽനിന്നു പുറപ്പെട്ടവനും (യോഹ. 15:26) പുത്രനിൽനിന്ന് എടുക്കുന്നവനും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും (യോഹ. 16:14) നിബിയന്മാരെക്കൊണ്ടും ശ്ലീഹന്മാരെക്കൊണ്ടും പറയിച്ചവനും ആകുന്നു (2 പത്രോ. 1:21; മത്താ. 10:20).

## 5–ാം സംഗതി

### വിശുദ്ധ കൂദാശകളെക്കുറിച്ച്

കൂദാശകൾ മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്ക് ആവശ്യപ്പെട്ടവയായി നമ്മുടെ കർത്താവു കല്പിച്ചു നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ വിശുദ്ധ കർമ്മങ്ങൾ ആകുന്നു. ഇവയ്ക്കു വിശുദ്ധ രഹസ്യങ്ങൾ എന്നുകൂടി പേരു പറയപ്പെടുന്നു. മാമ്മോദീസാ (യോഹ. 3:5) കുർബ്ബാന (യോഹ. 6:53) കുമ്പസാരം (യാക്കോ. 5:16) മൂറോൻ (1 യോഹ. 2:27) പട്ടത്വം (എബ്രാ. 5:14) വിവാഹം (മത്തായി 19:6) രോഗികളുടെ തൈലാഭിഷേകം (യാക്കോ. 5:14) ഇങ്ങനെ ഏഴു കൂദാശകൾ ഉള്ളവയിൽ അഞ്ചു പൊതുവേ സകല മനുഷ്യർക്കും, പട്ടത്വം, വിവാഹം ഇവ രണ്ടും മനസ്സുള്ളവർക്കു മാത്രവും ആവശ്യപ്പെട്ടവയാകുന്നു. സകല കൂദാശകളെയും അതാതിനുവേണ്ടിയ യോഗ്യതകളോടുംകൂടെ കൈക്കൊള്ളേണ്ടതാകുന്നു. അപ്രകാരം കൈക്കൊള്ളുന്നവർക്കു കൃപ ലഭിക്കയും തങ്ങളിലുള്ള കൃപ വർദ്ധിക്കയും ചെയ്യുന്നു.

## 6–ാം സംഗതി

### വിശുദ്ധ മാമ്മോദീസായെക്കുറിച്ച്

മാമ്മോദീസാ സകല കൂദാശകളിലുംവച്ചു ഒന്നാമത്തേതാകുന്നു. ഈ കൂദാശ കൈക്കൊള്ളാതെ മറ്റുള്ളവയെ കൈക്കൊള്ളുവാൻ



പാടുള്ളതല്ല. മാമ്മോദീസായാൽ പുത്രസ്വീകാരം ലഭിക്കയും (ഗലാ. 3:27, 29; യോഹ. 3:50) പാപമോചനത്തിനും ശുദ്ധമുള്ള റൂഹായുടെ ദാനത്തിനും (അപ്പോ. പ്ര. 22:16, 2:38) ദൈവപുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധത്തിനും പാത്രീഭവിക്കയും ചെയ്യുന്നു (1 കോറി. 12:13). എന്നാൽ ഭക്തിയോടും വിശ്വാസത്തോടുംകൂടെ മാമ്മോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാകുന്നു (അപ്പോ. 8:36,37). എന്തുകൊണ്ടെന്നാൽ പുത്രസ്വീകാരവും ദൈവസ്നേഹവും ലഭിക്കുന്നതു വിശ്വാസം വഴിയായിട്ടത്രെ (ഗലാ. 3:26). മാമ്മോദീസാ മുതലായ കൂദാശകളിൽ ഉപയോഗിച്ചുവരുന്ന മൂറോൻ, സൈത്തു, വെള്ളം മുതലായ സാധനങ്ങളും, വിശ്വാസം ഏറ്റു പറയിക്കുക, കൈവയ്ക്കുക, ഊതുക, നെറ്റിമേൽ കുരിശടയാളം വരയ്ക്കുക മുതലായ കർമ്മങ്ങളും ദൈവത്തിൽനിന്നു നാം കൈക്കൊള്ളുന്ന നൽവരങ്ങളേയും നാം വിശ്വസിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമായ മുറകളേയും മ്ശിഹാ പ്രവർത്തിക്കയും ദൈവാത്മാവ് അപ്രത്യക്ഷമായി പ്രവർത്തിക്കുന്നവയുമായ ഓരോ വ്യാപാരങ്ങളേയും ദൃഷ്ടാന്തപ്പെടുത്തി കാണിക്കുന്നവയാകുന്നു. വെള്ളത്താൽ ശരീരത്തിന്റെ അഴുക്കിനെ കഴുകിക്കളയുന്ന പ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടുംകൂടെ മാമ്മോദീസാ കൈക്കൊള്ളുന്നവർ തങ്ങളുടെ ആത്മാവിന്റെ പാപക്കറകളെ കഴുകി കളയുന്നതിനാൽ സ്നാനം എന്നർത്ഥമുള്ള മാമ്മോദീസാ എന്നും (റോമ. 6:34); (1 പത്രോ. 3:21); (യോഹ. 20:22; 13:14,15) (അപ്പോ. 8:17) ഇതിനാൽ അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നു ദൈവം അറിവിന്റെ പ്രകാരത്തിലേക്കു അടുത്തു വരുന്നതിനാൽ പ്രകാശമെന്നും (1 പത്രോ. 2:9) ആദ്യമേ സ്ത്രീകളുടെ ഗർഭപാത്രത്തിൽനിന്നു ജനിച്ചിരിക്കുന്നവർ രണ്ടാമതും മാമ്മോദീസായാകുന്ന ഗർഭപാത്രത്തിൽനിന്നു കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടുംജനനമെന്നും ഇതിനു പേരുകൾ പറയുന്നുണ്ട്. കർമ്മപാപത്താൽ മാത്രമല്ലാ ജന്മപാപത്താലും മനുഷ്യജാതി മുഴുവനും ദൈവശിക്ഷയ്ക്കു പാത്രമായിത്തീർന്നിരിക്കകൊണ്ടും മാമ്മോദീസാ മൂലം പാപങ്ങൾ മോചിപ്പിക്കപ്പെടുകയും ദൈവകൃപ ലഭിക്കുകയും ചെയ്യുന്നതിനാലും (യോഹ. 3:3; തീത്തോ. 3:5) ചെറിയ പൈതങ്ങൾക്കു മാമ്മോദീസായുടെ നൽവരം വിരോധിച്ചു കൂടാത്തതാകുന്നു. മാമ്മോദീസായിൽ മദ്ധ്യസ്ഥനെ നിർത്തുന്നതു രക്ഷയ്ക്കായി തങ്ങളുടെ

വാഞ്ഛയെ കാണിപ്പാനും ചെറിയ പൈതങ്ങളുടെ മാമ്മോദീസായിൽ മാമ്മോദീസാ മുങ്ങുന്ന പൈതങ്ങൾ നടത്തേണ്ട ഏറ്റു പറച്ചിൽ മുതലായ സംഗതികളെ അവർക്കു പകരം പ്രതിനിധികളായി നിന്നുകൊണ്ടു നടത്തുവാനും അവരെ സത്യവിശ്വാസം മുതലായവ പഠിപ്പിക്കേണ്ടതിന് ചുമതലക്കാരായി ഇരിപ്പാനുമത്രെ (മർക്കോ. 10,13,14,16; ആദ്യ പു. 17:10-14). പാപമോചനത്തിനു മാമ്മോദീസാ ഒന്നു മാത്രമേയുള്ളൂ (എഫേ. 4:8). അതിനാൽ ഒരുത്തൻ മാമ്മോദീസാ കൈക്കൊണ്ടശേഷം മിശിഹായിലുള്ള വിശ്വാസം ഉപേക്ഷിക്കുകയും പിന്നത്തേതിൽ വിശ്വസിച്ചു തിരിച്ചു വരികയും ചെയ്താൽ അവനെ രണ്ടാമതും മാമ്മോദീസാ മുക്കുവാൻ ആവശ്യമില്ല, അനുതാപത്താൽ മാത്രം കൈക്കൊള്ളേണ്ടതാകുന്നു. എന്നാൽ വിശുദ്ധ സഭയുടെ സത്യവിശ്വാസത്തിൽനിന്നു തെറ്റിയവരും പട്ടത്വത്തിന്റെ ശരിയായ കൈവെപ്പ് ഇല്ലാത്തവരുമായ വേദവിപരീതികളാൽ കഴിക്കപ്പെടുന്ന മാമ്മോദീസാ പൂർണ്ണതയുള്ളതെന്നു വിചാരിക്കാതെ ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്നപ്രകാരം അതാതു വേദവിപരീതികളുടെ വിശ്വാസസ്ഥിതി നോക്കി ചിലരേ തൈലാഭിഷേകത്തിന്റെ ശുശ്രൂഷ കഴിച്ച് മൂറോൻ മാത്രം പൂശുകയും, ചിലരെകൊണ്ടു അവരുടെ വേദവിപരീതങ്ങൾ ഉപേക്ഷിപ്പിക്ക മാത്രം ചെയ്യുകയും, ചിലരെ മാമ്മോദീസായുടെ ശുശ്രൂഷ മുഴുവനും തികച്ച് മാമ്മോദീസാ മുക്കുകയും ചെയ്യേണ്ടതാകുന്നു.

## 7 –ാം സംഗതി

### ശുദ്ധമുള്ള കുർബ്ബാനയെക്കുറിച്ച്

കുർബ്ബാന എന്നത് നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കും, പുലർച്ചയ്ക്കുംവേണ്ടി ഭക്ഷണവും പാനീയവുമായി കർത്താവേശു മിശിഹായുടെ തിരുശരീരരക്തങ്ങൾക്കു നമ്മെ സംബന്ധിപ്പിക്കുന്ന ഒരു കൂദാശയത്രേ. വചനമായ ദൈവം മനുഷ്യസ്വഭാവത്തോടു യോജിച്ചതിനാൽ (എബ്രാ. 2:9) തന്റെ മനുഷ്യത്വത്തിനും ദൈവമെന്നു പേരു വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം കുർബ്ബാനയിൽ അണയ്ക്കുന്ന അപ്പത്തിലും വീഞ്ഞിലും ശുദ്ധമുള്ള റൂഹായായ ദൈവം ആവസിക്കുന്നതിനാൽ ഇത് എന്റെ ശരീരമാകുന്നു എന്നും ഇത് എന്റെ രക്തമാകുന്നു എന്നുമുള്ള തന്റെ കല്പനപോലെ (മർക്കോ. 14:22-24;



മത്താ. 26:26-28; ലൂക്കോ. 22:19-20; 1 കോറി. 11:24-29) അവയേ കർത്താവിന്റെ ശരീരരക്തങ്ങളെന്നു വിശ്വസിപ്പാനുള്ളതാകുന്നു. അവ സ്വഭാവേന ശരീരരക്തങ്ങളെന്നല്ലാ എന്നാലൊ കൃപയാലുള്ള ശരീരരക്തങ്ങളെന്നത്രേ. കാഴ്ചയിലും രുചിയിലും വസ്തു ഭേദപ്പെട്ടു കാണുന്നില്ലെങ്കിലും (1 കോറി. 11:26) വിശ്വാസത്തോടും ഭക്തിയോടും കൂടെ കൈക്കൊള്ളുന്നവർക്ക് കർത്താവിന്റെ ശരീരരക്തങ്ങളുടെ ഫലമായ പാപമോചനവും നിത്യജീവനും ലഭിക്കുന്നതാകുന്നു. (1 കോറി. 11:28; മത്താ. 26:28; യോഹ. 6:51, 53,54,56,57) തിരിച്ചറിവും ഭക്തിയും കൂടാതെ ഭക്ഷിക്കുന്നവർക്കോ ശിക്ഷാവിധി ഉണ്ടാകുകയും ചെയ്യും (1 കോറി. 11:29-30). കുർബ്ബാന മിശിഹായുടെ തിരുശരീരരക്തങ്ങളുടെ ഒരു സംബന്ധം എന്നു മാത്രമല്ല (1 കോറി. 10:16) പുതിയനിയമപ്രകാരമുള്ള ഒരു ബലിയും കാഴ്ചയും കൂടെയത്രെ (മാലാ. 1:11; മത്തായി 5:23-24; എഫേ. 5:2). ഈ ബലി മിശിഹായുടെ ഏക ബലി ഉണ്ടാകുവാനിരിക്കുന്നു എന്ന് മുൻകുറി കാണിച്ചിരുന്ന രക്തബലി മുതലായ ന്യായപ്രമാണ ബലികളേക്കാൾ ഫലമേറിയതും മഹിമയേറിയതും ആകുന്നു (എബ്രാ. 10:1,13,14). ലോകരക്ഷയ്ക്കു വേണ്ടിയുള്ള മിശിഹായുടെ ഏക ബലി നിവർത്തിച്ചിരിക്കുന്നു എന്നു ഇതിനാൽ കാണിക്കുകയും തന്റെ ജനനം, പരസ്യശുശ്രൂഷ, മരണം, കബറടക്കം, ഉയർത്തെഴുനേൽപ് മുതലായവയെ ഓർപ്പിക്കയും ചെയ്യുന്നു (ലൂക്കോ. 22:18; 1 കോറി. 11:20, 24-26). കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പം, വീഞ്ഞ്, തബിലൈത്താ മുതലായ സാധനങ്ങളും പട്ടക്കാരൻ നിവർത്തിക്കുന്ന അപ്പം കണ്ടിപ്പു ആഘോഷം മുതലായ കർമ്മങ്ങളും മിശിഹാ തന്റെ ഏക ബലിയിൽ ഉപയോഗിച്ച സാധനങ്ങളെയും കർമ്മങ്ങളെയും മറ്റും ദൃഷ്ടാന്തപ്പെടുത്തുന്നവയാകുന്നു. കണ്ടിപ്പിന്റെ ശുശ്രൂഷയാകുന്ന ശരീരവും രക്തവും തമ്മിലുള്ള കലർത്തിപ്പു കൂടാതെ ശരീരം മാത്രമോ രക്തം മാത്രമോ ജനത്തിനു കൊടുപ്പാൻ അധികാരമില്ല. കണ്ടിപ്പിന്റെ ശുശ്രൂഷയാൽ ശരീരത്തിൽ രക്തവും രക്തത്തിൽ ശരീരവും യോജിപ്പിക്കുന്നതായാൽ കാസായിൽനിന്നോ പീലാസായിൽനിന്നോ കൊടുക്കാവുന്നതും അവ രണ്ടിൽനിന്നും കൂടി കൊടുക്കുന്നതു ശരീരവും രക്തവും ഈ രണ്ടു തവണ കൊടുക്കുന്നതായാൽ അത് അനാവശ്യവുമാകുന്നു (റോമ. 6:9; ഏശാ. 6:6-7; യോഹ. 6:5). കുർബ്ബാന കൈക്കൊള്ളുന്നവർ സത്യകുമ്പസാരം നടത്തി വിശ്വാസത്തോടും

ഭക്തിയോടും പ്രാർത്ഥനയോടും കുർബ്ബാനയുടെ ബഹുമാനത്തിനായി നോമ്പു മുതലായ ഒരുക്കങ്ങളോടും കൂടെ കൈക്കൊള്ളേണ്ടതാകുന്നു (റോമ. 9:6; ഏശാ. 6:6-7; യോഹ. 6:51). അത്യന്തം രോഗത്തിൽ കിടക്കുന്നവർക്ക് ഭക്ഷണത്തിൽനിന്നുള്ള ഉപവാസം കൂടിയേ മതിയാവൂ എന്നു നിർബന്ധമില്ല. മ്ശിഹാ തന്റെ തിരുവത്താഴത്തിൽ ഉപയോഗിച്ച അപ്പം* പുളിപ്പുള്ളതായിരുന്നപ്രകാരംതന്നെ കുർബ്ബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കേണ്ടതാകുന്നു (മർക്കോ. 1:4,22; 1 കോറി. 5:8). താൻ സർവ്വലോകത്തേയും ജീവിപ്പിക്കുന്ന ജീവന്റെ പുളിപ്പാകുന്നു എന്ന് ഇതിനാൽ ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്യുന്നു. (മത്താ. 13:33)

## 8 –ാം സംഗതി

### കുമ്പസാരത്തെക്കുറിച്ച്

കുമ്പസാരം എന്നതു തങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ച് ദൈവത്തിന്റെ സ്ഥാനാപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റു പറഞ്ഞു ദൈവത്തോടു അനുതപിക്കുകയും അനുതാപം മൂലം പട്ടക്കാരൻ വഴിയായി ദൈവത്തിൽനിന്നു മോചനം ലഭിക്കുകയും ചെയ്യുന്നതായ ഒരു കൂദാശയത്രേ, ഇതിന് അനുതാപത്തിന്റെ രഹസ്യം എന്നുകൂടെ പേർ പറയപ്പെടുന്നുണ്ട്. പട്ടക്കാർ ദൈവത്തിന്റെ സ്ഥാനാപതികളായി പൊതുവേ ജനത്തോടു പ്രസംഗിച്ചു ഗുണദോഷിക്കയും പരസ്യമായ പാപങ്ങൾക്കു പരസ്യമായി ശാസിക്കുകയും അവരെ സത്യവഴിയിൽ ചെയ്യേണ്ടതു കൂടാതെ കഴിയുന്നതായിരുന്നാൽ ഓരോത്തരുടെ പ്രവൃത്തികളും അകമെയുള്ള സ്ഥിതിയും ഏതു പ്രകാരം ഇരിക്കുന്നു എന്ന് അറിഞ്ഞ് പ്രത്യേകം പ്രത്യേകം ഓരോരുത്തർക്കു വേണ്ടിയിരിക്കുന്ന പ്രകാരമുള്ള ഗുണദോഷങ്ങൾ പറഞ്ഞു കൊടുത്ത് അവരെ വഴിതെറ്റിൽനിന്ന് തിരിപ്പിക്കുകയും അവരുടെ പാപങ്ങളെക്കുറിച്ച് ഒരു പിതാവിനെപ്പോലെ

---

*സുറിയാനിയിൽ ഇവിടെ അപ്പം എന്നുപയോഗിച്ചിരിക്കുന്ന പദം പുളിച്ച മാവുകൊണ്ടു ഉണ്ടാക്കുന്ന അപ്പത്തിനു ഉപയോഗിക്കുന്നതല്ലാതെ പുളിപ്പില്ലാത്തതുകൊണ്ടു ഉണ്ടാക്കുന്ന അപ്പത്തിന് ഉപയോഗിക്കുന്നതല്ല.



സ്നേഹത്തോടുകൂടെ ശാസിക്കുകയും നോമ്പു, ധർമ്മം മുതലായി ഓരോരുത്തർക്കു തക്കതായ ചില പ്രായശ്ചിത്തങ്ങൾ നിശ്ചയിക്കയും കർത്താവിന്റെ നീതിയെ ചൂണ്ടികാണിച്ചു ഭയപ്പെടുത്തുകയും തന്റെ കരുണയെ കാണിച്ചു കൃപയിൽ ആശ്രയിപ്പിച്ച് ആശ്വസിപ്പിക്കുകയും (മാലാഖി. 2:7; ഹെസ. 3:17-21; തീത്തോ. 1:9; 1 തീമോത്തി. 5:20) അവരുടെമേൽ പാപപരിഹാരത്തിന്റെ പ്രാർത്ഥന കഴിച്ച് കർത്താവിന്റെ നാമത്തിൽ അവരെ അനുഗ്രഹിക്കുകയും ചെയ്യേണ്ടതു എത്രയും യോഗ്യവും മുറയും ആകുന്നു (ലേവ്യ. 5:6). ഇപ്രകാരം പട്ടക്കാരൻ ചെയ്യേണ്ടതിന് ഓരോരുത്തരുടെ പ്രവൃത്തികളും സ്ഥിതിയും ഏതുപ്രകാരം ഇരിക്കുന്നു എന്ന് അറിവാൻ ആവശ്യമാകയാൽ കുമ്പസാരിക്കുന്നവർ തങ്ങളുടെ സകല പാപങ്ങളേയും മനസാക്ഷിയുടെ സ്ഥിതിയേയും പട്ടക്കാരനോട് വെളിപ്പെടുത്തേണ്ടതാകുന്നു (ആവർത്ത. 26:3-10; സങ്കീ. 111:1; മത്തായി 3:6, 8:4; അപ്പോ. 19:18; യാക്കോ. 5:16; സംഖ്യ 5:6-7; ലേവ്യ. 13:1; സുഭാ. 28:13). കുമ്പസാരത്തിൽ പട്ടക്കാരനോടു ഏറ്റു പറയപ്പെടുന്ന രഹസ്യപാപങ്ങളെ പട്ടക്കാരൻ ഒരുത്തനോടും വെളിപ്പെടുത്തുകയും അരുതു. വെളിപ്പെടുത്തുന്ന പട്ടക്കാരൻ ശിക്ഷാവിധിക്കു യോഗ്യനായിത്തീരുകയും ചെയ്യും (സുഭാ. 11:13; 25:9). പട്ടക്കാർക്കു പാപങ്ങളെ മോചിപ്പാനുള്ള അധികാരം അവരുടെ സ്വന്തനീതിയാലോ അധികാരത്താലോ അല്ല (അപ്പോ. 3:12). അവരുടെ ഗുണദോഷത്താലും (യാക്കോ. 5:19-21) പ്രാർത്ഥനയാലും (1 തീമോത്തി. 2:1) കർത്താവിൽനിന്ന് അവർക്ക് ലഭിച്ചിട്ടുള്ള നൽവരത്താലും അവർ വഴിയായി പാപികൾക്കു മോചനം ലഭിക്കുന്നതിനെക്കുറിച്ചു പറയുന്നതത്രേ (യോഹ. 20:22-23; 1 തീമോ. 4:14). പത്രോസിന്റെ പ്രാർത്ഥനയാൽ കർത്താവു ഉയർപ്പിച്ച സ്ത്രീയെ പത്രോസ് ഉയർപ്പിച്ചു എന്നു പറയുന്നതു നീതിയെങ്കിൽ കുമ്പസാരത്തിലും മറ്റും പട്ടക്കാർ വഴിയായി കർത്താവു ചെയ്തു കൊടുക്കുന്ന പാപമോചനത്തെക്കുറിച്ചു പട്ടക്കാർക്കു പാപങ്ങളെ മോചിപ്പാൻ അധികാരമുണ്ട് എന്നു പറയുന്നത്, 'നിങ്ങൾ ഒരുത്തനോട് പാപങ്ങളെ ക്ഷമിക്കുമെങ്കിൽ അവനോടു ക്ഷമിക്കപ്പെടും' എന്നുള്ള കർത്താവിന്റെ കല്പനയ്ക്കു ചേരുന്നത് എന്നല്ലാതെ യാതൊരു പ്രകാരത്തിലും ദൈവദൂഷണമായി തീരുന്നതല്ല.

# 9–ാം സംഗതി

### വിശുദ്ധ തൈലങ്ങളെക്കുറിച്ച്

മാമ്മോദീസായിൽ നാം മ്ശിഹായെ ധരിക്കുകയും, (ഗലാ. 3:27) വെള്ളത്തിൽനിന്നു മാത്രമല്ല, ശുദ്ധമുള്ള റൂഹായിൽനിന്നുംകൂടെ വീണ്ടും ജനിക്കുകയും (യോഹ. 3:5) അവനാൽ അഭിഷേകം ചെയ്യപ്പെട്ടു ജീവങ്കലേക്ക് മുദ്രകുത്തപ്പെടുകയും ചെയ്യേണ്ടതു ആവശ്യമാകയാൽ അവയുടെ ദൃഷ്ടാന്തത്തിന്നായി ശുദ്ധമുള്ള മൂറോൻ, ശുദ്ധീകരിക്കപ്പെട്ട സൈത്ത് എന്ന വിശുദ്ധ തൈലങ്ങളാൽ അഭിഷേകം ചെയ്യപ്പെടുകയും മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടതാകുന്നു (എഫേ. 1:13). പ്രധാന മേല്പട്ടക്കാരനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്ന മൂറോൻ മാമ്മോദീസായിൽ ഉപയോഗിച്ചു വരുന്നതു കൂടാതെ പള്ളികൂദാശ, തബിലൈത്താ കൂദാശ ഇവകളിലും, മേല്പട്ടക്കാരാൽ ശുദ്ധീകരിക്കപ്പെടുന്ന സൈത്തു മാമ്മോദീസായിലും ഉപയോഗിച്ചു വരുന്നു. എന്നാൽ ഈ വിശുദ്ധതൈലംകൊണ്ടുള്ള ഉപയോഗം നാം മ്ശിഹായെ ധരിക്കയും ശുദ്ധമുള്ള റൂഹായാൽ വീണ്ടും ജനിക്കയും തന്നാൽ ജീവങ്കലേക്കു മുദ്ര കുത്തപ്പെടുകയും ചെയ്യണമെന്ന് പഠിപ്പിക്കയും അങ്ങനെ ചെയ്യുന്നു എന്നു ക്രിയയാൽ ദൃഷ്ടാന്തപ്പെടുത്തി കാണിക്കയും ചെയ്യുന്നു. ഇങ്ങനെ ഉപയോഗിക്കുമ്പോൾ ആത്മാവിലും അപ്രകാരം ഫലിക്കത്തക്കവണ്ണം വിശ്വാസത്തോടും ഭക്തിയോടുംകൂടെ അവയെ ഉപയോഗിക്കേണ്ടതാകുന്നു (പു. 30:22–33; പാട്ടു. 3:6; 1 യോഹ. 2:27).

# 10–ാം സംഗതി

### പട്ടത്വത്തെക്കുറിച്ച്

പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിനടുത്തവരും, മൃഗസ്വഭാവികളെ ദൈവസ്വഭാവികളും ആക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും കാണപ്പെടാത്ത ദൈവത്തിന്റെ സ്ഥാനാപതികളും (2 കോറി. 5:20) തന്റെ സഭയ്ക്ക് 'ഏല്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധ കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു' (അപ്പോ. പ്ര. 6:4). ഒരുത്തനും സ്വമേധയാ തനിയ്ക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല (എബ്രാ. 5:4). ദൈവത്തിന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരും മ്ശിഹായിൽനിന്നുള്ള കൈവെപ്പു വഴിയായി മേല്പട്ടക്കാരിൽനിന്നും കൈവെപ്പു പ്രാപിച്ചവരുമായവർക്കു മാത്രം അത് ഇരിക്കുന്നതാകുന്നു (1 തിമോ. 4:14; യോഹ. 20:22–23; അപ്പോ. 12:2–3; 2 തിമോ. 2:2; തീത്തോ. 1:5). ഇപ്രകാരം ഉള്ള കൈവെപ്പും അനുവാദവും കൂടാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല (യറമി. 23:21). സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോക്യാസിംഹാസനത്തിന്മേൽ വാഴുന്ന മോറോൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു. പട്ടത്വത്തിനടുത്തവർ സുന്നഹദോസുകളാലോ താന്താങ്ങളുടെ മേലധികാരികളാലോ തള്ളപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അയോഗ്യരായിരുന്നാലും അവരിൽ ശുശ്രൂഷിക്കപ്പെടുന്ന കൂദാശകളുടെ ഫലത്തെക്കുറിച്ച് സംശയിക്കയോ അവയിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്വാൻ ഒരുത്തനും ന്യായമില്ല (മത്താ. 23:2–3). ശുദ്ധമുള്ള അഭിഷേകം അവരാൽ ഉള്ളതുകൊണ്ടും കൂദാശകൾ മ്ശിഹായുടെ നാമത്തിൽ ശുശ്രൂഷിക്കപ്പെടുന്നവയാകകൊണ്ടും അവയുടെ ഫലം അവയെ ശുശ്രൂഷിക്കുന്ന പട്ടക്കാരന്റെ നീതിയിൽ അല്ലായ്കകൊണ്ടും നല്ല ആന്തരത്തോടും സത്യവിശ്വാസത്തോടുംകൂടെ അവയിൽ സംബന്ധിക്കുന്നവർക്ക് അവയുടെ ഫലം ലഭിക്കുകയും അയോഗ്യതയോടെ ശുശ്രൂഷിക്കുന്ന പട്ടക്കാർക്കോ അവ ശിക്ഷാവിധിക്കായി തീരുകയും ചെയ്യുന്നു (ലേവ്യ. 21:12; മത്താ. 7:22–23). എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെശേഷം അവർ യാതൊരു കൂദാശകളും കഴിച്ചു കൂടാത്തതും ശങ്കതീർന്ന് കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചു കൂടാത്തതുമാകുന്നു (മത്താ. 18:17; 1 കോറി. 5:11).



# 11–ാം സംഗതി

### വിവാഹത്തെക്കുറിച്ചു

വിവാഹം എന്നതു പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിയാത്തവണ്ണം ആത്മപ്രകാരം അവരെ ബന്ധിക്കയും അവർക്കു ഏവരുടെ സംഗതികൾക്കും ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളും വാഴ്വുകളും

കൊടുക്കുകയും ചെയ്യുന്ന ഒരു വിശുദ്ധകൂദാശയാകുന്നു. വിവാഹം നല്ലതും (എബ്രാ. 13:4) വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചുകൂടാത്തതുമത്രെ (1 തിമോ. 4:3). എന്നാൽ തന്റെ ഭാര്യ ജീവനോടിരിക്കെ വേറൊരു സ്ത്രീയെ വിവാഹം കഴിക്കുകയോ സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്ന കാരണങ്ങളാൽ ഒഴികെ തന്റെ ഭാര്യയെ ഉപേക്ഷിക്കുകയോ അതിൽ വിരോധിച്ചിരിക്കുന്ന സംബന്ധമുറകളിൽനിന്ന് വിവാഹം കഴിക്കുകയോ ചെയ്‌വാൻ ഒരുത്തനും ന്യായമില്ല (മത്താ. 19:4-9; ലേവി. 18). വിവാഹം ഒരു ഉടമ്പടി എന്നു മാത്രമല്ല (റോമ. 7:2) ഒരു വിശുദ്ധ കൂദാശയും ആകുന്നു. പുരുഷനു സ്ത്രീ വിവാഹം പറഞ്ഞു ബോധിക്കപ്പെടുന്നതും അവർ ഇരുവരും ഒരു ജഡമായി ഇണചേർക്കപ്പെടുന്നതും ദൈവത്താൽ ആകകൊണ്ടു ദൈവത്തിന്റെ സ്ഥാനാപതിയായ പട്ടക്കാരൻ കൂടാതെ വിവാഹകൂദാശ നിവർക്കപ്പെടാവുന്നതുമല്ല (മത്താ. 19:6; സുഭാ. 19:14).

## 12-ാം സംഗതി

### രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച്

ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിക്കയും (യാക്കോ. 5:16; 1 തെസ്സ. 1:2) തമ്മിൽ തമ്മിൽ ഭാരം വഹിക്കയും ചെയ്യേണ്ടതു കൂടാതെ (ഗലാ. 6:2) രോഗികളായവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കയും പട്ടക്കാർ രോഗികളോട് ഗുണദോഷിച്ച് ആത്മാവിൽ ധൈര്യപ്പെടുത്തുകയും അവരുടെ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയ്ക്കുവേണ്ടി പ്രാർത്ഥിക്കയും കർത്താവിന്റെ നാമത്തിൽ അവരെ സൈത്തു പൂശുകയും ചെയ്യേണ്ടതാകുന്നു. മേല്പട്ടക്കാരാലോ കന്തീലായുടെ ക്രമപ്രകാരം സൈത്തു ശുദ്ധീകരിപ്പാൻ അനുവാദം ലഭിച്ചിട്ടുള്ള പട്ടക്കാരാലോ ശുദ്ധീകരിക്കപ്പെടുന്നതും കൃപയുടെ എണ്ണയെന്നു പേർ പറയപ്പെടുന്നതുമായ ഈ സൈത്തു രോഗികളുടെ മേൽ പൂശുന്നതും ഈ കൂദാശ നിവർത്തിക്കുന്നതും മരണനേരത്തിൽ ഉണ്ടാകുന്ന സാത്താന്റെ പരീക്ഷകളെ ജയിക്കുന്നതിനു രോഗികളെ ധൈര്യപ്പെടുത്തുവാനും ഈ ലോകമോഹങ്ങളെ ഉപേക്ഷിച്ച് തങ്ങളുടെ ആത്മാക്കൾ ദൈവകൃപയാകുന്ന എണ്ണകൊണ്ടു പൂശപ്പെട്ടിരിക്കണമെന്നു കാണിപ്പാനും പാപമോചനത്തിനും മാത്രമല്ലാ, കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ രോഗശാന്തതയ്ക്കു കൂടെ ഒരു കാരണമായി തീരുവാനും ആകുന്നു (യാക്കോ. 5:14-15; മർക്കോ. 6:13).



## 13-ാം സംഗതി

### ശവസംസ്കാരത്തെക്കുറിച്ച്

മനുഷ്യൻ ശരീരത്തോടുകൂടെയിരിക്കുമ്പോൾ ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും ഉയിർപ്പിന്റെശേഷം പ്രകൃതിവ്യത്യാസത്തോടുകൂടെയെങ്കിലും ശരീരത്തോടുകൂടെതന്നെ ഭാഗ്യമോ ശിക്ഷയോ അനുഭവിക്കുന്നതാകുന്നു. അതിനാൽ മരിച്ചുപോകുന്ന ആളുകളുടെ ശരീരങ്ങളെ മൃഗങ്ങളുടേതുപോലെ യാതൊരു കർമ്മവും പ്രാർത്ഥനയും കൂടാതെ കുഴിച്ചിടുന്നതു യോഗ്യമല്ല (1 കോറി. 15:53; 2 കോറി. 5:10). എന്നാലോ, നമുക്ക് ഉയിർപ്പിന്റെ ശരണം ഉള്ളതിനാൽ (1 തെസ്സ. 4:13) മേല്പട്ടക്കാർ, പട്ടക്കാർ, ദയറായക്കാർ, അയ്മേനികൾ മുതലായവരെ അവരവരുടെ പദവിക്ക് തക്കപോലെ സഭയിൽ നിയമിക്കപ്പെട്ടിരിക്കുന്ന കർമ്മങ്ങളോടും പ്രാർത്ഥനകളോടും കബറടക്കേണ്ടതും മരിച്ചവരെ കബറടക്കുന്നതിൽ വളരെ താല്പര്യവും ഭക്തിയും ഉണ്ടായിരിക്കേണ്ടതും ആകുന്നു. അപ്രകാരംതന്നെ ക്രിസ്ത്യാനികളുടെ കുട്ടികൾ മാമ്മോദീസാ മുങ്ങാതെ മരിക്കുന്നതിനു ഇടയായാൽ അവർ വിശ്വാസികളുടെ മക്കളാകകൊണ്ട് അവരെയും പ്രാർത്ഥനയോടും കൂടെ കബറടക്കേണ്ടതാകുന്നു.

## 14-ാം സംഗതി

### പ്രാർത്ഥനയെക്കുറിച്ച്

പ്രാർത്ഥന എന്നതു മനുഷ്യർ തങ്ങളുടെ സൃഷ്ടാവിന്റെ കർത്തവ്യത്തിൽതന്നെയും നിന്ന് അനുഭവിക്കുന്ന നന്മകളെയും തിരിച്ചറിഞ്ഞു സ്തുതിപാടി തന്റെ ഇഷ്ടം സമ്പാദിക്കയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും ശരീരത്തിന്റെ പുലർച്ചയ്ക്കും ആവശ്യമുള്ള കാര്യങ്ങളെ തന്നോടു ചോദിച്ചു വാങ്ങിക്കുകയും

ചെയ്വാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സൃഷ്ടാവായ ദൈവത്തിങ്കലേക്കു ഉയർത്തി തന്നോടുകൂടെ സംസർഗ്ഗം ചെയ്യുന്നതാകുന്നു. പൊതുവെ എല്ലാവർക്കും, ചേരുന്നതായി അതാതു ദിവസങ്ങളിലും യാമങ്ങളിലും പ്രാർത്ഥിപ്പാൻവേണ്ടി ഓരോ വിശുദ്ധ പിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടതും വിശുദ്ധസഭയിൽ പൊതുവെ അംഗീകരിച്ചു നടത്തിവരുന്നതുമായ പ്രാർത്ഥനയ്ക്കു സാധാരണയായി പരസ്യപ്രാർത്ഥനയെന്നു പേർ പറയപ്പെടുന്നു. ഓരോരുത്തനു പ്രത്യേകമായി ദൈവം ചെയ്തുകൊടുക്കുന്ന നന്മകൾക്ക് അവനവൻ ദൈവത്തിനു വിശേഷാൽ നന്ദി പറയുകയും താന്താങ്ങൾക്കു തനതായുള്ള ആവശ്യങ്ങളെ യാചിക്കുകയും ചെയ്യുന്നതിനു രഹസ്യപ്രാർത്ഥനയെന്നും പേർ പറയപ്പെടുന്നു. ഈ രണ്ടു വിധത്തിലുള്ള പ്രാർത്ഥനകളും ഭക്തിയോടും വിശ്വാസത്തോടുംകൂടെ കഴിക്കേണ്ടതാകുന്നു (യാക്കോ. 16:8; മത്താ. 21:22). സാധാരണയായ പരസ്യപ്രാർത്ഥന പള്ളികളിലോ അതിനു കഴിവില്ലാത്തപക്ഷം ഭവനങ്ങളിലോ ഒന്നിച്ചു കൂടാൻ കഴിവുള്ളവർ ഒക്കെയും ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നതും വളരെ യോഗ്യമായിട്ടുള്ളതത്രേ (അപ്പോ. 3:1; മത്താ. 18:20). നമ്മുടെ കർത്താവിന്റെ കല്പനപ്രകാരം കാനോനായിലും പള്ളിക്രമങ്ങളിലും ചട്ടപ്പെടുത്തിയിരിക്കുന്നപ്രകാരവും പതിവായി നിന്നുകൊണ്ടു പ്രാർത്ഥിക്കുകയും മുട്ടുകുത്തി വന്ദിക്കുകയും, കുമ്പസാരം, പട്ടാഭിഷേകം, പെന്തിക്കോസ്തി ഞായറാഴ്ചകളിലെ ശുശ്രൂഷ മുതലായ ചില ദിവസങ്ങളിലും സമയങ്ങളിലും മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാകുന്നു. ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും ഉയിർപ്പു ഞായറാഴ്ച മുതൽ പെന്തക്കുസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും മുട്ടുകുത്തി വന്ദിപ്പാൻ ന്യായമില്ലാത്തതിനാൽ അപ്രകാരം ആചരിക്കേണ്ടതുമാകുന്നു (ലൂക്കോ. 18:10-13; മർക്കോ. 11:25).

## 15-ാം സംഗതി

### നോമ്പിനെക്കുറിച്ച്

നോമ്പു ദൈവം ആദ്യമേ ആദാമ്മിനു കൊടുത്തിരുന്ന കല്പനയും (ആദ്യ 2:17) യഹൂദസഭയിൽ ദൈവകല്പനപ്രകാരം നടത്തിവന്നതും (യോവേ. 2:12; സഖറി. 7:5-8; അ. 19) നമ്മുടെ കർത്താവു



കല്പിച്ചും പ്രവൃത്തിച്ചും പഠിപ്പിച്ചിരിക്കുന്നത് (മത്താ. 4:2; 9:15) തന്റെ ശ്ലീഹന്മാർ ആചരിച്ചു വന്നതും ശുദ്ധമുള്ള സഭയിൽ കല്പിച്ചു സ്ഥിരപ്പെടുത്തി നടന്നു വരുന്നതും ആകുന്നു (അപ്പോ. 13:2). എന്നാൽ തിന്മകളിൽനിന്നു ഒഴിഞ്ഞ് ആത്മാവിലും കൂടെ നോമ്പു നോൽക്കാതെ ഭക്ഷണങ്ങളിൽനിന്ന് ഒഴിഞ്ഞു ശരീരത്തിൽ മാത്രം നോമ്പു നോറ്റാൽ പോരാത്തതത്രെ (മത്താ. 6:16; ഏശാ. 58; സഖറി. 7). നോമ്പിന്റെ ആന്തരം ജഡകാര്യങ്ങളെക്കാൾ ആത്മകാര്യങ്ങളെ വിലമതിക്കേണ്ടതെന്നു പഠിപ്പിപ്പാനും ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിയാക്കുവാനും ജഡമോഹങ്ങളെ നിരോധിച്ചു കൊണ്ട് ആത്മാവിനെ ദൈവകാര്യങ്ങളിലേക്ക് ഉണർത്തുവാനും സാത്താനെ ജയിക്കുന്നതിനു ഒരു ആയുധമായിരിപ്പാനും അത്രെ. ഉദരസ്നേഹം അനേകം പാപങ്ങളുടെ മാതാവാകയാൽ അതിൽനിന്ന് ഉണ്ടാകാവുന്ന പാപങ്ങളെ തടുപ്പാൻ നോമ്പ് ഒരു നല്ല വഴിയും ആകുന്നു (പിലിപ്പി. 3:19; മത്താ. 17:1). അതിനാൽ ആഴ്ചതോറും ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പായി ആചരിക്കേണ്ടതു കൂടാതെ കഷ്ടാനുഭവ ആഴ്ച ഉൾപ്പെടെ അമ്പതുനോമ്പ്, ഇരുപത്തഞ്ചുനോമ്പ്, പതിനഞ്ചുനോമ്പ്, ശ്ലീഹാനോമ്പ്, മൂന്നുനോമ്പ് ഇങ്ങനെ അഞ്ചു നോമ്പുകൾ ആണ്ടിൽ നിശ്ചയിച്ചിരിക്കുന്നു (ലൂക്കോ. 18:12). അവയുടെ കാലത്തു വിവാഹസംബന്ധം, മത്സ്യമാംസം ആദിയായവയിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതും ദിവസം ഒരു നേരം ഭക്ഷിക്ക, ഉച്ചവരെ ഉപവസിക്ക മുതലായ വ്രതങ്ങൾ അവനവന്റെ ശക്തിപോലെയും സഭയുടെ ശട്ടംകെട്ടുപോലെയും അനുഷ്ഠിക്കേണ്ടതുമാകുന്നു (1 കോറി. 7:5; 2 ശമു. 1:12; ദാനി. 18).

## 16-ാം സംഗതി

### ഞായറാഴ്ചകളെയും മാറാനായ പെരുനാളുകളെയുംകുറിച്ച്

നമ്മുടെ കർത്താവിന്റെ ഉയർത്തെഴുനേല്പ്, തന്റെ അത്ഭുത പ്രവൃത്തികൾ, വിശുദ്ധസഭയുടെ ശുദ്ധീകരണം മുതലായവയുടെ ഓർമ്മയ്ക്കും ഞായറാഴ്ചകളെയും തന്റെ ജനനം, മാമ്മോദീസാ, ദൈവാലയത്തിൽ തന്നെ കാഴ്ച വെച്ചത് മുതലായ സംഗതികളെ ഓർമ്മയ്ക്കു മാറാനായ (പ്രധാന) പെരുനാളുകളായി നിശ്ചയിച്ചിരിക്കുന്ന തീയതികളെയും ഭക്തിയായും ബഹുമാനത്തോടും ആചരി

ക്കണമെന്നു ശുദ്ധമുള്ള ശ്ലീഹന്മാരും സഭാപിതാക്കന്മാരും ശട്ടം കെട്ടിയിരിക്കുന്നു. ഈ ദിവസങ്ങളിൽ ലോകവേലകളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതും, കുർബ്ബാന, വേദപുസ്തകവായന, പ്രാർത്ഥന, ദൈവഗീതങ്ങൾ മുതലായ ആത്മികവേലകളിൽ ഉൾപ്പെട്ടിരിക്കേണ്ടതും ആകുന്നു (1 കോറി. 11:20; അപ്പോ. പ്രവ. 20:7-16). ഈ വിശുദ്ധ ദിവസങ്ങളെ ക്രിസ്തീയ മര്യാദപ്രകാരം അല്ലാതെ യഹൂദ മര്യാദപ്രകാരമോ പുറജാതിമര്യാദപ്രകാരമോ ആചരിക്കയോ അവയിൽ ആത്മികവേലകളിൽ സംബന്ധിക്കാതെ മടിയായിരുന്നു സമയം വൃഥാ ചിലവഴിക്കയോ ചെയ്യരുതാത്തതുമാകുന്നു (1 കോറി. 5:8; കോലോ. 2:16).

## 17-ാം സംഗതി

### പരിശുദ്ധന്മാരുടെ ഓർമ്മദിവസങ്ങളെക്കുറിച്ച്

ദൈവമാതാവ്, ശ്ലീഹന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ, പരിശുദ്ധസ്ത്രീകൾ എന്നിവരുടെ ഓർമ്മ കഴിക്കേണ്ടതു മുറയും യോഗ്യവും ആകുന്നു (ന്യായ. 11:40; സങ്കീ. 112:6; മത്താ. 23:29; ലൂക്കോ. 1:48)). അവരുടെ ഓർമ്മ നമുക്ക് അനുഗ്രഹത്തിനും അവരുടെ പ്രാർത്ഥന സഹായവും ആയിരിക്കും. മാറാനായ പെരുനാളുകളെപ്പോലെ ആചരിക്കേണ്ടവയായി നിശ്ചയിച്ചിരിക്കുന്ന ചില ദിവസങ്ങളിൽ അല്ലാതെ ഈ ഓർമ്മദിവസങ്ങളിൽ ഒക്കെയും വേലകാര്യങ്ങളിൽനിന്നു മുടങ്ങിയിരിക്കേണമെന്നില്ലെങ്കിലും, കുർബ്ബാന, പ്രത്യേക നമസ്കാരം മുതലായവ കഴിക്കയും (സുഭാ. 1:7) അതാതു പരിശുദ്ധന്മാരുടെ വിശ്വാസസ്ഥിരതയെയും നടപടികളെയും കുറിച്ച് ധ്യാനിക്കയും അവരുടെ പിന്നടികളിൽ നടപ്പാൻ ശ്രമിക്കയും ചെയ്യേണ്ടതാകുന്നു (എബ്രാ. 13:7; എബ്രാ. 6:12).

## 18-ാം സംഗതി

### ദൈവമാതാവിനെക്കുറിച്ച്

വചനമായ ദൈവം മാലാഖയുടെ അറിയിപ്പോടുകൂടെ കന്യകയുടെ ഗർഭത്തിൽ ജഡമായിത്തീരുകയും ഗർഭത്തിൽവെച്ചുതന്നെ (ലൂക്കോ. 1:35) ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരിക്കലും



വേർതിരിയപ്പെടാത്തപ്രകാരം ഒന്നിക്കപ്പെടുകയും (1 തീമോ. 3:16; കോലോ. 2:9) പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ അമ്മാനുവേലിനെ കന്യക പ്രസവിക്കുകയും ചെയ്തതിനാൽ (ഏശാ. 7:14) അവളെ ദൈവമാതാവെന്നു വിളിക്കപ്പെടേണ്ടതാകുന്നു. ശുദ്ധമുള്ള കന്യക തന്റെ ഗർഭപാത്രം ദൈവപുത്രനു സിംഹാസനമായി തീരുവാൻ തക്കവണ്ണം യോഗ്യമുള്ളവളായി തീർന്നതിനാൽ (ലൂക്കോ. 1:43) പുരുഷനെ അറിയാതെ എന്നേക്കും കന്യകയായിരിക്കുകയും ചെയ്തു (യോഹ. 19:26-27; ഹെസ. 44:1,3). മാലാഖയുടെ വചനപ്രകാരം, ഈ വിശുദ്ധമാതാവിന് നാം ഭാഗ്യം കൊടുക്കുകയും നമുക്കുവേണ്ടിയുള്ള അവളുടെ പ്രാർത്ഥനയ്ക്കായി പ്രത്യേകം വാഞ്ഛിക്കയും ചെയ്യേണ്ടതാകുന്നു (ലൂക്കോ. 1:28).

## 19-ാം സംഗതി

### പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച്

മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാകയാൽ (ലൂക്കോ. 20:38; 1 പത്രോ. 3:19) ജീവനോടിരിക്കുന്ന പരിശുദ്ധന്മാരെപ്പോലെതന്നെ അവരേയും മ്ശിഹായുടെ നിമിത്തം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യേണ്ടതു മുറയാകുന്നു. അവർ കർത്താവിന്റെ ഇഷ്ടന്മാരാകയാൽ അവരെ നാം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതു കർത്താവിനെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുകയാകുന്നു (മത്താ. 10:40-41). അബ്രഹാം, ഇസഹാക്ക്, യാക്കോബ്, ദാവീദ് മുതലായി ദൈവത്തിന്റെ ഇഷ്ടന്മാരായ പൂർവ്വപിതാക്കന്മാരെ ഓർത്തു ഞങ്ങളോടു കരുണയുണ്ടാകണമേ എന്ന് അവരുടെ സന്തതികൾ പ്രാർത്ഥിക്കയും ദൈവം അതിനെ കേട്ടു അവരുടെ യാചന നൽകുകയും ചെയ്തപ്രകാരം ആത്മാവിൽ നമ്മെ ജനിപ്പിച്ചവരും ജീവന്റെ വഴി നമുക്കു കാണിച്ചുതന്നവരും മ്ശിഹായ്ക്കുവേണ്ടി തങ്ങളുടെ രക്തം ചിന്തിയവരുമായ പരിശുദ്ധന്മാരെ ഓർത്തു ഞങ്ങളോടു കരുണയുണ്ടാകണമേ എന്നു നാം പ്രാർത്ഥിക്കുന്നതു നല്ലതും ദൈവത്തിന്റെ മുമ്പാകെ കൈക്കൊള്ളപ്പെടുന്നതുമാകുന്നു (ആവ. 9:27; ഏശാ. 37:35). മരണം എന്നത് ആത്മാവും ശരീരവും തമ്മിലുള്ള വേർതിരിവ് എന്നല്ലാതെ ആത്മാവിനെ ഇല്ലാതാക്കുന്ന ഒരു സംഭവം അല്ലാത്തതിനാലും

(സങ്കീ. 13:4; പ്രസംഗം 12:7; യോഹ. 8:51) പരിശുദ്ധന്മാരുടെ ആത്മാക്കൾ ദൈവം അവർക്കു കൊടുത്തിട്ടുള്ള അച്ചാരമായ ശുദ്ധമുള്ള റൂഹായുടെ നൽവരത്തോടുകൂടെ (യോഹ. 14:16) സന്തോഷങ്ങളുടെ സ്ഥലത്തു ഇരുന്നുകൊണ്ടു (ലൂക്കോ. 23:43; പീലി. 1:21-23) മാലാഖമാരെപ്പോലെ ദൈവത്തെ സ്തുതിക്കയും ലോകത്തിൽ ഇവരുടെ രക്ഷയ്ക്കുവേണ്ടി ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതിനാലും ഇപ്രകാരമുള്ള പരിശുദ്ധന്മാരോടു നിങ്ങൾ ഞങ്ങൾക്കുവേണ്ടി ദൈവത്തോടു അപേക്ഷിപ്പീൻ എന്നു പറയുന്നതു പ്രയോജനമുള്ളതാകുന്നു (യോബ് 16:19,20; സങ്കീ. 30:12; 115:17-18; സഖറി. 1:12; ലൂക്കോ. 16:9,27; യറ. 31:15; 15:1; ന്യായാ. 13:17; മത്താ. 27:46-49).

ദൈവം പരിശുദ്ധന്മാരുടെ അപേക്ഷയിൽ മാത്രമല്ല, അവരുടെ സഹായത്തെ യാചിക്കുന്നവരുടെ വിശ്വാസത്തിലും ആന്തരത്തിലും കൂടെ സൂക്ഷിച്ച് അവരുടെ യാചന നൽകുന്നവനാകുന്നു. അതിനാൽ ഏതുവിധം വിചാരിച്ചാലും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന വളരെ നല്ലതും പ്രയോജനമുള്ളതുമാകുന്നു (അപ്പോ. പ്ര. 5:14-16). നാം പരിശുദ്ധന്മാരെ ദൈവത്തിനു സമന്മാരാക്കാതെ തന്റെ ഇഷ്ടന്മാരെന്നുള്ള സ്ഥിതിയിൽ അവരോടു ചെയ്യുന്ന സകലവും ദൈവത്തിന്റെ മുമ്പാകെ നല്ലതും പ്രസാദമുള്ളതുമാകുന്നു (മത്താ. 25:40). ലോകത്തിൽ നടക്കുന്ന സംഗതികളെ ദൈവദൂതന്മാരും പരിശുദ്ധന്മാരുടെ ആത്മാക്കളും അറിയുന്നതു ദൈവം അവർക്കു കൊടുത്തിട്ടുള്ള ആത്മശക്തിയാൽ അല്ലാതെ ദൈവത്തെപ്പോലെ സ്വഭാവേനയുള്ള സർവ്വവ്യാപിത്വം മൂലം അല്ല (2 ശമു. 14:20; ലൂക്കോ. 15:10; എബ്രാ. 12:22-24; യറ. 31:15). സാത്താന്റെ വീഴ്ചയ്ക്കു മുമ്പു അവനുണ്ടായിരുന്ന ഈ ശക്തി അവന്റെ വീഴ്ചയുടെശേഷം അവനിൽനിന്നു എടുത്തുകളയപ്പെടാതിരിക്കുമ്പോൾ പരിശുദ്ധദൂതന്മാർക്കും പരിപൂർണ്ണന്മാരായ ശുദ്ധിമാന്മാരുടെ ആത്മാക്കൾക്കും തങ്ങളെ സംബന്ധിച്ച കാര്യങ്ങൾപോലും അറിവാനുള്ള ശക്തി കൊടുക്കപ്പെട്ടിട്ടില്ലെന്നു പറയുന്നതു ദൈവത്തെയും തന്റെ ദാസന്മാരേയും അപമാനിക്കയത്രെ (മത്താ. 4:6; ആദ്യ 3:1; യോബു. 1). അന്യോന്യമുള്ള പ്രാർത്ഥന കല്പിക്കപ്പെട്ടിരിക്കുന്നതാകയാലും മരിച്ചുപോയ പരിശുദ്ധന്മാരും ജീവനോടിരിക്കുന്നവരും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും പ്രാർത്ഥിപ്പാനായിട്ടു അവരോടു പറയുന്നതും മ്ശിഹായുടെ ഏക മദ്ധ്യസ്ഥത വഴിയായിട്ടല്ലാതെ അതിനു



എതിരായിട്ടോ അതിനെ നിഷേധിച്ചിട്ടോ അല്ലായ്കയാലും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന യാതൊരു പ്രകാരത്തിലും മ്ശിഹായുടെ ഏക മദ്ധ്യസ്ഥതയുടെ ശക്തിയെ കുറയ്ക്കുന്നതോ നിന്ദിക്കുന്നതോ ആയിത്തീരുന്നതല്ല. എന്തെന്നാൽ മരിച്ചുപോയ പരിശുദ്ധന്മാരോടു 'നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പീൻ' എന്നു പറയുന്നതിനാൽ മ്ശിഹായുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നുണ്ടെങ്കിൽ ജീവനോടിരിക്കുന്നവരോടു നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പീൻ എന്നു പറയുന്നതിനാലും, ആ മദ്ധ്യസ്ഥതയെ നിന്ദിക്കയത്രെ. അതിനാൽ ജീവനോടിരിക്കുന്നവരുടെ മദ്ധ്യസ്ഥത മ്ശിഹായുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നില്ലെന്നും മരിച്ചുപോയ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നിന്ദിക്കുന്നുയെന്നും പറയുന്നവരുടെ യുക്തി ചേർച്ചയായി വരുന്നത് എങ്ങനെയെന്നു അറിവാൻ വളരെ പ്രയാസം. എന്നാലോ തമ്മിൽ തമ്മിലും മരിച്ചുപോയ പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന ആദികാലം മുതലേ പതിവുണ്ടായിരുന്നതും വേദസത്യത്തിനു ചേരുന്നതും ശുദ്ധമുള്ള സഭയിൽ ഇന്നേയോളം നടത്തിവരുന്നതും ഇതിനാൽ വളരെ പ്രയോജനമുള്ളതായി കണ്ടുവരുന്നതും ആകയാൽ ഇതിനെ ഭക്തിപൂർവ്വം നടത്തേണ്ടതു മുറയും യോഗ്യവും ആകുന്നു.

## 20-ാം സംഗതി

### മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ച്

നമ്മുടെ കർത്താവു മനുഷ്യനായി ജനിച്ചതും നോമ്പുനോറ്റതും തന്നത്താൻ ബലി നൽകിയതും പാതാളത്തിലേക്കിറങ്ങി പ്രസംഗിച്ചതും ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറ്റി തന്റെ പിതാവിന്റെ വലത്തുഭാഗത്തു ഇരുന്നുകൊണ്ടു മദ്ധ്യസ്ഥത പറയുന്നതും ആയ തന്റെ സകല നടപടികളും ആദാം മുതൽ അവസാനനാൾ വരെയുള്ള സകല മനുഷ്യർക്കും വേണ്ടിയത്രേ (റോമ. 5:18; 1 പത്രോ. 3:19; യോഹ. 17:20; ലൂക്കോ. 7:14-15). താൻ ഇവയൊക്കെ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതും തന്റെ സൃഷ്ടികളായ മനുഷ്യരോടുള്ള സ്നേഹത്തിന്റെ പൂർണ്ണതനിമിത്തം അവരെ രക്ഷിപ്പാൻവേണ്ടി കൃപയോടും നീതിയോടുംകൂടിയ ഒരു പ്രതിശാന്തി ഉണ്ടാകുവാനും (1 പത്രോ. 2:24) സകല മനുഷ്യർക്കും കുറ്റമില്ലാത്തതും കുറവില്ലാത്തതുമായ ഒരു നല്ല ദൃഷ്ടാന്തം നൽകുവാനും ആകയാൽ പൂർണ്ണ

സ്നേഹത്തിന്റെ ലക്ഷണപ്രകാരം നാമും നമ്മുടെ ഗുരുവായ രക്ഷകൻ നമുക്കു കാണിച്ചുതന്നിരിക്കുന്ന മാതൃകപോലെ ആദാം മുതലുള്ള സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി ആഗ്രഹിക്കയും അപേക്ഷിക്കയും ചെയ്യേണ്ടിയവരാകുന്നു (1 പത്രോ. 2:21; യോഹ. 13:15). തലയായിരിക്കുന്ന മ്ശിഹാ ആദാം മുതൽ അവസാനം വരെയുള്ള സകല മനുഷ്യരെയും തന്റെ ശരീരമായി കണക്കിട്ട് അവരുടെ എല്ലാവരുടെയും കാര്യം അന്വേഷിക്കുന്ന പ്രകാരം ആദം മുതൽ അവസാനം വരെയുള്ളവരായ എല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങളാകയാൽ അവയവങ്ങളെപ്പോലെ അന്യോന്യഭാരം വഹിക്കയും ഒരുത്തനുവേണ്ടി ഒരുത്തൻ അപേക്ഷിക്കയും ചെയ്‌വാൻ ന്യായമാകുന്നു (എഫേ. 5:23–29; 1 കോറി. 12:12–27; ഗലാ. 6:2). നാം നമുക്കുവേണ്ടിയും ജീവനോടിരിക്കുന്ന നമ്മുടെ സഹോദരന്മാർക്കുവേണ്ടിയും 'ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കണമേ' എന്നു അപേക്ഷിക്കുന്നതു നാം ഇനിയും ജഡത്തിൽ ജീവിച്ചിരുന്നു നന്മയിൽ വളരാവുന്നരാകയാൽ നമ്മോടു ക്ഷമിപ്പാൻ ന്യായമുണ്ടെന്നുള്ള ആന്തരത്തിൽ അല്ലല്ലോ. തിരികെ ജീവിക്കുമെന്ന് ആശയില്ലാത്തപ്രകാരം മരണശ്വാസത്തിൽ കിടക്കുന്ന രോഗികളുടെ പാപമോചനത്തിനുവേണ്ടി അപേക്ഷിക്കുന്നതും മേലാൽ അവർ ജഡത്തിൽ ജീവിച്ചിരുന്നു നന്മ ചെയ്‌വാൻ സംഗതിയാക്കിക്കൊണ്ടു അവരുടെ കഴിഞ്ഞ പാപങ്ങളെ ക്ഷമിക്കണമെന്നല്ലല്ലോ, മരിക്കുന്നുവെങ്കിലും ജീവിക്കുന്നുവെങ്കിലും ചെയ്തുപോയ പാപങ്ങൾക്കു മോചനം യാചിക്കുന്നതു ദൈവം തന്റെ കൃപമൂലം ക്ഷമിക്കണമെന്നത്രേ. അപ്രകാരംതന്നെ മരിച്ചുപോയ നമ്മുടെ സഹോദരന്മാർക്കുവേണ്ടി അപേക്ഷിക്കുന്നതും തന്റെ കൃപമൂലം അവർക്കു മോചനം നൽകണമെന്നത്രേ. ന്യായവിധിയുടെ ദിവസംവരെ കൃപയുടെ കാലമായി ദൈവം നിശ്ചയിച്ചിരിക്കുന്നത് ജീവനോടിരിക്കുന്നവർക്ക് മാത്രമല്ല, മരണശ്വാസത്തിൽ കിടക്കുന്നവർക്ക് മാത്രവുമല്ല, ആശയുള്ളവരായി മരിച്ചുപോയവർക്കും കൂടെയത്രേ (രൂഥ. 2:20; സങ്കീ. 88:10–12; 1 പത്രോ. 3:19). മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും ബലിയും യഹൂദസഭയിൽ നടത്തിവന്നതും (ആവ. 33:6; 2 മക്കാ. 12:42–43,46) നമ്മുടെ കർത്താവു പ്രവൃത്തിയാൽ കൂടെ ചെയ്തു പഠിപ്പിച്ചിട്ടുള്ളതും (30–ാം സംഗതിയുടെ ആദ്യസാക്ഷി നോക്കുക) തന്റെ ശ്ലീഹന്മാർ നടത്തിവന്നതും ശുദ്ധമുള്ള സഭയിൽ



ആദ്യകാലം മുതൽ ഇന്നേവരെ നടത്തിവരുന്നതും അത്രേ (2 തീമോ. 1:6–28; 1 കോറി. 15:29; അപ്പോ. 20:10). മരിച്ചുപോയവർക്കു നമ്മുടെ പ്രാർത്ഥന മുഖാന്തിരം രക്ഷയ്ക്കുള്ള ആശ വർദ്ധിക്കയും പാപങ്ങൾ മോചിക്കപ്പെട്ടു ആശ്വാസം ലഭിക്കയും ചെയ്യുന്നതാകുന്നു. അതിനാൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന എത്രയും യോഗ്യവും മുറയും പ്രയോജനമുള്ളതും അത്രെ. എന്നാൽ ഞാൻ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും മറ്റുള്ളവർ ഇനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളുമല്ലൊ എന്നുള്ള വിചാരത്തോടുകൂടെ ജഡമയനായി ഒരുത്തൻ നടക്കുന്നുവെങ്കിൽ ആയതു മരണത്തിനുള്ള പാപങ്ങളിൽ ഒന്നാകയാൽ സകല പരിശുദ്ധന്മാരും ദീർഘദർശിമാരും ലോകത്തിലുള്ളവരൊക്കെയും അവനുവേണ്ടി അപേക്ഷിച്ചാലും അവൻ കൃപയ്ക്കു യോഗ്യനായിത്തീരുന്നതല്ല (സങ്കീ. 109:14; യറ. 15:1; 16:6–7; 17:1). അവൻ കൃപ വർദ്ധിപ്പാനായിട്ടു പാപത്തിൽതന്നെ പാർക്കെയെന്നുള്ള വിപരീതയുക്തിക്ക് അനുരൂപിയാകയാൽ കൃപയറ്റവനും ആകുന്നു. എന്തെന്നാൽ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെശേഷവും മറ്റുള്ളവരുടെ പ്രാർത്ഥനമൂലം കൃപ ലഭിക്കുന്നതു മരണത്തിനല്ലാത്ത പാപങ്ങൾ ചെയ്തുപോയിട്ടുള്ളവരെങ്കിലും മ്ശിഹായിൽ സ്ഥിരമുള്ള വിശ്വാസത്തോടുകൂടെ കൃപയ്ക്കു പാത്രവാന്മാരായി നടക്കുന്നവർക്കു മാത്രം ആകുന്നു (റോമ. 6:1).

## 21 –ാം സംഗതി

### മരിച്ചവർക്കുവേണ്ടിയുള്ള നോമ്പു, കുർബ്ബാന, ധർമ്മങ്ങൾ മുതലായവയെക്കുറിച്ച്

കർത്താവിൽ മരിക്കുന്നവരായ മാതാപിതാക്കന്മാർക്കുവേണ്ടിയും സഹോദരസഹോദരിമാർക്കുവേണ്ടിയും പ്രാർത്ഥന കഴിക്കുന്നതു കൂടാതെ അവർക്കുവേണ്ടി നോമ്പു നോക്കുക (1 ശമു. 31:13; 2 ശമു. 1:12). അവരുടെ ഓർമ്മദിവസങ്ങളിൽ നമ്മുടെ കർത്താവിന്റെ ബലിയെ ഓർപ്പിച്ചു കൃപ യാചിക്കുന്നതായ കുർബ്ബാന കഴിപ്പിക്ക, (ആവ. 33:6) ദൈവത്തിൽനിന്നുള്ള കൃപയ്ക്കു പാത്രീഭവിപ്പിക്കുന്നതായ ദാനധർമ്മങ്ങൾ കൊടുക്ക മുതലായവ ചെയ്യുന്നതു നല്ലതും ദൈവത്തിന്റെ മുമ്പാകെ പ്രസാദമുള്ളതും ആകുന്നു (അപ്പോ. 10:4; ദാനി. 4:27). നമ്മുടെ കർത്താവ് നടത്തീട്ടുള്ള സകല

പ്രവൃത്തികളും, തന്റെ ബലിയും ജീവനുള്ളവർക്കുവേണ്ടി മാത്രം അല്ല, മരിച്ചവർക്കുവേണ്ടിയും കൂടെയത്രേ (20-ാം സംഗതിയുടെ 1-ാം സംഗതി നോക്കുക). താൻ നമുക്കു കാണിച്ചുതന്നിട്ടുള്ള ദൃഷ്ടാന്തപ്രകാരം നാം നമുക്കുവേണ്ടിയും ജീവനോടിരിക്കുന്നവരായ ശേഷംപേർക്കുവേണ്ടിയും മാത്രമല്ല നമ്മുടെ മരിച്ചവർക്കുവേണ്ടിയും കൂടെ വിചാരത്താലും വാക്കാലും പ്രവർത്തിയാലും നമ്മാൽ കഴിയുന്നതു ചെയ്യേണ്ടതാകുന്നു. എന്നാൽ മ്ശിഹായിൽ വിശ്വാസം ഇല്ലാതെയും ദൈവത്തിൽനിന്നുള്ള കൃപയ്ക്കു യോഗ്യന്മാരല്ലാതെയും മരിച്ചുപോകുന്ന ആളുകൾക്കുവേണ്ടി നിത്യം കുർബ്ബാന ചൊല്ലിക്കയും തങ്ങൾക്കുള്ള സമ്പത്തു മുഴുവനും ദരിദ്രന്മാരെ തീറ്റുകയും ചെയ്താലും അവർക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഇപ്രകാരമുള്ള നല്ല പ്രവൃത്തികൾ ചെയ്യുന്നവർ നല്ല ആന്തരത്തോടു കൂടെ ചെയ്യുന്നതായിരുന്നാൽ തങ്ങൾക്കു അവ ഫലമുള്ളവയായി ത്തീരുകയും ചെയ്യും.

## 22-ാം സംഗതി

### തിരുശേഷിപ്പുകളെക്കുറിച്ച്

നമ്മുടെ കർത്താവിന്റെ കബറടക്കത്തെയും ശുദ്ധിമാന്മാരുടെ അസ്ഥികൾ മുതലായവയേയും ബഹുമാനത്തോടും ഭക്തിയോടും കൂടെ വിചാരിപ്പാനുള്ളതാകുന്നു (1 രാജാ. 13:31; 2 രാജാ. 23:17-18; പുറ. 13:19). നമ്മുടെ കർത്താവിന്റെ ശക്തിയേയും തന്റെ പരിശുദ്ധന്മാർക്ക് കൊടുത്തിട്ടുള്ള നൽവരങ്ങളേയും ഓർത്ത് ഇവയെ ഭക്തിപൂർവ്വം പെരുമാറുന്നവർക്ക് ദൈവത്തിൽനിന്ന് അനുഗ്രഹവും തങ്ങളുടെ രോഗങ്ങൾ മുതലായവയ്ക്ക് ആശ്വാസവും ലഭിക്കുന്നതാകുന്നു (2 രാജാ. 13:21; മത്താ. 9:20-21; 14:36; അപ്പോ. 5:15; 19:12).

## 23-ാം സംഗതി

### കുരിശുവരയെയും കുരിശുവന്ദനയെയും കുറിച്ച്

നാം നമ്മുടെ കാവലിന്നും രക്ഷയ്ക്കുംവേണ്ടി മ്ശിഹായുടെ കുരിശുമരണത്തിൽ സങ്കേതപ്പെടണമെന്നും തന്റെ കഷ്ടാനുഭവ



ങ്ങളായി കുരിശിനെ എല്ലായ്പ്പോഴും നമ്മിൽ വഹിച്ചിരിക്കണമെന്നും തന്റെ കുരിശ് ക്രിസ്ത്യാനികളായ നമ്മുടെ അടയാളവും പ്രശംസയും ആകുന്നു എന്നു നമ്മെ ഓർപ്പിപ്പാനും അപ്രകാരം വിശ്വസിച്ചു പ്രവർത്തിക്കുന്നു എന്നു അറിയിപ്പാനുംവേണ്ടി കുരിശിന്റെ അടയാളം നമ്മിൽ വരയ്ക്കേണ്ടതാകുന്നു (ഗലാ. 6:14; 1 കോറി. 1:18; എബ്രാ. 13:13; മത്താ. 16:24; പിലി. 3:18). മനുഷ്യകുലം മുഴുവനും രക്ഷപെട്ടതു ദൈവപുത്രന്റെ കുരിശുമൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതും ആകുന്നു. നാം വന്ദിക്കേണ്ട കുരിശു പൊന്നു, വെള്ളി, കല്ല്, മരം മുതലായവകൊണ്ടു കുരിശിന്റെ മാതൃകയിൽ ഉണ്ടാക്കിവച്ചിരിക്കുന്നവ അല്ല. അവ ഓർമ്മയ്ക്കും അറിവിനുമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നവയത്രെ. കുരിശു കൂദാശ ചെയ്യപ്പെടാത്തതിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന് ഇതുതന്നെയാകുന്നു. എന്നാൽ കാണപ്പെടാവതല്ലാത്തവനും രൂപപ്പെടാവതല്ലാത്തവനുമായ മഹാദൈവത്തെ നമ്മുടെ ഹൃദയത്തിന്മേൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നത് കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെയും തന്റെ കുരിശുമരണത്തേയും വന്ദിക്കയത്രെ. സാക്ഷിയുടെ പെട്ടിക്കു മുമ്പാകെ ദാവീദു ചെയ്ത സകലവും വിഗ്രഹാരാധനയായി വിചാരിക്കപ്പെടാതെ ദൈവത്തിന്റെ മുമ്പാകെ ചെയ്തതായി എണ്ണപ്പെട്ടപ്രകാരം തന്നെ കുരിശിന്റെ മുമ്പാകെ കർത്താവിനേയും തന്റെ കുരിശുമരണത്തേയും വന്ദിക്കുന്നതു വിഗ്രഹാരാധനയായി വിചാരിക്കപ്പെടാതെ അനുഗ്രഹമായിട്ടു എണ്ണപ്പെടുന്നതാകുന്നു (എബ്രാ. 11:21; 1 ശമു. 6:14-26). വന്ദിപ്പാനായി ബിംബങ്ങളെ ഉണ്ടാക്കുകയും അവയെ വന്ദിക്കുകയും ചെയ്യരുതെന്നല്ലാതെ (പുറ. 20:4-5; 2 രാജാ. 18:4) വേദപുസ്തകസംഭവങ്ങളുടെ ഓർമ്മയ്ക്കും അറിവിനും പള്ളികളുടെ അലങ്കാരത്തിനുംവേണ്ടി കുരിശു മുതലായ സാമാനങ്ങളെ ഉണ്ടാക്കുന്നതും (പുറ. 25:18; സംഖ്യ. 21:8; യോശു. 4:3-7) പള്ളികളേയും പള്ളിഉപകരണങ്ങളേയും ബഹുമാനത്തോടും ഭക്തിയോടും കൂടെ പെരുമാറുന്നതും യാതൊരു പ്രകാരത്തിലും വിഗ്രഹാരാധനയായി വിചാരിക്കപ്പെടുന്നതല്ല (ലേവ്യ. 12:4; 2 ശമു. 6; ദാനി. 5).

# 24-ാം സംഗതി

### കന്യാവ്രതത്തെക്കുറിച്ച്

വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്ത തെങ്കിലും (1 തീമോ. 4:3) ഒരുത്തൻ തന്റെ സ്വന്തമനസ്സാൽ വിവാഹം ഉപേക്ഷിച്ചു തന്റെ ആത്മാവിനേയും ശരീരത്തേയും ദൈവത്തിന്റെ മുമ്പാകെ വെടിപ്പോടുകൂടെ കാത്തു ദൈവത്തിനു വേല ചെയ്യുന്നു എങ്കിൽ ഏറ്റം നല്ലതാകുന്നു (1 കോറി. 7:7; 32,33; മത്താ. 19:12). ഒരുവൻ കന്യാവ്രതനേർച്ചയിൽ ഉൾപ്പെട്ടതിന്റെ ശേഷം തന്റെ ആദ്യനേർച്ചയെ ഉപേക്ഷിച്ച് വിവാഹം ചെയ്താൽ ഇതുമൂലം രക്ഷയ്ക്ക് അയോഗ്യനായി തീരുന്നില്ലെങ്കിലും കുറ്റമില്ലാത്തവനായി വിചാരിക്കപ്പെടുന്നതല്ല. അപ്രകാരമുള്ളവരെ സഭയിൽ അവർക്കുള്ള ബഹുമാനത്തിൽനിന്നും സ്ഥാനത്തിൽനിന്നും തള്ളേണ്ടതുമാകുന്നു (1 തീമോ. 5:12).

# 25-ാം സംഗതി

### പട്ടക്കാരുടെ വിവാഹത്തെക്കുറിച്ച്

വിവാഹം അശുദ്ധമുള്ളതായിട്ടല്ല (എബ്രാ. 12:4). എന്നാൽ പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാൻ മുതലായ സ്ഥാനികൾ സഭയുടെ പ്രത്യേക ചുമതലക്കാരും ഭാരവാഹികളും സദാനേരവും അതിനുവേണ്ടി താല്പര്യപ്പെടേണ്ടിയവരും ആകയാൽ ഇപ്രകാര മുള്ളവർ ജഡമോഹങ്ങളിൽനിന്ന് ഒഴിഞ്ഞ് തങ്ങളുടെ ദേഹത്തേയും ദേഹിയേയും മുഴുവനും ദൈവികവേലയ്ക്കായി ഒഴിഞ്ഞുകൊടു ത്തിരിക്കുന്ന നല്ല പതിവ്രതയുള്ള വ്രതക്കാർ ആയിരിക്കണമെന്നും (24-ാം സംഗതി 2-ാം സാക്ഷി നോക്കുക) പള്ളികൾ ഭരിക്കുന്ന കശീശ്ശന്മാർ പുരുഷന്മാരോടെന്നപോലെതന്നെ സ്ത്രീകളോടും അടുത്തു പെരുമാറേണ്ടിവരും. മനുഷ്യസ്വഭാവം ബലഹീനമുള്ളതും പരീക്ഷയാൽ അകപ്പെടുവാൻ എളുപ്പമുള്ളതും ആകയാൽ (1 കോറി. 7:5-6) അവർ വിവാഹം ചെയ്തവരും പുനർവിവാഹത്തിലും വിധവാ വിവാഹത്തിലും ഉൾപ്പെടാത്തവരുമായ ഉത്തമന്മാർ ആയിരിക്കണ മെന്നും സഭ നിശ്ചയിച്ചിരിക്കുന്നത് എത്രയും യുക്തമായിട്ടുള്ളതാ കുന്നു (1 തീമോ. 3:2; ലേവ്യ. 21:13-14; തീത്തോ. 1:5; 1 കോറി. 7:8-27).



# 26-ാം സംഗതി

### മനുഷ്യന്റെ ആത്മാവിനെക്കുറിച്ച്

ദൈവം മനുഷ്യനു ശിക്ഷയും രക്ഷയും നിശ്ചയിച്ചിരിക്കുന്നതു ശരീരത്തിനും ആത്മാവിനും കൂടെ അല്ലാതെ ശരീരത്തിനു മാത്രമോ ആത്മാവിനു മാത്രമോ അല്ല (മത്താ. 10:28). ശരീരം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്നപ്രകാരം ആത്മാവും തന്റെ സൃഷ്ടിയത്രെ (ആദ്യ 1:27; സംഖ്യ. 12:1). ആയതു ദൃഢവും ബുദ്ധിയോടുകൂടിയതും അവസാനം ഇല്ലാത്തതുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എങ്കിലും തടസ്സം ഇല്ലാത്തതല്ല. എന്നാൽ ആത്മാവു ദൈവത്തിന്റെ ഒരു അംശം അല്ലാതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും അതിനാൽ ആയതു ശിക്ഷയ്ക്കു പാത്രമായിത്തീരുന്നതല്ലെന്നും ചിലർ പറയുന്ന ഉപദേശം വലിയ വേദവിപരീതവും മനുഷ്യരെ വലിയതായ ആപത്തിലേക്കു വലിച്ചു കൊണ്ടുപോകുന്നതും അത്രേ.

# 27-ാം സംഗതി

### പാപത്തെക്കുറിച്ച്

ആദ്യപാപം മൂലം സകല മനുഷ്യരും ശിക്ഷാവിധിക്ക് യോഗ്യരായിത്തീർന്നതു കൂടാതെ കർമ്മപാപം മൂലവും സകലരും ദൈവസന്നിധിയിൽ കുറ്റക്കാരായിരിക്കുന്നു (റോമ. 5:18; 3:9-12; ഗലാ. 3:22; സങ്കീ. 14:1-3; 1 യോഹ. 1:8; 1 രാജാ. 8:16; പ്രസംഗം 7:21). മനുഷ്യരിൽ ഒരുത്തൻപോലും പാപം ഇല്ലാത്തവൻ ഇല്ലെങ്കിലും പാപം എന്നതു മനുഷ്യരിൽ പ്രകൃതിയാലെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തല്ല (പ്രസംഗം 7:29). അതു കല്പന സംബന്ധമായുള്ളതും കല്പന ലംഘനത്താൽ ഉണ്ടായതും അത്രേ (1 കോറി. 15:56; റോമ. 4:15; 5:13). മനുഷ്യൻ നന്മയോ തിന്മയോ ചെയ്യുന്നതു തനിക്കുള്ള സ്വാതന്ത്ര്യം മൂലം അല്ലാതെ സൃഷ്ടിപ്പിലുള്ള പ്രകൃതിവ്യത്യാസ ത്താൽ അല്ല. ദൈവം ഒരുത്തനേയും പാപിയായി സൃഷ്ടിച്ചിട്ടില്ല (ആവ. 1:26-28; 30:15-20). ബലബന്ധത്താൽ ഒരുത്തനെക്കൊണ്ടു നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ട് അതിനു പ്രതിപകരം കൊടുക്കുന്നതുമില്ല (യാക്കോ. 1:13; 24:15; 1 പത്രോ. 5:2; ഏശാ.

1:19-20; 2 കോറി. 9:7). എന്നാലോ നന്മയും തിന്മയും ഇന്നതെന്ന് അറിയിക്കയും നന്മയിലേക്കു തിരിയുന്നതിനും നന്മ ചെയ്യുന്നതിനു ആഗ്രഹിക്കയും സഹായിക്കയും തിന്മ ചെയ്യുന്നതിൽ ഇഷ്ടം ഇല്ലായ്കയാൽ ആയതിനു സഹായിക്കാതെ (മീഖാ. 6:8; 1 തീമോ. 2:4; റോമ. 8:28) അവനവന്റെ ഇഷ്ടത്തിനു വിട്ടുകൊടുക്കയും ചെയ്യുന്നു (അപ്പോ. 14:15; സങ്കീ. 81:12). ഒരുത്തനെക്കൊണ്ടും ബലബന്ധത്താൽ പാപം ചെയ്യിക്കുന്നതിനു സാത്താനും അധികാരം കൊടുത്തിട്ടില്ല (യാക്കോ. 4:7). സാത്താൻ മനുഷ്യരെ പാപത്തിലേക്കു വീഴിക്കുന്നത് അവന്റെ വശീകരണത്താൽ മാത്രം ആകുന്നു (എഫേ. 6:11). വിശ്വാസം, നല്ല പ്രവൃത്തികൾ എന്നിവയ്ക്കു വലിപ്പച്ചെറുപ്പം ഉള്ള പ്രകാരം തന്നെ പാപത്തിനും വലിപ്പച്ചെറുപ്പം ഉണ്ട് (യോഹ. 19:11). എന്നതല്ലാതെ അനുതാപത്താൽ ക്ഷമിക്കപ്പെടാത്ത പാപം ഇല്ല. മരണത്തിനുള്ളതെന്നും ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായിട്ടുള്ള തെന്നും പറയപ്പെടുന്ന പാപങ്ങൾ അനുതപിക്കാത്തവയും തങ്ങളെ നിരാശ്രയത്തിലേക്കു തള്ളിക്കളവാൻ എളുപ്പമുള്ളവയും മറ്റുള്ള വരുടെ പ്രാർത്ഥനയാൽ മാത്രം ക്ഷമിക്കപ്പെടാത്തവയുമായ പാപങ്ങൾ ആകുന്നു. അതിനാൽ യാതൊരു പാപത്തെക്കുറിച്ചും നിരാശപ്പെടാതെ പ്രത്യേകം ഹൃദയതകർച്ചയോടും നിലവിളിയോടും കൂടെ കരുണയുള്ള ദൈവത്തോട് അനുതപിക്കേണ്ടതാകുന്നു (യറ. 3:12).

## 28-ാം സംഗതി

### അനുതാപത്തെക്കുറിച്ച്

ഒരുത്തൻ താൻ ചെയ്തുപോയ പാപത്തെക്കുറിച്ചു അനുപതി ക്കാതിരിക്കയും മേലാലും അതിൽനിന്നു വിട്ടുമാറുവാൻ മനസ്സി ല്ലാതെ അതിൽതന്നെ നിലനിൽക്കയും ചെയ്യുമ്പോൾ അപ്രകാര മുള്ളവന്റെ പാപം മരണത്തിനുള്ളതെന്നും ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായിട്ടുള്ളതെന്നും പറയപ്പെടുന്നു (ലൂക്കോ. 12:10; 1 യോഹ. 5:16; മത്താ. 12:31-32; എബ്രാ. 6:4,5,6). എങ്കിലും ഏതു പാപിയും സത്യഅനുതാപത്തോടുകൂടെ ദൈവത്തിങ്കലേക്കു തിരിയുന്നു എങ്കിൽ അവന്റെ പാപങ്ങൾ ഏതു വിധമുള്ളവയായിരുന്നാലും ക്ഷമിക്കപ്പെടാതിരിക്കയില്ല. സത്യഅനുതാപം എന്നതു ചെയ്തു



പോയ പാപങ്ങൾക്കുവേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തു വരുന്ന പാപങ്ങളിൽനിന്നു ഒഴികയും മേലാൽ ദൈവത്തിനു ഇഷ്ട മാംവണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കേണമെന്നു മനസ്സിൽ ഉറയ്ക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല (ഏശാ. 1:18; 1 യോഹ. 1:9 മിഖാ. 7:18-19; ഹോശ. 14:4,5,6; യറമി. 3:12). മാമ്മോ ദീസായ്ക്കു പിമ്പുള്ള പാപങ്ങൾ ശുദ്ധമുള്ള റൂഹായ്ക്കു വിരോധ മായുള്ളവയും മരണത്തിന്റെ പാപങ്ങളും ആകയാൽ അവ ക്ഷമി ക്കപ്പെടുകയില്ലെന്നുള്ള നാവാത്തിനരുടെ ഉപദേശംപോലെ വിശ്വസിക്കയോ നിരാശ്രയപ്പെട്ടു അനുതാപത്തിൽനിന്നു പിൻവലികയോ ചെയ്യാതെ ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തു പോയിട്ടുള്ള സകല വിധ പാപങ്ങളെക്കുറിച്ചു നല്ല ശരണ ത്തോടും സത്യവിശ്വാസത്തോടും കൂടെ അനുതപിച്ചു കരുണയുള്ള ദൈവത്തിങ്കലേക്കു അടുത്തു ചെല്ലേണ്ടതാകുന്നു (മത്താ. 18:21-22; 26:74-75).

## 29-ാം സംഗതി

### നീതീകരണത്തെക്കുറിച്ച്

പ്രവൃത്തികൾ കൂടാത്ത വിശ്വാസം ജീവനില്ലാത്തതായിരി ക്കുന്നപ്രകാരം തന്നെ (യാക്കോ. 2:17-26) നല്ല അന്തരത്തിൽനിന്നും വിശ്വാസത്തിൽനിന്നും അല്ലാത്ത പ്രവൃത്തികളും ജീവനില്ലാത്ത വയാകുന്നു (റോമ. 14:32; മത്താ. 6:3) മനുഷ്യവർഗ്ഗത്തിന്മേലുള്ള ദൈവത്തിന്റെ കൃപ പക്ഷാഭേദം ഇല്ലാത്തതും എല്ലാവർക്കും ഒന്നു പോലെ കൊടുക്കുന്നതും ആകുന്നു. ഒരുത്തൻ താൻ സൌജന്യ മായി കൃപ കൊടുക്കയും മറ്റൊരുത്തനു കൊടുക്കാതിരിക്കയുമില്ല. അതിനാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നത് പ്രവൃത്തികൾ കൂടാത്ത വിശ്വാസത്താൽ മാത്രമോ വിശ്വാസം കൂടാത്ത പ്രവൃത്തികളാൽ മാത്രമോ സൌജന്യമായ കൃപയാൽ മാത്രമോ അല്ല (റോമ. 3:22; 10:11; 12:13). എന്നാലോ സൌജന്യമായ കൃപ മൂലം പ്രവൃത്തി കളോടുകൂടിയ വിശ്വാസത്താൽ അത്രെ (യാക്കോ. 2:21,22; എഫേ. 2:8).

## 30 –ാം സംഗതി

### ശിക്ഷയ്ക്കും രക്ഷയ്ക്കും ഏറക്കുറവുണ്ടെന്നുള്ളതിനെക്കുറിച്ച്

സകല മനുഷ്യരുടെയും വിശ്വാസവും നീതിയും ഒരു അളവിൻ പ്രകാരം അല്ല. അങ്ങിനെതന്നെ എല്ലാവരുടെയും പാപങ്ങളും ഒരു അളവിൻപ്രകാരം അല്ല. വിശ്വാസം, നീതി, പാപം എന്നിവയ്ക്കു വലിപ്പച്ചെറുപ്പം ഉണ്ട് (റോമ. 12:6; മത്താ. 8:10; 14:31; 5:22; 7:3; യോഹ. 19:11). ന്യായവിധിയുടെ ദിവസത്തിൽ ദൈവം മനുഷ്യർക്കു ശിക്ഷയും രക്ഷയും കൊടുക്കുന്നതും എല്ലാവർക്കും ഒന്നുപോലെ അല്ല. അവനവന്റെ വിശ്വാസത്തിന്റെയും പ്രവൃത്തികളുടെയും അളവിൻ പ്രകാരം കൂടുതൽ കുറവായിട്ടത്രെ (മത്താ. 7:2; ലൂക്കോ. 12:47–48; 1 കോറി. 15:41–42; യോഹ. 4:2). ആയതു നിത്യശിക്ഷയും നിത്യ രക്ഷയും ആകുന്നു (മത്താ. 25:46; യോഹ. 3:16,36). ഒരുത്തൻ നന്മ യിൽനിന്നു തിന്മയിലേക്കു തിരിയുന്നു എങ്കിൽ അവന്റെ മുമ്പിലത്തേ നന്മയും തിന്മയിൽനിന്നു നന്മയിലേക്കു തിരിയുന്നു എങ്കിൽ അതിനു അവന്റെ മുമ്പിലത്തെ തിന്മയും ഓർക്കപ്പെടുന്നതല്ല. എന്നാലോ അതിൽ അവനവൻ നില്ക്കുന്നതായുള്ള നന്മയുടെയോ തിന്മ യുടെയോ വലിപ്പച്ചെറുപ്പംപോലെ നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കുന്നതാകുന്നു (ഹെസ. 18:21,24). കരുണയും നീതിയും നിറഞ്ഞിരിക്കുന്നതായ ദൈവത്തിന്റെ ഈ നിശ്ചയം അനുതാപി കൾക്കു ആശയും താല്പര്യവും ജനിപ്പിക്കുന്നതത്രെ. എന്നാൽ രക്ഷ ദൈവത്തിന്റെ മുൻനിയമം അനുസരിച്ചു സൌജന്യമായ കൃപമൂലം ആകയാൽ എല്ലാവർക്കും ഒന്നുപോലെ ആകുന്നു എന്നുള്ള ചിലരുടെ ഉപദേശം നീതിമാനായ ദൈവത്തെ നീതിയില്ലാത്തവ നാക്കിത്തീർക്കുന്നതാകുന്നു (ലൂക്കോ. 15:17,18,19).

## 31 –ാം സംഗതി

### ഉയിർപ്പിനെക്കുറിച്ച്

മരണത്താൽ ആത്മാവും ശരീരവും തമ്മിൽ വേർതിരികയും ശരീരം പൂഴിയായി തീരുകയും ചെയ്യുന്നു. എങ്കിലും അവസാന ദിവസത്തിൽ ശരീരം വീണ്ടും ഉയിർത്തെഴുന്നേല്ക്കുകയും



ആത്മാവും ശരീരവും തമ്മിൽ ഒന്നിച്ചു ചേർന്നു നാശമില്ലായ്മയെ ധരിക്കയും നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കുകയും ചെയ്യുന്നതാകുന്നു (ഏശാ. 26:19; ദാനി. 12:2; യോഹ. 5:28; റോമ. 6:5; 1 കോറി. 15; ഹെസ. 37). ഇപ്രകാരം അല്ലാതെ ചില വേദവിപരീതി കളെപ്പോലെയും പുറജാതികളെപ്പോലെയും ഉയിർപ്പില്ലെന്നോ നീതി മാന്മാർക്കു മാത്രമേ ഉയിർപ്പ് ഉള്ളൂ എന്നോ ഉയിർപ്പ് എന്നു പറയു ന്നത് ആത്മാവു ഒരു ശരീരത്തിൽനിന്നു വേറൊരു ശരീരത്തിലേക്കു പ്രവേശിക്കയാകുന്നു എന്നോ, യാതൊരു പ്രകാരത്തിലും വിശ്വസിച്ചു പോകരുതാത്തതത്രെ.

## 32 –ാം സംഗതി

### സ്വാതന്ത്ര്യസൃഷ്ടി, മുന്നറിവു, മുൻനിയമം എന്നിവയെക്കുറിച്ച്

മനുഷ്യൻ പ്രകൃതിയാലെ നന്മയിലേക്കോ തിന്മയിലേക്കോ ചായാവുന്നതായ ഒരു സ്വഭാവം ഉള്ളവനെങ്കിലും അതിനെ അവന വന്റെ മനസ്സുപോലെ പെരുമാറാൻ തക്കവണ്ണം സ്വാതന്ത്ര്യശക്തി യോടുകൂടെ അത്രെ സൃഷ്ടിച്ചിരിക്കുന്നത്. ഒരുവനു പാപം ചെയ്വാൻ സ്വാതന്ത്ര്യം ഉള്ളപ്രകാരംതന്നെ മനസ്സുണ്ടെങ്കിൽ പാപം ചെയ്യാ തിരിപ്പാനും സ്വാതന്ത്ര്യം ഉണ്ട് (ആവ. 30:19; 11:26–27). മനുഷ്യൻ തന്റെ സ്വാതന്ത്ര്യശക്തിയെ നന്മയിലേക്കു പെരുമാറേണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നല്ലാതെ ബലബന്ധത്താൽ ഒരുത്തനെ ക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ടു രക്ഷയോ ശിക്ഷയോ പ്രതിഫലം കൊടുക്കുന്നില്ല. എന്നാലോ തന്നോടു ചോദി ക്കുന്നവർക്കു നന്മയ്ക്കായി താൻ സഹായിക്കുന്നു (യാക്കോ. 1:13; 24:25; 1 പത്രോ. 5:2; ഏശാ. 1:19–20; 2 കോറി. 9:7). എന്തെന്നാൽ തിന്മയെ വെറുക്കുന്നതിനും നന്മയിലേക്കു തിരിയുന്നതിനും ദൈവം മനുഷ്യനു ദൃഢബുദ്ധിയും സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ടെങ്കിലും ദൈവശക്തി കൂടാതെ യാതൊരു നന്മയും പ്രവർത്തിക്കുന്നതിനു മനുഷ്യൻ താനെതന്നെ ശക്തിയില്ലാത്തവനാകുന്നു (യോഹ. 15:5; അപ്പോ. 17:28). എന്നാൽ തിന്മയിൽ തനിക്ക് ഇഷ്ടമില്ലാത്തതിനാൽ അതിനു സഹായിക്കാതെ അവനവന്റെ ഇഷ്ടത്തിനു വിട്ടുകൊടു ക്കുന്നു (സങ്കീ. 81:11; അപ്പോ. 14:15; 1:13,14–15). മനുഷ്യരിൽ ഇന്നാരി

ന്നാരെല്ലാം തന്റെ പുത്രൻ മൂലമുള്ള കൃപയിൽ ആശ്രയിച്ചു നിത്യ ജീവനു യോഗ്യന്മാരായിത്തീരുമെന്നും ഇന്നാരിന്നാരു നിത്യ ശിക്ഷയ്ക്കു യോഗ്യന്മാരായിത്തീരുമെന്നും ലോകസൃഷ്ടിക്കു മുമ്പേ തന്നെ തനിക്കു മുന്നറിവുണ്ടെന്നല്ലാതെ (അപ്പോ. 2:23; റോമ. 8:29; 11:2; 1 പത്രോ. 1:2) ഇന്നാരിന്നാരു മോക്ഷത്തിനു അവകാശികളും ഇന്നാരിന്നാരു നരകത്തിന് അവകാശികളുമായിത്തീരണമെന്നു പൊതുവെ ദൈവം മുൻകൂട്ടി നിയമിച്ചിട്ടില്ല (മീഖാ. 6:3,4; ഏശാ. 5:3,4; 1:16–20; റോമ. 2:4,5,6; 11:20,21,22). താൻ മുന്നറിഞ്ഞിട്ടുള്ള ചിലരെ തന്റെ വേലയ്ക്കായി മുമ്പുകൂട്ടി നിയമിച്ചു ശുദ്ധീകരിപ്പാൻ തനിക്ക് അധികാരവും ശക്തിയും ഇല്ലെന്നോ റോമ. 9:21; യറ. 15) സ്ഥിര മുള്ളതായ തന്റെ മുന്നറിവിൻപ്രകാരം കൃപയ്ക്കു പാത്രവാന്മാരും തന്റെ വിളിക്കു യോഗ്യന്മാരുമായിത്തീരുമെന്നു താൻ മുമ്പുകൂട്ടി അറിഞ്ഞിട്ടുള്ളവരെ വേർതിരിക്കയും മഹത്വപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നോ അല്ല; (റോമ. 8:29–30) എന്നാലോ താൻ പക്ഷാ ഭേദം ഇല്ലാത്തവനും (റോമ. 2:11) നീതിയും കരുണയും നിറഞ്ഞിരി ക്കുന്നവനുമാകയാൽ (സങ്കീ. 19:9–10) താൻ ചിലരെ അവർ ദുഷ്ട ന്മാരായിത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടിക്കയും മുൻനിയമി ക്കയും ചെയ്തുകൊണ്ടു ശിക്ഷിക്കയോ ചിലരെ അവർ നീതിമാ ന്മാരായിത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടിക്കയും മുൻനിയമി ക്കയും ചെയ്തുകൊണ്ടു രക്ഷിക്കയോ മനുഷ്യർക്കു സ്വാതന്ത്ര്യം കൊടുക്കാതെ താൻ നിയമിച്ചിട്ടുള്ളപ്രകാരം നന്മയെങ്കിലും തിന്മ യെങ്കിലും സകലവും അവരെക്കൊണ്ടു പ്രവർത്തിപ്പിച്ചതിന്റെശേഷം ചിലരെ മോക്ഷത്തിന്നും ചിലരെ നരകത്തിന്നും അവകാശികളാക്കി ത്തീർക്കുകയോ ചെയ്കയില്ലെന്നു മാത്രം ആകുന്നു. എന്നാൽ മനുഷ്യൻ ഏതെല്ലാം പ്രകാരം നടന്നാലും ആയതൊക്കെയും ദൈവം തന്റെ മുൻനിയമപ്രകാരം അവരെക്കൊണ്ടു നടത്തിക്കുന്നതായാൽ ആയതൊന്നും രക്ഷയ്ക്കും ശിക്ഷയ്ക്കും കാരണമായി ഭവിക്കുന്ന തല്ലെന്നും രക്ഷയും ശിക്ഷയും കൊടുക്കുന്നതും മുൻനിയമം അനുസരിച്ചാകുന്നു എന്നുമുള്ള ചിലരുടെ ഉപദേശം, ഞാൻ എന്തെല്ലാം താല്പര്യപ്പെട്ടാലും ഒന്നും താല്പര്യപ്പെടാതിരുന്നാലും ദൈവത്തിന്റെ മുൻനിയമപ്രകാരം മാത്രമേ സംഭവിക്കയുള്ളല്ലോ എന്നുള്ള ദുർവിചാരം മനുഷ്യർക്കു ജനിപ്പിക്കുന്നതാകയാൽ ആയതു നിരാശ, ആത്മകാര്യങ്ങളിൽ താല്പര്യക്കുറവു, അശുദ്ധ നടപടികൾ



മുതലായ വലിയ ആപത്തിലേക്കു മനുഷ്യരെ വലിച്ചുകൊണ്ടു പോകുന്നതും നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കി ത്തീർക്കുന്നതും ആകുന്നു (1 പത്രോ. 1:17–23; 2 നാളാ. 19:7).

## 33–ാം സംഗതി

### വിശുദ്ധ പുസ്തകങ്ങളെക്കുറിച്ചു

ദൈവാത്മാവു മൂലം എഴുതപ്പെട്ടവയും വിശുദ്ധ പിതാക്കന്മാർ കാനോനായിക്കടുത്തവയായി വേർതിരിച്ചു സ്ഥിരപ്പെടുത്തിയിരി ക്കുന്നവയുമായ പഴയനിയമത്തിലും പുതിയനിയമത്തിലും ഉള്ള പുസ്തകങ്ങളെ പ്രമാണപ്പെട്ടവയായി എല്ലാവരും അംഗീകരിക്കേണ്ട താകുന്നു.

### പഴയനിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും

| | |
|---|---|
| മോശയുടെ പുസ്തകങ്ങൾ | 5 |
| തന്റെ പുത്രനായ യേശുവിന്റെ (യോശുവാ) പുസ്തകം | 1 |
| ന്യായാധിപതിമാരുടെ പുസ്തകം | 1 |
| രൂഥിന്റെ പുസ്തകങ്ങൾ | 1 |
| ശമുവേലിന്റെ പുസ്തകങ്ങൾ | 2 |
| രാജാക്കന്മാരുടെ പുസ്തകങ്ങൾ | 2 |
| നാളാഗമപുസ്തകങ്ങൾ | 2 |
| എസ്രായുടെ പുസ്തകങ്ങൾ (നഹമിയായുടേതുൾപ്പെടെ) | 2 |
| മക്കുബായക്കാരുടെ പുസ്തകങ്ങൾ | 3 |
| യോബിന്റെ പുസ്തകം | 1 |
| നൂറ്റമ്പതു മസുമൂറാകൾ അടങ്ങിയ ദാവീദിന്റെ പുസ്തകം | 1 |
| ശ്ലോമ്മോന്റെ പുസ്തകങ്ങൾ | 4 |
| ദീർഘദർശിമാരുടെ പുസ്തകങ്ങൾ | 16 |

മേൽ വിവരിച്ചവയിൽ ശ്ലോമ്മോന്റെ നാലു പുസ്തകങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു അവന്റെ സുഭാഷിതങ്ങളുടെ പുസ്തകത്തെ

രണ്ടു പുസ്തകങ്ങളാക്കി പറഞ്ഞിരിക്കുന്നതിനാൽ അത്രെ. സുഭാ. 25-ാം അദ്ധ്യായം 1-ാം വാക്യത്തിൽ ശ്ലോമ്മോന്റെ അഗാധസുഭാഷിതങ്ങൾ എന്നു തലവാചകമായി പറഞ്ഞിരിക്കുന്നതിൻപ്രകാരം അതു മുതലുള്ളവയെ വേറൊരു പുസ്തകമായിട്ടത്രെ എണ്ണിയിരിക്കുന്നത്. ദീർഘദർശിമാരുടെ പുസ്തകങ്ങൾ പതിനാറെന്നു പറഞ്ഞവയിൽ ദാനിയേലിന്റെ പുസ്തകം ശൂശാന്റെ കൂടെ അടങ്ങിയിരിക്കുന്നതു മാകുന്നു.

**പുതിയനിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും**

| | |
|---|---|
| ഏവൻഗേലിയോൻ പുസ്തകങ്ങൾ | 4 |
| പൌലൂസിന്റെ ലേഖനങ്ങൾ | 14 |
| പത്രോസിന്റെ ലേഖനങ്ങൾ | 2 |
| യോഹന്നാന്റെ ലേഖനങ്ങൾ | 3 |
| യാക്കൂബിന്റെ ലേഖനം | 1 |
| ഈഹൂദായുടെ ലേഖനം | 1 |
| ക്ലീമ്മീസിന്റെ ലേഖനങ്ങൾ | 2 |
| ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം | 1 |

പ്രമാണപ്പെട്ട പുസ്തകങ്ങളെപ്പോലെ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നവയെങ്കിലും, വലിയ അത്താനാസ്യോസു, അലക്സന്ത്ര്യായുടെ ദീവന്നാസ്യോസു മുതലായവർ ചിലതിനെക്കുറിച്ചു സംശയമായിട്ടും മറ്റുള്ളവയെ ദൈവഭക്തിയുടെ ഉപദേശത്തിന്നും പഠിത്വത്തിനും മാത്രം വായിക്കപ്പെടേണ്ടതായിട്ടും പറഞ്ഞിരിക്കുന്ന പുസ്തകങ്ങളുടെ വിവരം താഴെ പറയുന്നു.

ശ്ലോമ്മോന്റെ വലിയ ജ്ഞാനപ്പുസ്തകം
ബാറാസീറായുടെ പുസ്തകം
എസ്തേറിന്റെ പുസ്തകം
ഈഹൂദീത്തിന്റെ പുസ്തകം
തോബിയായുടെ പുസ്തകം
ശ്ലീഹന്മാരുടെ ദിയാത്തക്ലീസ് പുസ്തകം



ഇടയന്മാരുടെ പുസ്തകം
യോഹന്നാന്റെ വെളിപാടു പുസ്തകം
പൌലോസിന്റെയും മറ്റു ചിലരുടെയും വെളിപാടുകൾ
ബർനാബായുടെ ലേഖനങ്ങൾ

ദൈവാത്മാവാൽ എഴുതപ്പെടുന്ന സകല പുസ്തകങ്ങളും ഉപദേശത്തിനും ശാസ്യത്തിനും, നീതിയിലുള്ള അഭ്യാസത്തിനും സത്യവിശ്വാസത്തിന്റെ സ്ഥിരതയ്ക്കും പ്രയോജനമുള്ളവയാകയാൽ വിശുദ്ധ സഭയിലെ ശുദ്ധിമാന്മാരായ സഭാപിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള തക്സാകൾ, മെമ്മറാകൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ, വ്യാഖ്യാനങ്ങൾ, ചരിത്രങ്ങൾ, കാനോനാകൾ മുതലായവ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നപ്രകാരം മേലാൽ ഉണ്ടാക്കപ്പെടുന്നവയും പ്രധാന മേല്പട്ടക്കാരുടെ പരിശോധനയോടുകൂടെ അംഗീകരിക്കപ്പെടാവുന്നതാകുന്നു.

## 34-ാം സംഗതി

**സുന്നഹദോസുകളെയും സഭയുടെ അധികാരത്തെയുംകുറിച്ച്**

നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും മരണശേഷവും പുറജാതി രാജാക്കന്മാരും പ്രഭുക്കന്മാരും ക്രിസ്തീയ സഭയെ വളരെ പീഡിപ്പിച്ചുവന്നു എങ്കിലും സഭക്കാർ തങ്ങളുടെ വിശ്വാസരീതിയെ കളങ്കം കൂടാതെ സത്യത്തിൽതന്നെ മുറുകെ പിടിച്ചിരുന്നു. എന്നാൽ സഭയ്ക്ക് അന്യന്മാരിൽനിന്നുള്ള പീഡ ഒഴിഞ്ഞ് ആശ്വാസം ഉണ്ടായപ്പോൾ സഭയിൽനിന്നുതന്നെ അനേകം വേദവിപരീതികൾ എഴുന്നേറ്റ് (അപ്പോ. 20:29-30; മത്താ. 24:4-5; കോലോ. 2:8; 2 യോഹ. 10:11) ശുദ്ധമുള്ള വേദവാക്യങ്ങളെ തങ്ങളുടെ ഹിതത്തിന് ഒത്തപ്രകാരം മറുപാടായി വ്യാഖ്യാനിക്കയും നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനു വിരോധമായുള്ള ചില വിശ്വാസവിപരീതങ്ങളെ പഠിപ്പിക്കയും ചെയ്കമൂലം അന്നന്നു ഭരിച്ചുവന്ന ക്രിസ്ത്യാനി രാജാക്കന്മാരുടെ കല്പനയാൽ നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും എപ്പേസൂസിലും പൊതുവിന്നടുത്ത മൂന്നു സുന്നഹദോസുകൾ കൂടുകയും അവയിൽ വച്ചു വേദവിപരീതങ്ങളെ വെളിപ്പെടുത്തി ഇടത്തൂടുകാരെ സഭയിൽ

നിന്നു പുറത്തു തിരിക്കയും സത്യവിശ്വാസരീതിയെ സ്ഥിരപ്പെടുത്തി അതിന്റെ നിലനില്പിനുവേണ്ടിയുള്ള നടപടിക്രമങ്ങളെ ചട്ടപ്പെടുത്തുകയും ചെയ്തു. അതിനാൽ നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനോ അതിന്റെ സ്ഥിരതയ്ക്കായോ നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എപ്പേസൂസിലും കൂടിയ പൊതുവിന്നടുത്ത മൂന്നു സുന്നഹദോസുകളിലെ വിശുദ്ധ പിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച വിശ്വാസരീതിക്കോ എതിരായുള്ള യാതൊരുപദേശത്തെയും കൈക്കൊൾവാനോ പഠിപ്പിപ്പാനോ ഒരുത്തനും അധികാരം ഇല്ല (ഗലാ. 1:8-9; സുഭാ. 22:28). ഈ സത്യ ഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നതായുള്ള കർമ്മാചാരങ്ങൾക്കടുത്ത നടപടിക്രമങ്ങളെയും മര്യാദകളെയും കാലയുക്തം പോലെയും ദേശാവസ്ഥപോലെയും ക്രമപ്പെടുത്തുവാൻ കാതോലിക്കായിക്കടുത്തതും ശ്ലീഹായ്ക്കടുത്തതുമായ നമ്മുടെ വി. സഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ മുതലായവർ ഒന്നിച്ചു കൂടുന്ന പൊതുവിന്നടുത്ത സുന്നഹദോസുകൾക്കു അധികാരവും ഉണ്ട് (നള. 16:4; റോമ. 14:19; 1 കോറി. 8:12; തീത്തോ. 1:5) മാമ്മോദീസാ, വി. കുർബ്ബാന, വിവാഹം മുതലായ വി. കൂദാശകളിലെ കർമ്മങ്ങളും ദനഹാ, ഊശാന, സ്കീപ്പുസായുടെ വെള്ളിയാഴ്ച, ഉയർപ്പ്, പെന്തിക്കുസ്തി മുതലായ ദിവസങ്ങളിലെ ശുശ്രൂഷകളും സത്യഉപദേശത്തിന്നും വിശ്വാസരീതിക്കും ചേരുന്നവയും വിശുദ്ധ സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തക്സാപ്പുസ്തകങ്ങളിൻപ്രകാരം നടത്തി വരുന്നവയും ആകയാൽ ഇവകളെ തന്നിഷ്ടമായി ഒരുത്തനും വ്യത്യാസം ചെയ്തുകൂടാത്തതാകുന്നു. സത്യവിശ്വാസത്തിനു എതിരാളികളായി കാണപ്പെടുകയോ സഭയിൽ വിരുദ്ധം ഉണ്ടാക്കുകയോ സഭയുടെ നിശ്ചയങ്ങളെയും തങ്ങളുടെ മേലധികാരികളുടെ കല്പനകളെയും അനുസരിക്കാതിരിക്കയോ പൈശാചികമായി നടക്കയോ ചെയ്യുന്നവരെ സഭയിൽനിന്നു തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരം ഉണ്ട്. സഭയിൽ നിന്നു ഭ്രഷ്ടാക്കപ്പെടുന്നവരെ സത്യമുള്ള അനുതാപത്താൽ തിരികെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിന് അന്യന്മാരെന്നപോലെ വിചാരിപ്പാനുള്ളതും ആകുന്നു (1 കോറി. 5:4-5; മത്താ. 18:17; 2 കോറി. 2:6,7,8).



## മുൻകാലത്ത് എഴുന്നേറ്റിട്ടുള്ള ചില വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശങ്ങളുടെ ചുരുക്കവും ഇവിടെ ചേർക്കുന്നു

**1. ക്ഷുദ്രക്കാരനായ സീമോൻ**

ഇവൻ അവന്റെ ക്ഷുദ്രങ്ങളാൽ യഹൂദന്മാർക്കു പിതാവിന്റെയും ശമ്രായക്കാർക്കു പുത്രന്റെയും പുറജാതികൾക്കു റൂഹാദക്കുദിശായുടെയും സാദൃശത്തിൽ കാണപ്പെടുകയും ഉയർപ്പില്ലെന്നു പഠിപ്പിക്കയും ചെയ്യുന്നു.

**2. മന്ത്രോസ്**

ഇവൻ ക്ഷുദ്രക്കാരനായ സീമോന്റെ ശിഷ്യനായിരുന്നു. അവന്റെ കൈകളാൽ മാമ്മോദീസാ മുഴുകുന്നവർ മാലാഖമാരേക്കാൾ വിശേഷതയുള്ളവരായിത്തീരുമെന്ന് അവൻ പഠിപ്പിച്ചുവന്നു.

**3. സുത്രീനീനോസ്**

ലോകത്തെ ഉണ്ടാക്കിയതു ഏഴു മാലാഖമാരാകുന്നു. നാം നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്കുക എന്നു ദൈവം പറഞ്ഞതു അവരോടത്രേ. ന്യായപ്രമാണത്തെ നിയമിച്ചതു മാലാഖമാരാകുന്നു. വിവാഹം തിന്മപ്പെട്ടവനിൽ നിന്നത്രെ. പിശാചുക്കൾ ദുഷ്ടന്മാരായ മനുഷ്യർക്ക് സഹായിക്കുന്നതിനാൽ നല്ലവർക്കു സഹായിപ്പാൻ രക്ഷകൻ വന്നു എന്നിപ്രകാരം അവൻ ഉപദേശിച്ചുവന്നു.

**4. ബാസിൽദോസു**

ഗൻസാലീക്കർ എന്നു വിളിക്കപ്പെടുന്ന സർപ്പാരാധനക്കാരുടെ വേദവിപരീതങ്ങളെ ആരംഭിച്ചത് ഇവനത്രെ. സംവത്സരത്തിന്റെ ദിവസങ്ങളുടെ എണ്ണപ്രകാരം 365 ആകാശങ്ങൾ ഉണ്ടെന്നും കാമവികാരനടപടികളെ നാം നിവർത്തിക്കേണ്ടതെന്നും ഇവൻ പരസ്യമായി പ്രസംഗിച്ചുവന്നു.

**5. അബിയൂനർ**

മ്ശിഹായുടെ തുടസ്സം മറിയാമ്മിൽനിന്നും യൌസേപ്പിൽ നിന്നും ആകുന്നു എന്നു ഇവർ പഠിപ്പിച്ചുവന്നു.

**6. കുറിയാന്തോസ്**

ഉയിർപ്പിന്റെ ശേഷം ഭൂമിയിലുള്ള ഊർശ്ലേമിൽ നാം ആയിരം സംവത്സരങ്ങൾ ഇമ്പമോഹങ്ങളെ നിവർത്തിക്കുമെന്നും ലോകത്തെ ഉണ്ടാക്കിയതു മാലാഖമാർ ആകുന്നു എന്നും മ്ശിഹായുടെ ജനനം മനുഷ്യനടപടിപ്രകാരം ഉണ്ടായതെന്നും ഇവർ പഠിപ്പിച്ചുവന്നു.

**7. മ്ലീത്തീനോസ്**

നമ്മുടെ കർത്താവു തന്റെ ശരീരത്തെ ആകാശത്തിൽനിന്നു കൊണ്ടുവന്നതെന്നും ഒരു പനിനീർ കുപ്പിയിൽ എന്നപ്രകാരം കന്യാസ്ത്രീയിൽ താൻ പ്രവേശിച്ചു എന്നും ഇവർ പഠിപ്പിച്ചുവന്നു.

**8. കർദൂൻ**

ആദിസ്വരൂപികൾ അനേകം ആകുന്നു എന്നും ഉയിർപ്പില്ലെന്നും ഇവൻ പഠിപ്പിച്ചുവന്നു.

**9. മർക്കോസ്**

ഇവൻ പലരേയും അതിശയിപ്പാൻ തക്കവണ്ണം എബ്രായഭാഷ സംസാരിക്കയും അനേക നാമങ്ങൾ ധരിച്ചുകൊണ്ടു പലരേയും വഞ്ചിക്കയും ചെയ്തു.

**10. മർക്കിയാൻ**

നല്ലവനും നീതിമാനും ജഡമായ ദുഷ്ടനും ഇങ്ങിനെ മൂന്നു ആദിസ്വരൂപികൾ ഉണ്ട്. അവരിൽ നീതിമാൻ ജഡംകൊണ്ടു സകലത്തേയും സൃഷ്ടിച്ചു പഴയനിയമത്തെ മനുഷ്യർക്കു കൊടുക്കയും ചെയ്തു. എന്നാൽ സൃഷ്ടി ചെയ്ത നീതിമാന്റെ അടിമയിൽനിന്നു തന്നിൽ വിശ്വസിക്കുന്നവരെ സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ടു നല്ലവന്റെ പുത്രനായ യേശുമ്ശിഹാ ഇറങ്ങിവന്നു. താൻ മനുഷ്യനായിത്തീരുകയോ കഷ്ടമനുഭവിക്കുകയോ ചെയ്യാതെ മായക്കാഴ്ചയായി അപ്രകാരം കാണപ്പെട്ടതേ ഉള്ളൂ. പുതിയനിയമം കൊടുത്തതു നല്ലവനാകുന്നു. ഉയർപ്പും ന്യായവിധിയും ഇല്ല എന്നിപ്രകാരം അവൻ പഠിപ്പിച്ചുവന്നു. ദീർഘദർശനങ്ങളെയും സുവിശേഷങ്ങളിൽ ലൂക്കോസിന്റെ സുവിശേഷം മാത്രവും അവൻ കൈക്കൊണ്ടിരുന്നു.



**11. ബസ്നഹറീൻകാരനായ തിത്തിയാനോസ്**

വിവാഹം വേശ്യാസംഗം ആകുന്നു എന്നു ഇവൻ പഠിപ്പിച്ചുവന്നു. നാലു ഏവൻഗേലിയോനുംകൂടെ കൂട്ടിക്കലർത്തി ദീയാത്തെസ്സ്രോൻ എന്നു വിളിക്കപ്പെടുന്ന ഒരു ഏവൻഗേലിയോൻ ഉണ്ടാക്കുകയും അതിൽനിന്നു വംശാവലിയേയും മ്ശിഹാ ദാവീദിന്റെ സന്തതിയിൽനിന്നാകുന്നു എന്നു കാണിക്കുന്ന സകല ഭാഗങ്ങളെയും നീക്കുകയും ശ്ലീഹന്മാരുടെ ലേഖനങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്തു. ഇവന്റെ വേദവിപരീതത്തിനു ചേർന്നവർക്ക് ഇത്രിക്രീത്തർ എന്നു പേരു പറയപ്പെടുന്നു.

**12. മുന്തോസ്**

ഇവൻ ആശ്വാസപ്രദനാകുന്നു എന്നു തന്നെക്കുറിച്ചു തന്നെ പറഞ്ഞുവന്നു. അവനു പ്രസ്തലാ എന്നും മക്സമലാ എന്നും പേരായ രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. അവർ ദീർഘദർശിനികൾ എന്നു വിളിക്കപ്പെട്ടുമിരുന്നു. ആസ്യായിലുള്ള പാപ്പോസ്, തീമാൻ എന്ന നഗരങ്ങൾക്ക് ഊർശ്ലേം എന്നു പേർ വിളിച്ചുകൊണ്ടു അവിടെ അവന്റെ അശുദ്ധ ഉപദേശങ്ങളെ പഠിപ്പിച്ചുവന്നു. എന്നാൽ അവസാനം അവർ തങ്ങളുടെ സ്വന്തം കൈകളാൽതന്നെ കൊല്ലപ്പെടുകയും ചെയ്തു.

**13. ബർദൈസാൻ**

അഗ്നി, വെള്ളം, പ്രകാശം, വായു ഇങ്ങനെ ആദിസ്വരൂപികൾ നാലാകുന്നു. ഇവയിൽനിന്നു ദേവന്മാരും ലോകങ്ങളും ഉണ്ടായി. മോശയോടും ദീർഘദർശിമാരോടും സംസാരിച്ചതു ദൈവം അല്ല, റീശ് മാലാഖയത്രെ. മറിയം പ്രസവിച്ചതു ജഡസ്വരൂപത്തിൽ ആകൃതിപ്പെട്ട പ്രകാശമുള്ള ആത്മാവിനെ അല്ലാതെ മരണമുള്ള ജഡത്തെ അല്ല. മനുഷ്യനെ സൃഷ്ടിച്ചതു മാലാഖമാരും, ഗ്രഹങ്ങളും കൂടെ ആകുന്നു. ആത്മാവിനെ കൊടുത്തതു മാലാഖമാരും സന്ധുക്കളെ കൊടുത്തതു ഗ്രഹങ്ങളും ആകുന്നു. വ്യാഴഗ്രഹത്തിന്റെ നാഴികയിൽ മ്ശിഹാ ജനിക്കയും ചൊവ്വായുടെ നാഴികയിൽ കുരിശിൽ തറയ്ക്കപ്പെടുകയും പിന്നെയും വ്യാഴത്തിന്റെ നാഴികയിൽ താൻ ഉയർത്തെഴുന്നേല്ക്കയും ചെയ്തു. ഉയിർപ്പില്ല, വിവാഹം നിർമ്മലതയുണ്ടാക്കുന്നതത്രേ എന്നിപ്രകാരം ഒക്കെയും അവൻ പഠിപ്പിച്ചുവന്നു.

**14. എവുറിഗാനീസ്**

ഇവന് ത്രിത്വത്തിൽ നല്ല വിശ്വാസം ഉണ്ടായിരുന്നില്ല. ഉയിർപ്പില്ലെന്നും പറഞ്ഞുവന്നു. ഇവൻ വചനത്താലും ഉപദേശത്താലും വളരെ നിപുണനായിരുന്നതു കൂടാതെ പഴയനിയമത്തിനും പുതിയ നിയമത്തിനും വളരെ വ്യാഖ്യാനങ്ങൾ ചമയ്ക്കുകയും ചെയ്തു.

**15. ഹൽക്കസനേർ**

വാകൊണ്ടു മ്ശിഹായിൽ ഉപേക്ഷിച്ചു പറഞ്ഞാലും ഹൃദയം കൊണ്ടു ഏറ്റുപറഞ്ഞാൽ കുറ്റമില്ലെന്ന് ഇവർ പഠിപ്പിച്ചുവന്നു. ഇവർക്ക് ഒരു പുസ്തകമുണ്ടായിരുന്നു. അതു വായിച്ചു കേൾക്കുന്നവർക്കു പാപമോചനം ലഭിക്കുമെന്നും പറഞ്ഞുവന്നു.

**16. നാവാത്തീസ്**

മാമ്മോദീസാ മുങ്ങിയതിന്റെശേഷം പാപം ചെയ്യുന്നവർക്കു മോചനം ഉണ്ടാകുന്നതല്ലെന്നു ഇവൻ പഠിപ്പിച്ചുവന്നു. എന്നാൽ യൌനായ ആണ്ട് 561-ൽ ദുക്കിയോസിനാൽ ക്രിസ്ത്യാനികളോടു ണ്ടായ പീഡയിൽവച്ച് ഇവൻ മ്ശിഹായെ ഉപേക്ഷിച്ചതായിട്ടും പറയപ്പെടുന്നു.

**17. സാംബലിയോസ്**

ശുദ്ധമുള്ള ത്രിത്വമെന്ന് പറയപ്പെടുന്നതു ഒരാൾതന്നെ ആകുന്നു എന്നും താൻ പഴയനിയമത്തിൽ പിതാവായിട്ടു പറയപ്പെടുകയും പുതിയനിയമത്തിൽ പുത്രനായിട്ടു ജഡം ധരിക്കയും ശുദ്ധമുള്ള റൂഹായുടെ സാദൃശത്തിൽ ശ്ലീഹന്മാരിൽ സംസാരിക്കയും ചെയ്ത തത്രേ എന്നു ഇവൻ പഠിപ്പിച്ചു വന്നു.

**18. മെസ്രേൻകാരനായ യൂവത്തീസ്**

ഇവൻ യഹൂദാചാരം ഉപദേശിക്കയും ശുദ്ധിമാന്മാർക്കു ഭൂമിയിൽ ആയിരം സംവത്സരങ്ങൾ ഭക്ഷണവും പാനീയവും ഉണ്ടാകുമെന്നു പഠിപ്പിക്കയും ചെയ്തുവന്നു.

**19. ശ്മശ്ത്തായക്കാരൻ പൌലെ**

മ്ശിഹാ ഒരു സാധാരണ മനുഷ്യൻ ദൈവകൃപയ്ക്കു യോഗ്യനായിത്തീർന്നവനാകുന്നു എന്നും തന്റെ തുടസ്സം മറിയത്തിൽ



നിന്നത്രെ എന്നും ഇവൻ പഠിപ്പിച്ചുവന്നു. സുന്ദരികളായ ഏഴു സ്ത്രീകൾ അവനു ചേർന്നു അവന്റെ നാമത്തിനു പാട്ടുകൾ പാടിക്കൊണ്ടിരുന്നു. വേശ്യാസംഗം അശുദ്ധമുള്ളതായിട്ട് അവൻ നിരൂപിച്ചതുമില്ല.

**20. മാനി**

ഇവൻ മ്ശിഹാ എന്നും ശുദ്ധമുള്ള റൂഹായെന്നും തന്നത്താൻ പേരു വിളിച്ചുവന്നു. നല്ലവനായ ദൈവവും തിന്മപ്പെട്ടതായ ജഡവും ഇങ്ങനെ രണ്ടു ആദിസ്വരൂപികൾ ഉണ്ട്. സൂര്യനും ചന്ദ്രനും മനുഷ്യരുടെ ആത്മാക്കളേയും ജഡത്തിലുള്ള സകല നന്മകളേയും എടുത്തുകൊണ്ടുപോയി പ്രകാശത്തിന്റെ സ്ഥലത്തേക്ക് ഇറക്കുന്ന കപ്പലുകളാകുന്നു. അവസാനം നല്ലവനായ ദൈവം ജഡത്തേയും മാനിയിൽ വിശ്വസിക്കാത്തതായ സകല ആത്മാക്കളേയും അഗ്നിക്ക് ഏല്പിക്കും. വിവാഹം തിന്മപെട്ടവനിൽനിന്നാകുന്നു. ആത്മാക്കൾ ശരീരത്തിൽനിന്നു വിട്ടുപോകുമെന്നല്ലാതെ ഉയർപ്പുണ്ടാകുന്നതല്ല. നമ്മുടെ കർത്താവിന് ആത്മാവും ശരീരവും ഉണ്ടായിരുന്നില്ല. എന്നാലോ താൻ കാണപ്പെട്ടതും കഷ്ടമനുഭവിച്ചതും താൻ പ്രവൃത്തിച്ച സകലവും മായക്കാഴ്ചയായിട്ടായിരുന്നു. 25 ദേവന്മാരും അവർക്കു 12 സ്ത്രീകളും ഉണ്ട് എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചുവന്നു.

**21. അറിയോസ്**

ദൈവപുത്രൻ സൃഷ്ടിക്കപ്പെട്ടവനാകുന്നു. പിതാവായ ദൈവം സകല സൃഷ്ടികളെയും സൃഷ്ടിക്കുന്നതിനു മുമ്പു പുത്രനെ സൃഷ്ടിച്ചു. പുത്രനെക്കൊണ്ടു സകലത്തേയും സൃഷ്ടിപ്പിക്കയും ചെയ്തു. അതിനാൽ പുത്രൻ പിതാവിനോടു സമനല്ല. അപ്രകാരംതന്നെ ശുദ്ധമുള്ള റൂഹായും പിതാവിനോടു സമനല്ല. പുത്രൻ എടുത്ത ശരീരം ആത്മാവില്ലാത്തതത്രെ. ആത്മാവിനു പകരം ദൈവത്വം ആയിരുന്നു എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചതു കൂടാതെ, പിതാവിനും പുത്രനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി എന്നുള്ള മുന്മത്വത്തിന്റെ സ്തുതിയെ ശുദ്ധമുള്ള റൂഹായാൽ പുത്രൻമൂലം പിതാവിനു സ്തുതി എന്നു മാറ്റി പഠിപ്പിച്ചു. നമ്മുടെ കർത്താവു പഠിപ്പിച്ചിരിക്കുന്ന പ്രകാരം പിതാവിന്റെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽ

മാമ്മോദിസാ മുങ്ങുന്നു എന്നു മാമ്മോദീസായിൽ ഉപയോഗിച്ചു വരുന്ന വചനം വ്യത്യാസപ്പെടുത്തിയാൽ അവന്റെ ദുഷ്ടത വേഗം വെളിപ്പെട്ടുപോകുമെന്നു കരുതി ആയതു മാറ്റിയതുമില്ല.

**22. നാവാദി**

ഈ അശുദ്ധൻ 94 വെളിപാടുകളെയും നടപടിപ്പുസ്തകങ്ങളെയും ഉണ്ടാക്കി. അവയാൽ അവൻ ജീവന്റെ പിതാവും ജീവന്റെ മാതാവും അനേകം പുത്രന്മാരും അനേകം ആത്മാക്കളും അനേകം ദേവന്മാരും ഉണ്ട്. മാലാഖമാരെ സൃഷ്ടിച്ചത് ഒരു മാലാഖയത്രെ. ദൈവവും വിധിയിൻ കീഴിലാകുന്നു. അതിനാൽ സകലവും എന്നപോലെ ദൈവവും തന്നോടു ചേരുന്നവരും അവസാനം മാഞ്ഞ് ഇല്ലാതായി പോകും. മ്ശിഹായെ കുരിശിൽ തറച്ചതു ദൈവമാകുന്നു. മ്ശിഹാ സൃഷ്ടിക്കപ്പെട്ടവനത്രെ. തന്റെ ശരീരം ആകാശത്തിനടുത്തതാകുന്നു. താൻ കഷ്ടമനുഭവിക്കാതെ കഷ്ടമനുഭവിച്ചതായും കുരിശിൽ തറയ്ക്കപ്പെടാതെ കുരിശിൽ തറയ്ക്കപ്പെട്ടതായും കാണപ്പെട്ടതേയുള്ളൂ. പാപം സ്വഭാവേനയുള്ളതാകുന്നു. നമ്മുടെ ശരീരം തിന്മപെട്ടവനിൽ നിന്നുള്ളതത്രെ. ഉയർപ്പില്ല. വിവാഹം അശുദ്ധമുള്ളതാകുന്നു എന്നിപ്രകാരവും മറ്റും പഠിപ്പിച്ചു.

**23. മക്കദോനിയോസ്**

പുത്രൻ പിതാവിനു സമനെങ്കിലും ശുദ്ധമുള്ള റൂഹാ പിതാവിനും പുത്രനും സമനല്ലെന്ന് ഇവൻ പഠിപ്പിച്ചുവന്നു.

**24. എവുനോമിയോസ്**

ദൈവം സകലത്തിനും മുമ്പു പുത്രനെ സൃഷ്ടിച്ചു. സകല സൃഷ്ടികളെയും സ്ഥിരപ്പെടുത്തുന്നതിനു മുമ്പു പുത്രൻ ശുദ്ധമുള്ള റൂഹായെയും സൃഷ്ടിച്ചു എന്നിപ്രകാരം ഇവൻ പഠിപ്പിച്ചതു കൂടാതെ മൂന്നുത്വത്തിന്റെ നാമത്തിൽ മാമ്മോദീസാ മുക്കുന്ന മര്യാദ വ്യത്യാസപ്പെടുത്തി യേശുവിന്റെ മരണനാമത്തിൽ മാത്രം മാമ്മോദീസാ മുക്കുകയും മാമ്മോദീസാ മുങ്ങുന്നവരെ തല മുതൽ നെഞ്ചുവരെ മാത്രം സ്നാനം കഴിക്കയും ശേഷം ഭാഗങ്ങളെ അശുദ്ധമുള്ളവയെന്ന ഭാവത്തിൽ വിട്ടുകളകയും ചെയ്തുവന്നു. ദൈവത്വത്തിനടുത്തവയിൽ ഒന്നും അവനു മറവായിരിക്കുന്നില്ലെന്നും സകലവും അവന് അറിവുണ്ടെന്നും ദൈവം അവനെ അറിയുന്നപ്രകാരം ദൈവത്തെയും തന്റെ



സ്വഭാവത്തെയും അവനും അറിയുന്നുണ്ടെന്നുംകൂടെ പറവാൻ അവൻ മടിച്ചില്ല.

**25. നാറിയോസ്**

മൂന്നുത്വത്തിന്റെ സ്വഭാവം ഒന്നെങ്കിലും പിതാവു വലിയവനെന്നും പുത്രൻ ഏറ്റം വലിയവനെന്നും ശുദ്ധമുള്ള റൂഹാ വളരെ വലിയവനെന്നും മറ്റു ചില പദവി വ്യത്യാസങ്ങളെ ഇവൻ നിശ്ചയിച്ചു. വചനം ജഡമായിത്തീർന്നെങ്കിലും താൻ എടുത്ത ആത്മാവു സസ്യാദികൾക്കടുത്തതും മൃഗജന്തുക്കൾക്കടുത്തതുമായ ജീവനെ അല്ലാതെ ദൃഢാത്മാവിനെ അല്ല. ബോധം താൻ എടുത്തില്ല. ബോധത്തിനു പകരം ദൈവത്വം ആയിരുന്നു. നമ്മുടെ കർത്താവിന്റെ ശരീരം ആകാശത്തിനടുത്തതത്രെ. തന്റെ സ്വഭാവം കൂടിക്കലർന്നു സമ്മിശ്രപ്പെട്ടതായ ഒരു സ്വഭാവം ആകുന്നു. ഉയിർപ്പിന്റെ ശേഷം ഭക്ഷണവും പാനീയവും വിവാഹവും ഉണ്ട് എന്നീപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചുവന്നു. 1000 മസുമൂറാകളെ ഉണ്ടാക്കി അവ ദാവീദിന്റേതിനേക്കാൾ വിശേഷപ്പെട്ടവയെന്നും പറഞ്ഞിരുന്നു. പുത്രന്റെ മനുഷ്യാവതാരവും മറ്റും സാബലിയോസിന്റെ ഉപദേശപ്രകാരം മൂന്നുത്വത്തിന്റേതായിട്ടു പറഞ്ഞിരിക്കുന്നതായും അവന്റെ ചില കൃതികളിൽ കാണുന്നുണ്ട്.

**26. ഉറഹായക്കാരനായ ഏവുസേബിയോസ്**

സ്വപ്നങ്ങളും പിശാചുക്കളുടെ വ്യാപാരങ്ങളും ശുദ്ധമുള്ള റൂഹായുടെ വെളിപാടുകൾ ആകുന്നു എന്നു പറഞ്ഞുവന്ന വൃദ്ധന്മാരായ ചില ശിഷ്യന്മാർ ഇവനുണ്ടായിരുന്നു. അവരുടെ അടുക്കൽ ചെല്ലുന്നവർ ശുദ്ധമുള്ള റൂഹായുടെ നൽവരങ്ങളെ കൈക്കൊള്ളുമെന്നും അവർ സ്ത്രീകളോടുകൂടെ ഉറങ്ങിയാലും തങ്ങൾ യാതൊന്നും അറികയില്ലെന്നും നാം വഹിച്ചിരിക്കുന്ന ശരീരം യാതൊരു പ്രയോജനവും വരുത്തുന്നതല്ലെന്നും അവർ പറഞ്ഞുവന്നു.

**27. എവുത്തുഖാ**

ഇവൻ ഊലത്തീനോസിന്റെയും അപ്പുലീനോസിന്റെയും വിശ്വാസപ്രകാരമുള്ളവനായി കാണപ്പെട്ടു. വചനമായ ദൈവം കന്യാസ്ത്രീയിൽനിന്നു മനുഷ്യത്വത്തിനടുത്തതായ യാതൊന്നും എടുത്തില്ല. എന്നാലോ താൻ പകരപ്പെട്ടു ജഡമായിത്തീർന്നു. തന്റെ

ശരീരം നമ്മുടെ സ്വാഭാവികപ്രകാരമുള്ളതല്ല, തന്റെ സ്വഭാവം സമ്മിശ്രപ്പെട്ടതും പകരപ്പെട്ടതുമായ ഏക സ്വഭാവം ആകുന്നു എന്നി പ്രകാരം ഒക്കെയും അവൻ പഠിപ്പിച്ചുവന്നു.

**28. ഹഗാഗുകാരൻ യൂലിയാനാ**

നമ്മുടെ കർത്താവിന്റെ ശരീരം ഒന്നിപ്പിന്റെ കാരണത്താൽ ദൈവ സ്വഭാവമായി പകരപ്പെട്ടുപോയി എന്നും അതിനാൽ താൻ നമ്മുടെ സ്വഭാവപ്രകാരമുള്ളവനല്ലെന്നും താൻ ഭൂമിയിൽവച്ചു നിവർത്തിച്ച തായ തന്റെ കഷ്ടാനുഭവം, മരണം മുതലായ സകല വ്യാപാരങ്ങളും മായക്കാഴ്ചയായിട്ടുള്ളതല്ലാതെ സത്യമായിട്ടുള്ളതല്ലെന്നും മറ്റും ഇവൻ പഠിപ്പിച്ചുവന്നു.

**29. ത്രീതീത്തർ**

ഇവൻ മുന്നത്വത്തിൽ മൂന്നു ആളുകളും ഒരു സ്വഭാവവും അല്ല, എന്നാലോ മൂന്നു ആളുകളും ഓരോ ആളിന് ഓരോ സ്വഭാവവും ഉണ്ട്. അതിനാൽ മുന്നത്വം മൂന്നു ആളുകളും മൂന്നു സ്വഭാവങ്ങളും മൂന്നു ദൈവങ്ങളും ആകുന്നു എന്നും പഠിപ്പിച്ചുവന്നു.

**30. സുദൈലെയുടെ പുത്രനായ എസ്തപ്പാനാ**

നിത്യശിക്ഷ ഇല്ല. ശിക്ഷയ്ക്ക് ഒരു അവസാനം ഉണ്ട്. അതിനാൽ ദുഷ്ടന്മാരെ എന്നേക്കും ശിക്ഷിക്കയില്ല. അപ്രകാരംതന്നെ പിശാചു ക്കളോടും കരുണയുണ്ടാകാതിരിക്കയില്ല. അവസാനം സകലവും ദൈവസ്വഭാവത്തിലേക്കു തിരികെ ചേരും എന്നിപ്രകാരം ഇവൻ ഉപദേശിച്ചുവന്നു. ഈ ഉപദേശത്തിന്റെ സ്ഥിരതയ്ക്കായി അവൻ ഒരു പുസ്തകം എഴുതിയുണ്ടാക്കുകയും ശുദ്ധമുള്ളവനായ മാർ ദീവന്നാസ്യോസിന്റെ ഗുരുവായ ഇത്താഹോസ് ഉണ്ടാക്കിയതെന്നു വരുത്തുവാനായിട്ട് അതിനു ഇത്താഹോസിന്റെ പേരു വിളിക്കുകയും ചെയ്തു.

മേൽ വിവരിച്ച വേദവിപരീതികളുടെ വേദവിപരീതങ്ങൾ ഒക്കെയും വിശുദ്ധസഭയുടെ കാതലായ വിശ്വാസത്തിന് എതിരായി ട്ടുള്ളവയത്രെ. ഇവ അവയുടെ ആരംഭത്തിൽ കുറെ ശക്തിപ്പെട്ടു വരികയും അനേകം ആളുകൾ അവരോടു ചേരുകയും ചെയ്തു. എങ്കിലും ഇപ്പോൾ അവ ലോകത്തിൽ കാണപ്പെടുവാൻ ഇല്ലാത്ത



പ്രകാരം ദൈവം അവയെ അശേഷം മൂലനാശം വരുത്തിയിരിക്കുന്നു. നെസ്തോർകാർ, യൌനായക്കാർ, മാറാനായ സുറിയാനിക്കാർ, റഷ്യാക്കാർ, റോമാക്കാർ, ഇംഗ്ലീഷുകാർ മുതലായ സഭക്കാർ മേൽ വിവരിച്ചപ്രകാരമുള്ള വേദവിപരീതങ്ങളിൽ ചേർന്നിരിക്കുന്നവര ല്ലെങ്കിലും മ്ശിഹായുടെ ദൈവത്വം, മനുഷ്യത്വം എന്ന രണ്ടു സ്വഭാ വങ്ങളുടെ ഒന്നിപ്പിലും റൂഹാദക്കുദിശായുടെ പുറപ്പാടിലും മറ്റും ഓരോ വിധം വേദവിപരീതമായ അഭിപ്രായവ്യത്യാസത്തിൽ ഇരിക്കുന്നു. ചിലർ ഈ യോജിപ്പ് ഇഷ്ടത്തിനടുത്തതും വ്യാപാര ത്തിനടുത്തതും ആകുന്നു എന്നും, ചിലർ ക്നൂമായ്ക്കടുത്തതെന്നും, (ആളിന്നടുത്തതു) ചിലർ പർസൂപ്പായ്ക്കടുത്തതെന്നും, (മുഖത്തി ന്നടുത്തതു) ചിലർ തന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർതിരിയാത്തപ്രകാരം ഒന്നിച്ചിരിക്കുന്നു എങ്കിലും രണ്ടു സ്വഭാവ മെന്നു പേർ പറയപ്പെടണമെന്നും, റൂഹാദക്കുദിശാ പിതാവിൽനിന്നു മാത്രമല്ല, പുത്രനിൽനിന്നും കൂടെയത്രേ പുറപ്പെടുന്നതെന്നും, ഇങ്ങിനെ ഓരോ പ്രകാരത്തിൽ ഉപദേശിച്ചുവരുന്നു. എന്നാൽ അർമ്മനായക്കാരും ഇഗുപ്തായക്കാരും കൂശായക്കാരും തങ്ങളുടെ വിശ്വാസരീതിയിൽ ഒക്കെയും സുറിയാനിക്കാരോടു യോജിച്ചിരി ക്കുന്നു.

**സമാപ്തം**